T.S. ~~131~~
296

34

34

T.S. 131
296

രാജാകേശവദാസ്.

ഗ്രന്ഥകർത്താ

ആർ. ഈശ്വരപിള്ള ബി. ഏ.,

പറവൂർ.

പ്രസാധകൻ,

സി. ജി. നീലകണ്ഠപ്പിള്ള,

ഈശ്വരവിലാസം പുസ്തകശാല,

പറവൂർ.

(മൂന്നാം പതിപ്പ്)

കാപ്പി 500.

Price 8 As.] [വില 8 അണ.

1113.

PRINTED AT THE S. G. PRESS, PARUR.

☞ എല്ലാ പുസ്തകങ്ങളിലും ടി. ബുക്ക്ഡിപ്പോ ഉടമസ്ഥൻ സി. ജി. നീലകണ്ഠപ്പിള്ളയുടെ മുദ്ര ഉണ്ടായിരിയ്ക്കും.

TRAINING SCHOOL KOTTAYAM LOWER GRADE

TEXT-BOOK COMMITTEE, TRIVANDRUM.

ആമുഖം.

മഹാന്മാരുടെ യഥാൎത്ഥമാഹാത്മ്യം സാധാരണ യായി ലോകർ ഗ്രഹിക്കുന്നതു് അവർ ലോകരംഗത്തിൽനിന്നു തിരോധാനംചെയ്തു വളരെക്കാലം കഴിഞ്ഞിട്ടാണു്. സമകാലീനന്മാർ സ്നേഹാധിക്യംകൊണ്ടോ ദ്വേഷാധിക്യം കൊണ്ടോ ഉണ്ടാകാവുന്ന പക്ഷപാതം നിമിത്തം അവരുടെ യാഥാൎത്ഥ്യത്തെ ഗ്രഹിക്കുന്നതിനു് അപ്രാപ്തന്മാരായിത്തീരുന്നു. അപരകാലീനന്മാരെ ഈ ദോഷം ബാധിക്കാൻ തരമില്ലല്ലോ. എന്നുതന്നെയുമല്ലാ മഹാന്മാരുടെ പ്രവൃത്തിയുടെ ഫലങ്ങൾ പകപ്പങ്ങളും ആസ്വാദ്യങ്ങളുമായി ഭവിക്കുന്നതിനു കാലദൈൎഘ്യം വേണ്ടിവരുന്നു. അതുനിമിത്തം അനന്തരകാലീനന്മാരാണു് അവയെ പൂൎണ്ണമായി അനുഭവിക്കുന്നതു്. ഇതുനിമിത്തം ഇവൎക്കാണു മഹാന്മാരുടെ ജീവചരിത്രം അറിവാൻ ആഗ്രഹം ജനിക്കുന്നതു്. എന്നാൽ ഈ ആഗ്രഹനിവൃത്തി പല കാരണങ്ങളാലും പലപ്പോഴും സാദ്ധ്യമല്ലാതെ വരുന്നു. മഹാനായ രാജാ കേശവദാസനെപ്പററി നമുക്കിപ്പോൾ ജിജ്ഞാസ തുടങ്ങീട്ടുണ്ടു്. എന്നാൽ ഈ ജിജ്ഞാസോത്ഭവം അല്പം താമസിച്ചുപോയില്ലയോ എന്നാണു സംശയം. നാം അദ്ദേഹത്തിൽനിന്നും ഒരുനൂററിമുപ്പത്തഞ്ചു കൊല്ലം അകലെയാണു സ്ഥിതിചെയ്യുന്നതു്. അദ്ദേഹത്തെ സംബന്ധിച്ചുള്ള കഥകളും ഐതിഹ്യങ്ങളും മററും ഒട്ടുമുക്കാലും ജനങ്ങളുടെ സ്മൃതിപഥത്തിൽനിന്നും തേഞ്ഞുമാഞ്ഞുപോയിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലുള്ള സംഭവങ്ങ

ളെ അദ്ദേഹമാകട്ടെ അക്കാലത്തുണ്ടായിരുന്നവരിൽ ആരെങ്കിലുമാകട്ടെ രേഖപ്പെടുത്തിവച്ചിട്ടില്ല. ഉദ്യോഗജീവിതത്തെപ്പററിമാത്രം വല്ലതും ഉണ്ടെങ്കിലേ ഉള്ളു. അവതന്നെയും ഏറക്കുറെ അപൂൎണ്ണങ്ങളായിട്ടാണിരിക്കുന്നതു്. ഈ സ്ഥിതിക്കു ജീവചരിത്രം എങ്ങനെ എഴുതും? എഴുതാതെ കഴികയുമില്ലല്ലോ. എന്നാൽ എനിക്കു് ഒരു സമാധാനമുണ്ടു്. എനിക്കു മുമ്പു രണ്ടു മഹാന്മാർ ഈ ഖനിയിൽ ശ്രദ്ധാപൂൎവ്വം ഏറക്കുറെ പ്രയത്നിച്ചിട്ടുണ്ടെന്നു കാണുന്നു. മഹാന്മാരായ മിസ്റ്റർ പി. അയ്യപ്പൻപിള്ളയാലും, മിസ്റ്റർ പി. ശങ്കുണ്ണിമേനവനാലും "കൃതവാഗദ്വാര"മായിരിക്കുന്ന ഈ വിഷയത്തിൽ "സൂത്രസ്യേവാസ്തിമേഗതിഃ" എന്നു കവി പറഞ്ഞതുപോലെതന്നെയാണു് എനിക്കും ഗതി. ഈ സമൎത്ഥന്മാരായ ചിത്രകൃത്തുകൾ നിൎമ്മിച്ചിട്ടുള്ള ആലേഖ്യങ്ങളെ ഒരുവിധം പകൎത്തുന്നതിനു മാത്രമേ അല്പപ്രജ്ഞനായ ഞാൻ തുനിയുന്നുള്ളു. എന്നാൽ ചിത്രക്രിയാവിഷയത്തിൽ അശിക്ഷിതത്വം, പോരെങ്കിൽ "വയോതിപാതോൽഗതവാതവേപിത"ത്വമായ ഒരു ഹസ്തംകൊണ്ടു നോക്കി വരയ്ക്കുന്നതിൽ വല്ല ന്യൂനതകളും തെററുകളും സംഭവിക്കുന്നുവെങ്കിൽ അവ ഈ കാരണത്തിന്മേൽതന്നെ ക്ഷന്തവ്യമായിരിക്കുമെന്നും വിശ്വസിക്കുന്നു.

തിരുവിതാംകൂർ ചരിത്രനഭോമണ്ഡലത്തിൽ പ്രകാശിക്കുന്ന ജ്യോതിഷ്കണങ്ങളിൽ ഒന്നായ രാജാകേശവദാസന്റെ ഒരു ജീവചരിത്രമെഴുതിയാൽ കൊള്ളാമെന്നു പലരുടേയും അപേക്ഷയനുസരിച്ചാണു ഞാൻ ഇതെഴുതുവാൻ പുറപ്പെട്ടതു്. വേറേയും ഉദ്ദേശ്യം ഇല്ലെന്നില്ല. മ

ഷാന്മാരുടെ ജീവചരിത്രവുമായിട്ടുള്ള പരിചയംകൊണ്ടു ന മുക്കു വളരെ ഗുണങ്ങൾ ഉണ്ടാവാനിടയുണ്ട്.

"ഓക്കിൽ സൽച്ചരിതത്തിൽനിന്നു പരമാം
സാരംഗ്രഹിക്കാംനമു-
ക്കാക്കും ജന്മമിദം പ്രയത്നമതിനാ-
ലുൽകൃഷ്ടമാക്കാംഭുവി"

എന്നാണല്ലോ ഒരു മഹാകവി പറഞ്ഞിരിക്കുന്നതു്.

സ്വരാജ്യചരിത്രകത്താക്കന്മാരെപ്പററി വല്ലതും ഒക്കെ നാം അറിഞ്ഞിരിക്കേണ്ടതും അത്യാവശ്യമാണല്ലോ. തിരുവിതാംകൂറിൻെറ ആദ്യദിവാനും, പരിഷ്കൃതരാജ്യഭരണത്തിൻെറ മമ്മജ്ഞനും "എല്ലാ മനുഷ്യരും അവരവരുടെ ഉൽക്കഷാപകഷവിധായകന്മാരാണു" എന്നുള്ള തത്വത്തിനു് ഒരു ഉത്തമദൃഷ്ടാന്തവും, സ്വദേശിയും, സ്വദേശാഭിമാനിയും, യഥാത്ഥത്തിൽ വലിയ ദിവാൻജിയുമായ രാജാകേശവദാസൻെറ ചരിത്രപഠനം ഏതു വിഷയത്തിലാണു ഗുണപ്രദവും രസാവഹവുമല്ലാത്തതു്?

ദാരിദ്ര്യത്തിൽ ജനിച്ചും, സ്വല്പമായ വിദ്യാഭ്യാസം മാത്രം ലഭിച്ചും, പലവിധ കഷ്ടതകൾ സഹിച്ചും, സ്വപ്രയത്നം, സ്വകൃത്യബോധം, നീതിനിഷ്ഠ, കുശാഗ്രബുദ്ധി, സ്വാമിഭക്തി ഇവകൾ കൊണ്ടുമാത്രം ലോകത്തിൽ ഉയന്ന പ്രജകളിൽ ഒരാൾക്കു ലഭിക്കാൻ സാധിക്കുന്ന ഏററവും ഉന്നതപദം പ്രാപിച്ച്, സമൃദ്ധിയിങ്കലും അനുദ്ധതനായ ഈ സൽപുരുഷൻെറ ചരിത്രം ആക്കും ഒരു വിശിഷ്ടമായ സാധനപാഠമായിത്തന്നെ ഇരിക്കും. ഏറക്കുറെ ത്യാജ്യ

കോടിയിൽ കിടക്കുന്ന ഈ വിഷയത്തിലേയ്ക്കു വിദ്വാന്മാരുടെ ശ്രദ്ധയെ ആകർഷിക്കുവാൻ സാധിക്കുമെങ്കിൽ ഞാൻ കൃതാൎത്ഥനായി.

"തംസന്തഃശ്രോതുമൎഹന്തിസദസദ്വ്യക്തിഹേതവഃ"

എന്നുള്ള പ്രാൎത്ഥനയോടുകൂടി ഈ പുസ്തകത്തെ നാട്ടുകാരുടെ മുമ്പിൽ സമൎപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകൎത്താവു്.

പ്രസാധകപ്രസ്താവന.

ധീരത, പൗരുഷം, സൂക്ഷ്മജ്ഞാനം എന്നിവ സദാ പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒരു തേജോമയമായ പ്രസ്രവണം തന്നെയാണ് മഹാന്മാർ എന്നു കാർലൈൽ പറഞ്ഞിരിക്കുന്നു. ഇപ്രകാരമുള്ള മഹാന്മാരുടെ ജീവചരിത്രം മലയാളഭാഷയിൽ വളരെ കുറവായിട്ടേ ആവിർഭവിച്ചിട്ടുള്ളു. എന്നാൽ അപ്രകാരമുള്ള മഹാന്മാർ ഭാരതത്തിൽ മാത്രമല്ല, അതിൻെറ തെക്കെ മൂലയായ കേരളത്തിലും അവതരിക്കാതിരുന്നിട്ടില്ല. ഇവരുടെ ജീവിതചര്യയെ അന്വേഷിക്കയും, പഠിക്കയും, വിരചിക്കയും, അനുസരിക്കയും ചെയ്യാത്ത കുറവാണു നമുക്കുള്ളത്.

തിരുവിതാംകൂറിൻെറ ഭൂതകാലചരിത്രം പരിശോധിക്കുമ്പോൾ നമ്മുടെ ആരാധനയെ സവിശേഷം അർഹിക്കുന്ന ഒരു ഉജ്വലനക്ഷത്രമാകുന്നു രാജാകേശവദാസൻ. കുറെ കൊല്ലങ്ങൾക്കുമുമ്പു ഗ്രന്ഥകർത്താവ് എഴുതിയിരുന്ന രാജാകേശവദാസൻെറ ചുരുങ്ങിയ ജീവചരിത്രത്തെ കുറെക്കൂടി നവീനവും .വിപുലവുമായ രൂപത്തിൽ വിരചിച്ചിട്ടുള്ളതാണു പ്രകൃത പുസ്തകം. ഇതിൽ പൂജ്യപാദരായ ഗ്രന്ഥകർത്താവിൻെറ പരിപക്വചിന്തയും, പരിശുദ്ധദേശാഭിമാനവും പലേടത്തും കാണാവുന്നതാണ്. ഈ ഗ്രന്ഥകർത്താവ് 'അർഹിക്കുന്നതു സ്വയം ലഭിച്ചുകൊള്ളും' എന്നുള്ള ആദർശം അക്ഷരംപ്രതി അനുസരിച്ചു ജീവിക്കുന്ന ഒരു മഹാനായതുകൊണ്ടു് അദ്ദേഹത്തിൻെറ ഗ്രന്ഥത്തെക്കുറിച്ചോ സാഹിത്യപരിശ്രമങ്ങളെക്കുറിച്ചോ ഇതിലധികമൊന്നും പ്രസ്താവിക്കാൻ പ്രസാധകനധികാരമില്ല.

എന്നാൽ ഈ പുസ്തകത്തിന്റെ അവകാശം ഗ്രന്ഥകത്താവിന്റെ വാത്സല്യലാളനങ്ങൾക്ക പാത്രീഭൂതമായിട്ടുള്ള 'ഗുരുനാഥൻ'മാസികയ്ക്കും അദ്ദേഹത്തിന്റെ നാമാങ്കിതമായി അതിനോടനുബന്ധിച്ചു നടത്തിവരുന്ന 'ഈശ്വരവിലാസം' പുസ്തകശാലയ്ക്കും അദ്ദേഹം സസന്തോഷം നൾകപ്പെട്ടിരിക്കുന്നു എന്നുള്ള വസ്തുതയും കൃതജ്ഞതയോടുകൂടെ ഇവിടെ പ്രസ്താവിച്ചുകൊണ്ട്, വീരപുരുഷനായ രാജാകേശവദാസന്റെ ഈ ജീവചരിത്രത്തെ സഹൃദയരും ദേശാഭിമാനികളും ആയ കേരളീയരുടെ സമക്ഷം സമപ്പിച്ചുകൊള്ളുന്നു.

പറവൂർ,
113 മിഥുനം 20

പ്രസാധകൻ.

ആർ. ഈശ്വരപിള്ള ബി. ഏ.

രാജാകേശവദാസ്.

തിരുവിതാംകൂർ ചരിത്രം ഏറിയകുറും ഐതിഹ്യ രൂപത്തിലാണു് ഇന്നും ഇരിക്കുന്നതു്. നമ്മുടെ അടുത്തു പിന്നിൽ കിടക്കുന്ന സ്വല്പഭാഗത്തെ ഒഴിച്ചാൽ അതു് മിക്കവാറും ഇരുട്ടടഞ്ഞുമാണു സ്ഥിതിചെയ്യുന്നതു്. എന്നാൽ ഇവിടേയും ഇതസ്തതഃ അപൂർവ്വം ചില ജ്യോതിഷ്കങ്ങളുടെ സാന്നിദ്ധ്യംകൊണ്ടു സ്വല്പം പ്രകാശം ഇല്ലാതില്ല. അവയെ ആവരണം ചെയ്യുന്ന നിരന്തരമായ തിമിരം നിമിത്തം ഇവയെക്കുറിച്ചും നമുക്കു സൂക്ഷ്മജ്ഞാനം ലഭിക്കാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. ഈ അജ്ഞാത പ്രദേശങ്ങളെ ഗവേഷണാദി പരിശ്രമംകൊണ്ടും മററും പ്രദീപ്തങ്ങളാക്കുന്ന ഭാരം തിരുവിതാംകൂറിൻെറ ഒരു സമഗ്ര ചരിത്രം എഴുതുവാൻ തുനിയുന്ന ആളിൽ നിക്ഷിപ്തമായിട്ടാണിരിക്കുന്നതു്. അതു് ആരെന്നിനിയും നിശ്ചയിക്കാറായിട്ടില്ല. എന്നാൽ അവിടവിടെ ഇപ്പോഠം മങ്ങിയെങ്കിലും കാണപ്പെടുന്ന ആസന്നനിർവ്വാണങ്ങളായ ജ്യോതിസ്സുകളെ തിരഞ്ഞുപിടിച്ചു തീരെ കെടാതെ സൂക്ഷിക്കുന്ന ചുമതല ദേശാഭിമാനികളായ നമുക്കെല്ലാവക്കും ഉള്ളതാണു്. ഇങ്ങനെയുള്ള ജ്യോതിസ്സുകളിൽ ഒന്നാണു് രാജാകേശവദാസൻ. ഇദ്ദേഹത്തിൻെറ ജീവിതത്തിൻെറ ഭൂരിഭാഗവും ഇന്നും അന്ധകാരത്തിൽ മറഞ്ഞുകിടക്കുകയാണു്. ഇദ്ദേഹത്തിൻെറ ഒരു ജീവചരിത്രം എഴുതുവാൻ പല ശ്രമങ്ങഠം ഉണ്ടായെങ്കിലും അവയൊക്കെയും വിശ്വസനീയ

ങ്ങളായ തെളിവുകളുടെ അഭാവംനിമിത്തം ഏറെക്കുറെ വിഫലങ്ങളായി പരിണമിക്കയാണുണ്ടായത്. ഈ ലേഖകനും ശ്രമം ചെയ്യാതിരുന്നില്ല. ഫലം മുൻപറഞ്ഞവിധംതന്നെ. എന്നാൽ വീണ്ടും ഈ വിഷയത്തെ അവലംബിച്ചതെന്തിനാണെന്നു പക്ഷേ ഒരു ചോദ്യമുണ്ടാവാം. ലോകത്തിൽ ഭൗതികവസ്തുക്കൾക്കുള്ളതുപോലെ മാനസികമായ വീര്യം, മഹത്വം മുതലായ ഗുണങ്ങൾക്കും മനുഷ്യരുടെമേൽ അസാമാന്യമായ ആകർഷണശക്തിയുണ്ടെന്നുള്ളതിനു സംശയമില്ല. വിദൂരമായ ഭൂതകാലത്തിലാണെങ്കിലും തേജോമയനായി പ്രശോഭിക്കുന്ന ഇദ്ദേഹം നമ്മെയെല്ലവരേയും ആകർഷിക്കുന്നുണ്ടെങ്കിൽ അതിൽ അതിശയിപ്പാനൊന്നുമില്ല. യഥാർത്ഥമഹത്വത്തിന് അതിനുള്ള വശീകരണശക്തിയുണ്ട്. എന്നാൽ ജീവചരിത്രം എഴുതുവാൻ തുനിഞ്ഞ തൂലികയല്ല ഇന്ന് ഈ സ്ഥൂലരേഖ വരയ്ക്കുവാൻ ഭാവിക്കുന്നതെന്ന് ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

"മഹാന്മാർ തങ്ങളെ ശരിയായി വ്യാഖ്യാനിക്കട്ടെ എന്നുള്ള പ്രയാസമേറിയ ജോലിയാണ് ലോകക്ക് വിധിക്കുന്നതു്" എന്നു ഒരു മഹാൻതന്നെ പറഞ്ഞിരിക്കുന്നു. ഇതിൽനിന്നും നാം അനുമാനിക്കേണ്ടതു് ഒരു മഹാശയനെ ലോകക്ക് ഒരിക്കലും പൂർണ്ണമായി മനസ്സിലാക്കാൻ കഴികയില്ലെന്നുള്ള വസ്തുതയാണ്. നാം "മഹാൻ" എന്നും "മഹാനുഭാവൻ" എന്നും ചിലരെ സംബോധനം ചെയ്യുവരുന്നുണ്ടെങ്കിലും അങ്ങിനെ ചെയ്യുന്നതു് അവരുടെ മഹത്വത്തിൻെറ ഏകദേശജ്ഞാനംപോലും ഇല്ലാതെയാണെന്നു വേണം പറവാൻ. അവരുടെ ആശയങ്ങളുടെ വിശാലതയേയൊ ആദർശങ്ങളുടെ ഔൽകൃഷ്ട്യത്തേയൊ ഉദ്ദേശങ്ങളു

ടെ ശുദ്ധിയേയോ ബുദ്ധിയുടെ ആഴത്തേയൊ നാം ഗ്രഹിക്കയോ ഗ്രഹിക്കാൻ ശ്രമിക്കയോ ചെയ്യുന്നില്ല. അങ്ങിനെ ഗ്രഹിക്കയെന്നുള്ളതുതന്നെ ഏറ്റക്കുറെ ദുസ്സാദ്ധ്യമായ കാര്യവുമാണ്. നാം അവരുടെ പ്രവൃത്തികളിൽനിന്നൊ വാക്കുകളിൽനിന്നോ വല്ലതും ചിലതു ഗ്രഹിച്ചു എന്നു വരാം. എന്നാൽ അതു് എത്രയോ തുച്ഛമായിട്ടുള്ള ഒരു ഭാഗം മാത്രമേ ആയിരിക്കുന്നുള്ളു. ഇങ്ങിനെയുള്ള സ്വല്പജ്ഞാനത്തെ ആസ്പദമാക്കി മഹാന്മാരുടെ വില നിർണ്ണയിക്കുന്നതു് അധികവും ശരിയായിരിക്കാനല്ലാ തെററായിരിക്കാനാണിടയുള്ളതു്. അതുകൊണ്ടുതന്നെയാണ് മഹാന്മാരെ വ്യാഖ്യാനിക്കുന്നതു് ഒരു കൃഛ്റപ്രയത്നമാണെന്നു മുൻപ്രസ്താവിച്ചതു്. നമ്മുടെ സമകാലീനന്മാരെ സംബന്ധിച്ചുള്ള വാസ്തവം ഇങ്ങനെയിരിക്കെ നമുക്കു് എത്രയോമുമ്പു ജീവിച്ചിരുന്നവരുടെ കാര്യം പറയണമെന്നില്ലല്ലോ. രാജാകേശവദാസൻ പരേതനായിട്ടുതന്നെ ഇപ്പോൾ 137 കൊല്ലത്തോളം കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ സമകാലീനന്മാരായി ആരുംതന്നെ ഇപ്പോൾ ഉണ്ടായിരിക്കാൻ തരമില്ല. അക്കാലത്തു് അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങളെ രേഖപ്പെടുത്തണമെന്നും ആരും വിചാരിച്ചിരുന്നില്ല. അന്നു് അങ്ങിനെ ചെയ്യുന്ന പതിവുമില്ലായിരുന്നു. രാജ്യത്തേയും ജനങ്ങളേയും സദാ അസ്വാസ്ഥ്യം ബാധിച്ചിരുന്നതിനാൽ ഇതിനു സമയമോ സൌകര്യമോ ഇല്ലാതെയുമിരുന്നു. സ്മാരകരൂപമായി വല്ലതും ഉണ്ടായിരുന്നാൽ അതിനെ നിശ്ശേഷം നശിപ്പിക്കയായിരുന്നു അക്കാലത്തു് വൈരിപക്ഷക്കാരുടെ പ്രധാനകൃത്യം. കേശവദാസൻ ഭാഗ്യവശാൽ ദിവാൻപദംകൂടി പ്രാപിച്ച ആളായിരുന്നതിനാൽ അനുഗാമികൾ അദ്ദേഹത്തിന്റെ ഗൃ

ഹങ്ങളെ ഇടിച്ചുനിരത്തുകയും വസ്തുക്കൾ കണ്ടുകെട്ടുകയും രേഖകൾ ചുട്ടുനശിപ്പിക്കുകയും ശേഷക്കാരെ ഹിംസിക്കുകയുംകൂടി ചെയ്യുകയുണ്ടായി. അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നതായ യാതൊരു ചിഹ്നവും അവശേഷിക്കരുതെന്നായിരിക്കാം അനുഗാമികളുടെ ഉദ്ദേശം. ദിവാൻപദത്തിൽ കണ്ണുവച്ചിരുന്നവർ അന്നും ഒട്ടും കുറവല്ലായിരുന്നു. കക്ഷികളും പ്രതികക്ഷികളും അധികാരലബ്ധിക്കായി ഒളിവായും വെളിവായും പലതും പ്രവർത്തിച്ചുവന്നു. ഇവരുടെ കുസൃതികളുടെ ഫലം തിരുവിതാംകൂർ ചരിത്രത്തിന്റെ പല ഏടുകളും മലീമസമാക്കുക മാത്രമായിരുന്നു. എന്നിരുന്നിട്ടും കേശവദാസൻ ഇന്നും വിസ്മൃതനായിട്ടില്ല. അദ്ദേഹത്തിനോടു സംരംഭയോഗംകൊണ്ടു ബന്ധിച്ചിരുന്നതിനാൽ അദ്ദേഹത്തിന്റെ വൈരികളിൽ ചിലരും വിസ്മൃതരായിട്ടില്ലെന്നുവേണം പറവാൻ. എന്നാൽ ഇവർ രണ്ടുപേരും രണ്ടു വിധത്തിലാണ് സ്മരിക്കപ്പെടുന്നതെന്ന് ഒരു വ്യത്യാസം ഉണ്ട്. രാജാകേശവദാസൻ നവീനതിരുവിതാംകൂറിന്റെ ദേഹളിയിൽ സ്ഥിതിചെയ്യുന്നു. മാർത്താണ്ഡവർമ്മമഹാരാജാവിനുമുമ്പ് തിരുവിതാംകൂർരാജ്യം വളരെ പരിമിതമായ സീമയ്ക്കുള്ളിൽ അടങ്ങിയിരുന്നു. അദ്ദേഹം ചിലപ്പോൾ നയവും ചിലപ്പോൾ ബലവും പ്രയോഗിച്ചു ചുററുമുണ്ടായിരുന്ന അനേകം സാമന്തരാജ്യങ്ങളെ കീഴടക്കി രാജ്യം സാമാന്യം വിസ്തൃതമാക്കി ഇടയ്ക്കിടയ്ക്കുണ്ടായ ആഭ്യന്തരകലഹങ്ങളേയും സ്വഭുജോഷ്മാവുകൊണ്ടു നിശ്ശേഷം നശിപ്പിച്ചു. എന്നാൽ രാജ്യത്തെ സുസംഘടിതമാക്കുന്നതിനും വ്യവസ്ഥാപിതഭരണം ഏർപ്പെടുത്തുന്നതിനും മററും അദ്ദേഹത്തിനു സാധിച്ചില്ല. രാജ്യത്തിന്റെ സുസ്ഥിരങ്ങളായ ആദായമാർഗ്ഗങ്ങൾ വളരെ കുറവായിരുന്നു.

അന്നത്തെ മൈസൂർരാജാക്കന്മാരുടെ ബുഭുക്ഷയും ജിഗീഷയും തിരുവിതാംകൂർ ലാക്കായുമിരുന്നു. ഇംഗ്ലീഷുകാർ, പോർട്ടുഗീസുകാർ, ലന്തക്കാർ മുതലായ വിദേശീയർ രാജ്യത്തിൽ പലയിടത്തും വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിക്കുകയും സഖ്യത സമ്പാദിക്കുകയും ചെയ്യുന്ന വിഷയത്തിൽ ബദ്ധശ്രദ്ധരായി തിരുവിതാംകൂറിലും പ്രവേശിച്ചിരുന്നു. ഇതെല്ലാംകൊണ്ടും അനുഗാമിയായ കാർത്തികതിരുനാൾ മഹാരാജാവുതിരുമനസ്സിലേക്കു ഗൌരവമേറിയതും ശ്രമസാദ്ധ്യവുമായിരുന്ന ഒരു ചുമതലയുണ്ടായിരുന്നു. ഇതിലേയ്ക്കു സമർത്ഥനായ ഒരു ധീസചിവനും അത്യാവശ്യമായിരുന്നു. അന്നു ദിവാനായി വിദേശിയനെ വരുത്തുകയെന്നുള്ള നയമോ അപനയമോ നടപ്പില്ലാതെയുമിരുന്നു. × കാലവും കാലത്തിനു യോജിച്ച കർത്താവും ഉണ്ടായാൽ മാത്രമേ കാര്യങ്ങൾ വിജയകരമായി പരിണമിക്കയുള്ളു എന്നുള്ളതു് ഒരു ശാശ്വതമായ ലോകനിയമമാണു്.× ലോകകാര്യങ്ങളിലും മററും കുഴപ്പങ്ങളും അപജയങ്ങളും നേരിടുന്നതു് ഇവ രണ്ടും ഒത്തുവരാത്തതുകൊണ്ടുതന്നെയാണെന്നു പല രാജ്യങ്ങളും സാക്ഷ്യംവഹിക്കുന്നുണ്ടു്.

ദക്ഷിണതിരുവിതാംകൂർ പുരാതനകാലംമുതൽക്കേ അനേകം യോഗ്യന്മാരെ പ്രസവിച്ച വീരമാതാവായിരുന്നു. ദളവമാരായ ചെമ്പകരാമൻ അയ്യപ്പൻ, ചെമ്പകരാമൻ പത്മനാഭൻ, അയ്യപ്പൻ മാർത്താണ്ഡപിള്ള, വേലുത്തമ്പിദളവാ, ഉമ്മിണിത്തമ്പി ദിവാൻ, നാണുപിള്ള ദിവാൻ മുതലായവർ ദക്ഷിണതിരുവിതാംകൂറിന്റെ വീരസന്താനങ്ങളായിരുന്നു. അവിടത്തെ ഭൂമിയിലും, വായുവിലും, ജലത്തിലും പ്രകൃതിയുടെ അനുഗ്രഹത്താൽ വീര്യാംശം ക്രൂ

ടിയിരിക്കാമെന്നുവേണം വിചാരിക്കാൻ. 904-ാമാണ്ടി ന്നു മുമ്പു രാജധാനിയും ദക്ഷിണതിരുവിതാംകൂറിൽ പത്മ നാഭപുരത്തായിരുന്നു. അന്നത്തെ തിരുവിതാംകൂറിന്റെ സീമയും ഇന്നത്തെപ്പോലെ സുവിസ്തൃതമായിരുന്നില്ല. രാഷ്ട്രീയകാര്യപ്രസക്തിയും അന്നു വല്ലതുമുണ്ടായിരുന്നുവെ ങ്കിൽ അതും അവിടെമാത്രമെ ഉണ്ടായിരിക്കാൻ തരമുള്ളു. രാജ്യത്തിന്റെ ഉത്തരഭാഗങ്ങൾ കീഴടക്കപ്പെട്ടിട്ടധികകാ ലം കഴിഞ്ഞിട്ടില്ലാതിരുന്നതിനാൽ അവിടെനിന്നും മന്ത്രി മാരെ തിരഞ്ഞെടുക്കുന്നതിനു രാജാക്കന്മാൎക്കു് അല്പം സം ശയവും ഉണ്ടായിരുന്നിരിക്കാം. ഈ സചിവസംഘത്തിൽ വച്ചു് ഏററവും ബുദ്ധിമാനും, മന്ത്രവിശാരദനും, രാജഭ ക്തനും ആയിരുന്നു രാജാകേശവദാസൻ. ദക്ഷിണതിരു വിതാംകൂറിന്റെ പൌരുഷാംശം ഇത്രയധികമായും സഫ ലമായും ഇതരന്മാരിൽ പ്രശോഭിച്ചിരുന്നില്ല.

വിളവങ്കോട്ടു താലൂക്കിൽ കുന്നത്തൂർ പകുതിയിൽ മേൽമംഗലം എന്നു് അപ്രസിദ്ധമായ ഒരു ഗ്രാമം ഉണ്ടു്. അവിടെ ക്രാവിളാകം എന്ന ഒരു ചെറിയ വീട്ടിലാണു് കേശവദാസൻ ഉദ്ദേശം 919-ാമാണ്ടിൽ ജനിച്ചതു്. പ്ര കൃതിദേവി തന്റെ അതീതബുദ്ധികളായ അപൂൎവ്വസന്താന ങ്ങളെ അപ്രസിദ്ധിയിലും, ഒളിവിലുമാണു് സാധാരണ ജ നിപ്പിക്കയും വളൎത്തുകയും ചെയ്യാറുള്ളതു്. കേശവദാസ ന്റെ മാതാവു കാളിയമ്മപ്പിള്ളയെന്നു പേരായ സൗഭാഗ്യ വതിയായിരുന്നു. പിതാവു പട്ടാളത്തിൽ ഉദ്യോഗം വ ഹിച്ചിരുന്നതും, വലിയ യജമാനൻ എന്നു വിളിച്ചുവന്നിരു ന്നതുമായ ഒരു യോഗ്യപുരുഷനായിരുന്നു. ഇവർ ഇരുവ രും തങ്ങളുടെ പ്രിയസന്താനത്തെ വാത്സല്യപൂൎവ്വം വള

ത്തിവന്നു. കേശവൻ ഭാവികാലത്തിൽ സുപ്രസിദ്ധനായി ത്തീരുമെന്ന് അവർക്ക് യാതൊരൂഹംപോലും ഇല്ലായിരുന്നു. എങ്കിലും ഈ ശിശുവിൽനിന്നും അവർക്കു ശ്രേയസ്സുണ്ടാകാൻ ഇടയുണ്ടെന്ന് ഒരു അനാസ്പദമായ ആശ അവർക്കില്ലാതേയും ഇരുന്നില്ല. "കിശോരൻ പുരുഷനെ ദ്യോതിപ്പിക്കുന്നു" എന്നുള്ള പഴഞ്ചൊൽ കേവലം നിരർത്ഥകമായിരിക്കാൻ തരമില്ല. മാതാപിതാക്കന്മാർക്കു പ്രഥമസന്താനമായ കേശവനിൽ വല്ല ആശയും ഉണ്ടായിരുന്നുവെങ്കിൽ അതു് അസ്ഥാനത്തിലാണെന്നു പറവാൻ തരമില്ല. എന്നാൽ ഈ ആശ സഫലീകൃതമാകുന്നതു കാണുവാനുള്ള ഭാഗ്യം പിതാവിനുണ്ടായില്ല. കേശവപിള്ള ജനിച്ചു് അധികകാലമാകുന്നതിനു മുമ്പു് ഇദ്ദേഹം തീർത്ഥാടനത്തിനായി കാശിക്കു പോയി. പോകുന്ന സമയം ഈ ബാലനെ ശരിയായി വളർത്തണമെന്നുള്ള ഉപദേശത്തോടുകൂടി കേശവനെ മാതാവിങ്കൽ സമർപ്പിച്ചു. പിതാവു കാശിയിൽവച്ചു മരിച്ചുപോയി. ഇതിനുശേഷം കാളിയമ്മപ്പിള്ള സ്വഗൃഹത്തിലേയ്ക്കു ബാലനേയും കൊണ്ടുപോയി. പിന്നീടു മുൻചിറമഠംവക ക്ഷേത്രത്തിൽ ജോലിയുണ്ടായിരുന്ന തൃപ്പറയാറവുകാരൻ ഒരു നമ്പൂരി കാളിയമ്മപ്പിള്ളയുടെ ഭർത്താവായിഭവിച്ചു. അദ്ദേഹത്തിന് ഒരു പുത്രനും മൂന്നു പുത്രിമാരും ഉണ്ടായി. ഇവരുടെ പേരുകൾ കുമാരൻതമ്പി, താത്തിപ്പിള്ളത്തങ്കച്ചി, ചെമ്പകക്കുട്ടിപ്പിള്ളത്തങ്കച്ചി, നീലമ്പിള്ളത്തങ്കച്ചി എന്നായിരുന്നു. ഇതിൽ ചെമ്പകക്കുട്ടിപ്പിള്ളത്തങ്കച്ചിയുടെ താവഴി ഒഴിച്ചു ശേഷം രണ്ടു താവഴികളും ഇപ്പോഴും ഉണ്ടു്. (പോലീസ്സ് കമ്മീഷണർ ആയിരുന്ന പത്മനാഭൻതമ്പി അവർകളും, ഡാക്ടർ രാമൻതമ്പി അവർകളും താത്തിപ്പിള്ളത്തങ്കച്ചിയുടെ താവഴിയിലും,

ജസ്റ്റിസ് രാമൻതമ്പി അവർകൾ നീലമപ്പിള്ളതങ്കച്ചിയുടെ താവഴിയിലും ഉൾപ്പെട്ടവരാണ്.) കേശവപിള്ള ദിവാനായതിൻെറ ശേഷം മൂന്നു സഹോദരിമാൎക്കും കുന്നത്തൂർ കക്കറുച്ചി, തേവിക്കോട്ട് എന്നീ സ്ഥലങ്ങളിൽ വെവ്വേറെ ഗൃഹങ്ങളും സ്വത്തും ഉണ്ടാക്കിക്കൊടുത്തു. അമ്മയും ഇളയസഹോദരിയും അവരുടെ മരണംവരെ കുന്നത്തൂരുള്ള ഗൃഹത്തിൽ താമസിച്ചുവന്നു. കേശവപിള്ളയ്ക്കു രാമൻ എന്നു് ഒരു മാതുലനും ഉണ്ടായിരുന്നു.

ബാലകനും അപിതൃകനുമായ കേശവനെ അന്നത്തെ നടപ്പനുസരിച്ചു് ഒരു ആശാൻെറ കീഴിൽ വിദ്യ അഭ്യസിപ്പിച്ചു. ഇന്നത്തെപ്പോലുള്ള സൎവ്വകലാശാലാവിദ്യാഭ്യാസവും മററും അന്നില്ലായിരുന്നതിനാൽ കേശവനു ലഭിച്ച വിദ്യാഭ്യാസം വളരെ അപൂൎണ്ണമായിത്തന്നെയിരുന്നു. അയാൾ ബുദ്ധിയും ചൊടിപ്പുമുള്ള ഒരു ബാലനായിരുന്നതുകൊണ്ടു് ആശാനു വലിയ ശ്രമമൊന്നും വേണ്ടിവന്നില്ല. ഗുരുനാഥൻ ആരായിരുന്നാലും ഇപ്രകാരമുള്ള ഒരു ശിഷ്യനെ ലഭിക്കാൻ ഇടയായതു് അദ്ദേഹത്തിൻെറ ഭാഗ്യംതന്നെ. അഞ്ചാറുകൊല്ലംകൊണ്ടു കേശവൻ ആശാനു പഠിപ്പിക്കാവുന്നതെല്ലാം പഠിച്ചുതീൎന്നു. അദ്ദേഹത്തിൻെറ വിദ്യാഭ്യാസത്തിൻെറ പ്രധാനഭാഗം സ്വപ്രയത്നഫലംതന്നെ ആയിരുന്നു എന്നുള്ളതിനു സംശയമില്ല. എന്തുകൊണ്ടെന്നാൽ ആശാന്മാരുടെ ആവനാഴി വളരെ കൃശവും, വിദ്യാഭ്യാസരീതി ഉദ്ദേശ്യശൂന്യവും, ധാരണാശക്തിയെ മാത്രം ഉത്തേജിപ്പിക്കുന്നതുമായിരുന്നു. എങ്കിലും രത്നങ്ങൾക്കു ശോഭ നൽകുന്നതിനു് അല്പം ഉല്ലേഖനം മാത്രം ആവശ്യമായിരിക്കുന്നതുപോലെ ഇദ്ദേഹത്തിൻെറ ബുദ്ധി

വികാസത്തിന്നും ഇത്തരം വിദ്യാഭ്യാസമേ വേണ്ടിയിരുന്നുള്ളു. അസാധാരണബുദ്ധികൊണ്ടു് പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ടവൎക്കു് ഇത്രയൊക്കെയും മതിയായിരുന്നു. പത്തുവയസ്സായതോടുകൂടി കേശവൻ ആശാനോടും, കളരിയോടും യാത്രപറഞ്ഞു പിരിഞ്ഞു. ബുദ്ധിക്കു പുറത്തുനിന്നും സംമൎദ്ദനം എത്രമാത്രം കുറഞ്ഞിരിക്കുന്നുവോ അത്രയും എളുപ്പത്തിൽ അതിനു വികാസം സിദ്ധിക്കുന്നതാണല്ലോ. പ്രകൃതിയുടെ ഉത്സംഗത്തിൽ എന്നപോലെ നാലഞ്ചുകൊല്ലം ആശാന്റെ കീഴിൽ കഴിച്ചുകൂട്ടി. അതിനുശേഷം ഏകദേശം പന്ത്രണ്ടു വയസ്സോടുകൂടി സുവിസ്തൃതമായ ലോകരംഗത്തിൽ പ്രവേശിക്കുന്നതിനു ദാരിദ്ര്യംനിമിത്തം നിൎബന്ധിതനായിത്തീൎന്നു. ഇതുനിമിത്തം കേശവനിൽ സ്വാശ്രയശീലം ബാല്യത്തിൽതന്നെ അങ്കുരിക്കയും വികസിക്കുകയും ചെയ്യുന്നതിനിടയായി. "ദുഃഖടവിദ്യാലയമാണു് ഉത്തമവിദ്യാലയം" എന്നുള്ള ലോകോക്തി എത്രയോ വാസ്തവമായിട്ടുള്ളതാണു്. കേശവനു പിന്നീടുണ്ടായിട്ടുള്ള സകല ശ്രേയസ്സിന്നും ഇതായിരുന്നു പ്രധാന കാരണം. അദ്ധ്യാപകന്മാരുടെ അധീനത്തിൽ പത്തും പന്ത്രണ്ടും കൊല്ലം തന്റെ വ്യക്തിത്വത്തേയും, പുരുഷത്വത്തേയും നശിപ്പിക്കുന്ന ഇന്നത്തെ ഏൎപ്പാടു് എത്രമാത്രം ആശാസ്യമാണെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കേശവന്റെ ഭാഗ്യംകൊണ്ടു് ഇതിനിടയായില്ല. മനുഷ്യർ പലരും അവസരം വരട്ടെ എന്നുപറഞ്ഞു ജീവിതകാലത്തെ വൃഥാ വ്യയംചെയ്യുക പതിവാണു്. എന്നാൽ ലോകത്തിൽ അനവസരങ്ങളേക്കാൾ അവസരങ്ങളാണു് അധികമുള്ളതു്. അവയെ കൈക്കലാക്കി ഉപയോഗപ്പെടുത്താത്ത കുറവേയുള്ളു. ഏതായാലും കളരി വിട്ടതിനുശേഷം കേശവൻ പു

ത്തുക്കടെ ഒരു ചെട്ടിയാരുടെ കണക്കെഴുത്തുവേല സ്വീകരിച്ചു. ഇതു് അദ്ദേഹത്തിൻെറ ഉൽക്കർഷേച്ഛക്കോ, ബുദ്ധിവൈഭവത്തിനോ തക്കതായ ഒരു സ്ഥാനമായിരുന്നില്ല. എങ്കിലും ഇതു് ഉൽക്കർഷത്തിനുള്ള പ്രഥമസോപാനമായി അദ്ദേഹം കരുതി കാൽവെച്ചതാണു്. ആദായം സ്വല്പമായിരുന്നു എങ്കിലും കേശവപിള്ള തൻെറ ജോലി കൃത്യബോധത്തോടുകൂടി ചെയ്തുവന്നു. ഇതുനിമിത്തം ചെട്ടിയാക്കു കേശവപിള്ളയോടു വളരെ തൃപ്തിയുണ്ടായിരുന്നു. ഇങ്ങനെ കുറച്ചുകാലം കഴിഞ്ഞു. ഈ ചെട്ടിയാരുതന്നെ "പോക്കുമൂസ്സാപ്പിള്ള"യെന്നു പേരുള്ള ഒരു ധനികനായ കച്ചവടക്കാരൻെറ കാര്യസ്ഥനായിരുന്നു. ഈ മുതലാളിക്കു കേശവപിള്ളയുടെ ഗൃഹത്തിനടുത്തു് ഏതാനും വസ്തുക്കളും കടകളുമുണ്ടായിരുന്നു. ചെട്ടിയാരുടെ ശുപാർശപ്രകാരം ഉദാരദൾനനും സൽസ്വഭാവിയുമായ കേശവപിള്ളയെ തൻെറ കണക്കെഴുത്തുകാരനായി നിയമിച്ചു. ഇങ്ങനെ കേശവപിള്ളയ്ക്കു് ഒരു കയററം കിട്ടി. കേശവപിള്ളയുടെ കൃത്യനിഷ്ഠയും സത്യസന്ധതയും ഇവിടെയാണു് ആദ്യമായി പ്രകാശിച്ചതു്.

കേശവപിള്ളയുടെ യജമാനനായ മുതലാളി അന്നു രാജ്യംഭരിച്ചിരുന്ന കാത്തികതിരുനാൾ മഹാരാജാവുതിരുമനസ്സിലെ ഒരു ആശ്രിതനായിരുന്നതിനാൽ കൂടക്കൂടെ രാജസന്നിധിയിൽ പോകുക പതിവായിരുന്നു. ഇങ്ങിനെയുള്ള ഒരവസരത്തിൽ മുതലാളി തൻെറ ചെറുപ്പക്കാരനായ കണക്കെഴുത്തുപിള്ളയേയും കൂട്ടിക്കൊണ്ടുപോയി. യാദൃച്ഛികമായി മഹാരാജാവുതിരുമനസ്സുകൊണ്ടു കേശവപിള്ളയെ കാണുന്നതിനിടയായി. കുശാഗ്രബുദ്ധിയായ തിരുമ

നസ്സുകൊണ്ടു് ഈ യുവാവിൻെറ തേജോമയമായ മുഖത്തിൽ അസാധാരണബുദ്ധിശക്തിയേയും, ഭാവിസൌഭാഗ്യത്തേയും വായിച്ചു. യാദൃച്ഛികമായി കിട്ടിയ രത്നത്തെ ഉപേക്ഷിക്കരുതെന്നു വിചാരിച്ചു കേശവപിള്ളയെ മുതലാളിയുടെ അനുമതിയോടുകൂടി കൊട്ടാരത്തിൽ ഒരു ചില്ലറ ജോലിയിൽ നിയമിച്ചു.

കേശവപിള്ള രാജപ്രീതിക്കു പാത്രവാനായതു സംബന്ധിച്ചു വേറെയും ഒരു ഐതിഹ്യമുണ്ടു്. ഒരു തവണ മുതലാളി മഹാരാജാവിനെ മുഖം കാണിക്കുവാൻ പോയപ്പോൾ തൻെറ കണക്കെഴുത്തുകാരനെക്കൂടി കൊണ്ടുപോയിരുന്നു. കച്ചവടക്കാരനും മഹാരാജാവുതിരുമനസ്സുകൊണ്ടും എന്തോ കാൎയ്യങ്ങളെപ്പററി വളരെനേരം സംസാരിച്ചുകൊണ്ടിരുന്നതിനാൽ മുതലാളി മടങ്ങിവരുവാൻ അധികം രാത്രിയായിപോയി. കച്ചവടക്കാരൻ കേശവപിള്ളയെ കാണാഞ്ഞിട്ടോ വിളിക്കേണ്ട എന്നു കരുതിയോ മടങ്ങിപ്പോയി. ഈ സംഭവം നിസ്സാരമായ ഒന്നാണെങ്കിലും കേശവപിള്ളയുടെ ജീവിതത്തിൽ ഒരു തിരിവുഘട്ടമായി ഗണിക്കപ്പെടേണ്ടതാകുന്നു. കേശവപിള്ളക്കു് ഉൽകൃഷ്ടബുദ്ധിശക്തി നൽകിയ ആ ദൈവാനുഗ്രഹംതന്നെ ആ ബുദ്ധിയുടെ സ്വച്ഛന്ദവ്യാപത്തിനുള്ള സൌകൎയ്യവും തുറന്നു കൊടുത്തിരിക്കുന്നു. കച്ചവടക്കാരൻ ഇതിലേക്കായി പ്രകൃതി അവലംബിച്ച ഒരുപകരണം മാത്രമായിരുന്നു. നാം നിസ്സാരങ്ങളെന്നു വിചാരിക്കുന്ന പല സംഗതികളും വാസ്തവത്തിൽ സാരഫലഗൎഭങ്ങളായി പരിണമിക്കുന്നു. ഈ സംഭവം ഉണ്ടായില്ലെങ്കിൽ കേശവപിള്ളയ്ക്കു തിരുമനസ്സിലെ കാണുന്നതിനും ഉന്നതപദം പ്രാപിക്കുന്നതിനും സംഗതിയാകു

മോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇപ്പോഠം തിരു മനസ്സിലെ കരുണയ്ക്കും കേശവപിള്ളയ്ക്കും മദ്ധ്യേ ഒരു ഭിത്തിയും ഒരു രാത്രിയും മാത്രമേ പ്രതിബന്ധങ്ങളുണ്ടായിരുന്നുള്ളൂ. എന്നാൽ കേശവപിള്ള ഇതൊന്നും വിചാരിച്ചിരിക്കാതെ അവിടെ സുഖമായി കിടന്നുറങ്ങി. പ്രഭാതത്തോടുകൂടി തിരുമനസ്സുകൊണ്ടുണന്ന് കേശവപിള്ളയുടെ ഭാവിശ്രേയസ്സിൻെറ കവാടോൽഘാടനമെന്നു തോന്നുമാറ് പള്ളിയറയുടെ വാതൽ തുറന്നു. അപ്പോഠം കണികണ്ടതു് അസ്ഥാനത്തിൽ കിടന്നുറങ്ങുന്ന കണക്കപ്പിള്ളയെ ആയിരുന്നു. കേശവപിള്ള കണികണ്ടതു തിരുമനസ്സിലേയുമാണ്. പ്രഭാതത്തിൽ ഉറക്കമുണന്നാലാദ്യം കാണുന്ന വസ്തുവിൻെറ ഗുണദോഷത്തെ ആശ്രയിച്ചാണ് ആ ദിവസത്തെ അനുഭവം എന്നുള്ള വിശ്വാസം അന്നു പ്രബലമായിരുന്നു. എന്നാൽ ബുദ്ധിമാനായ മഹാരാജാവിനു് ഇപ്രകാരമുള്ള ശങ്ക വല്ലതും ഉണ്ടായിരുന്നോ എന്നു സംശയമാണ്. കേശവപിള്ളയുടെ വേഷം രാജദശനയോഗ്യമല്ലായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ മുഖത്തിൽ പ്രകാശിച്ചിരുന്ന തേജോവിശേഷംകൊണ്ടു സാമാന്യനല്ലെന്നു തിരുമനസ്സിലേക്കു മനസ്സിലായി. ഇദ്ദേഹത്തെ കൊട്ടാരത്തിൽതന്നെ താമസിപ്പിക്കണമെന്നു തീർച്ചയാക്കി. എങ്കിലും രാജസന്നിധിയിൽ അഹേതുകമായി പ്രവേശിച്ചതിനു് അല്പമൊന്നു ഭയപ്പെടുത്തണമെന്നു കരുതി അദ്ദേഹത്തെ വിട്ടയയ്ക്കാതെ സൂക്ഷിക്കണമെന്നു തവണക്കാരനോടു് ആജ്ഞാപിച്ചു. അന്നുതന്നെ യൂറോപ്പിൽനിന്നും വിശേഷസാമാനങ്ങഠം കയററി ഒരു കപ്പൽ തുറമുഖത്തു വന്നുചേന്നു. കപ്പലുകളുടെ വരവ് അപൂവ്വമായിരുന്ന അക്കാലത്തു് ഇതു് ഒരു വിശേഷസംഭവമായിരുന്നു. ഇതു കേശവ

പിള്ളയെ കണികണ്ടതിൻെറ ഫലമാണെന്നും ചിലർ വ്യാഖ്യാനിക്കാതിരുന്നില്ല. തിരുമനസ്സുകൊണ്ടു ഭക്ഷണം കഴിഞ്ഞു്, കേശവപിള്ളയെ വിളിച്ചുവരുത്തി അല്പം സംഭാഷണം ചെയ്തശേഷം തൃപ്തിതോന്നി കേശവപിള്ള കൊട്ടാരത്തിൽതന്നെ താമസിച്ചുകൊള്ളുവാൻ കല്പിച്ചു. ഏറെത്താമസിയാതെ കേശവപിള്ളയ്ക്കു കൊട്ടാരത്തിൽ ഒരു ചില്ലറ എഴുത്തുജോലിയും കൊടുത്തു.

"സത്തുക്കളുടെ മാൎഗ്ഗത്തെ അഭ്യുദയം അനുധാവനം ചെയ്യുന്നു" എന്നുണ്ടല്ലോ. പ്രകൃതി തൻെറ പ്രിയസന്താനങ്ങളെ വളൎത്തുന്ന രീതി ഒന്നു വേറെതന്നെയാണു്. സദാ മാറിൽ ചേൎത്തുകൊണ്ടിരിക്കയല്ല അതു ചെയ്യുന്നതു്. തന്നാൽ ദത്തമായ ബുദ്ധിവൈഭവത്തിൻെറ പൂൎണ്ണവിജയത്തിൽ വിശ്വാസമുള്ളതുകൊണ്ടു് വിസ്തൃതമായ ലോകവീഥിയിൽ ചില ഘട്ടങ്ങളിലേയ്ക്കു് എടുത്തെറിയുകയാണു് ചെയ്യുന്ന പതിവു്. വരരുചി തൻെറ സന്താനങ്ങളോടനുവൎത്തിച്ച നയമാണു് പ്രകൃതിയും അനുവൎത്തിക്കുന്നതു്. "വായുണ്ടെങ്കിൽ പിഴയ്ക്കും" എന്നാണു് അദ്ദേഹത്തിൻെറ വിശ്വാസം. അസാധാരണമായ ബുദ്ധിയുള്ളതുകൊണ്ടു് ഒരിക്കലും പരാജയം സംഭവിക്കയില്ലെന്നായിരുന്നു പ്രകൃതിയുടെ നിശ്ചയവും. കേശവപിള്ളയുടെ രാജ്യസേവനത്തിൻെറ പ്രാരംഭഘട്ടമാണിതു്. ഇങ്ങിനെ നിഷ്പ്രയാസം കേശവപിള്ളയ്ക്കു രാജസേവയ്ക്കു സൌകൎയ്യം ലഭിച്ചു. കേശവപിള്ളയുടെ യഥാൎത്ഥ ജീവചരിത്രത്തിൻെറ പ്രാരംഭം ഇവിടെയാണു്. കേശവപിള്ളയുടെ ഈവിധമായ രാജ്യകാൎയ്യപ്രവേശനം ഇല്ലായിരുന്നുവെങ്കിൽ തിരുവിതാംകൂർ ഇന്നത്തെ സ്ഥിതിയിൽ നിന്നും വളരെ പിന്നോ

ക്കം മാത്രം നില്ക്കുമായിരുന്നു. ഇദ്ദേഹമാണ് രാജ്യനേമി യെ പുരോഗമനമാർഗ്ഗത്തിലേക്ക് ആദ്യമായി ഉരുട്ടിക്കയ റ്റിയതു്. ഇദ്ദേഹം നൽകിയ ചലനശക്തി ഇന്നും അതിനെ മുന്നോട്ടു തള്ളിക്കൊണ്ടിരിക്കുന്നു. ആ നേമിധാനം ഇന്നും നമ്മുടെ കണ്ണുപുടങ്ങളെ വിദൂരവർത്തിയായ മേഘനിർഘോ ഷം പോലെ ഉപചരിക്കുന്നു. നാം ശ്രദ്ധിക്കേണ്ട ആവ ശ്യം മാത്രമേയുള്ളു. അക്കാലത്തു് ഇന്നത്തേപ്പോലെ സ ർവ്വകലാശാലകളും പരീക്ഷകളും ബിരുദദാനങ്ങളും മററും ഇല്ലായിരുന്നു. അതിനാൽ ഇന്നത്തേപ്പോലെ ബുദ്ധിവി കാസത്തിനും ജ്ഞാനസമ്പാദനത്തിനും യോഗ്യത നിർണ്ണ യിക്കുന്നതിനും മാർഗ്ഗമില്ലായിരുന്നു. ഇന്നു കൃത്രിമങ്ങളായ യോഗ്യതകളെയാണു നാം ആദരിക്കുന്നതു്. ബിരുദധാരി കൾ മാത്രം യോഗ്യന്മാരെന്നും മററുള്ളവർ അയോഗ്യന്മാ രുമെന്നാണു ലോകം വിധിക്കുന്നതു്. എന്നാൽ കേശവ പിള്ളയുടെ സർവ്വകലാശാല ലോകവും, വിദ്യാഭ്യാസം ലോ കകാര്യങ്ങളുമായി നേരിട്ടുള്ള സംഘട്ടനവുമായിരുന്നു. ഇ ന്നു യോഗ്യത നിശ്ചയിക്കുന്നതു പരോക്ഷമായ സാക്ഷിപ്പ ത്രം നോക്കിയാണു്. അന്നു പ്രത്യക്ഷനിരീക്ഷണം കൊ ണ്ടു മാത്രമായിരുന്നു. ഇവയിൽ ഏതാണു വാസ്തവമായി പരിണമിക്കുന്നതെന്നു് അനുഭവം കൊണ്ടു മാത്രമേ അറി വാൻ സാധിക്കയുള്ളു. അതുകൊണ്ടു് "ഫലാനുമേയഃ പ്രാ രംഭ" എന്നുള്ള പ്രമാണം വച്ചുവേണം കേശവപിള്ളയു ടെ വിജയാപജയങ്ങളെ നിർണ്ണയിക്കുവാൻ. കേശവപിള്ള പ്രകൃത്യാ ഉത്സാഹശീലനും, ജാത്യാ ബുദ്ധിമാനുമായിരുന്ന തുകൊണ്ടു തന്നെ ചുമതലപ്പെട്ടത്തിയിരുന്ന ജോലി തൃപ്തി കരമാംവണ്ണം നിർവ്വഹിച്ചുവന്നു. കേശവപിള്ളയുടെ സ ർവ്വതോമുഖമായ ബുദ്ധിക്കു കുറച്ചുകൂടി വിസ്തൃതമായ

വ്യാപാരപരിധി ആവശ്യമാണെന്നു് തിരുമനസ്സുകൊണ്ടു 940-ാമാണ്ടിൽ അദ്ദേഹത്തെ കൊട്ടാരം രായസമായി നിയമിച്ചു. ഈ ഉദ്യോഗം ഇന്നത്തെപ്പോലെ ചുമതലയില്ലാത്തതും കേവലം നിസ്സാരവുമായ ഒന്നല്ലായിരുന്നു. അന്നത്തെ രാജ്യഭരണം ഒട്ടുമുക്കാലും മഹാരാജാവിൽതന്നെ കേന്ദ്രീകൃതമായിരുന്നു. ഇന്നത്തെപ്പോലെ അധികാരവിഭജനവും സംഖ്യയില്ലാത്ത ഉദ്യോഗസ്ഥന്മാരും അന്നില്ലായിരുന്നു. അന്നു വിവിധവകുപ്പുകളായി തിരിക്കപ്പെട്ടിരിക്കുന്ന ഭരണകാൎയ്യങ്ങൾ അന്നു മിക്കവാറും മഹാരാജാവിലും തദ്വാരാ പ്രധാനമന്ത്രിയിലും ലയിച്ചിരുന്നു. കൊട്ടാരം രായസം എന്ന സ്ഥാനം ഇന്നത്തെ ചീഫ്സിക്രട്ടറിയോടു തുല്യഭാരവും ഗൌരവവുമുള്ള ഒരു ഉദ്യോഗമായിരുന്നു. ഇതിനും പുറമെ കേശവപിള്ളയെ രാജ്യത്തിൻെറ വാണിജ്യാഭിവൃദ്ധിക്ക വേണ്ട കാൎയ്യങ്ങൾ ആലോചിച്ചു പ്രവൎത്തിക്കുന്നതിനു ചുമതലപ്പെടുത്തിയിരുന്നു. കേശവപിള്ളയാകട്ടെ പുറക്കാട്, കുളച്ചൽ മുതലായ സ്ഥലങ്ങളിൽ നിവസിച്ചിരുന്ന ലന്തക്കാരും അഞ്ചുതെങ്ങിൽ നിവസിച്ചിരുന്ന ഇംഗ്ലീഷുകാരുമായി ഇടപെട്ടു വാണിജ്യരഹസ്യങ്ങളേയും അഭിവൃദ്ധിമാൎഗ്ഗങ്ങളേയും മനസ്സിലാക്കിവന്നു. വന്യവിഭവങ്ങളെ ഇദംപ്രഥമമായി രാജ്യത്തിലെ ആദായമാൎഗ്ഗമാക്കിത്തീൎത്തതും കേശവപിള്ളയുടെ ദൂരദൎശനപരമായ നയത്തിൻെറ ഫലമാണു്. ഇന്നു് വനംവകുപ്പെന്നു പറയുന്ന വലിയ ഭരണവിഭാഗത്തിൻെറ അടിസ്ഥാനമിട്ടതു് ഇദ്ദേഹമാണു്. 943-ൽ കേശവപിള്ളയെ ചുമതലയേറിയ കൊട്ടാരം സമ്പ്രതിയാക്കി കല്പിച്ചു നിയമിച്ചു. ഈ ജോലി ഇരുപതു കൊല്ലത്തോളം പ്രശസ്തമായവിധത്തിൽ ഇദ്ദേഹം വഹിച്ചുവന്നു. ഇതിനിടയ്ക്കു് രാജ്യക്ഷേമത്തെ ലാക്കാക്കി ഇദ്ദേഹം പല

ത്തും പ്രവൎത്തിച്ചുവന്നു. പരിഷ്കൃതഭരണരീതിയെന്നു നാം പറഞ്ഞുവരുന്ന ഭരണസമ്പ്രദായം നടപ്പിലിരിക്കുന്ന ഇക്കാലത്തു നാം തുടരെത്തുടരെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന മന്ത്രിസഭ അല്ലെങ്കിൽ ഭരണസമിതി (Executive Council) യഥാൎത്ഥത്തിൽ വിശാലമനസ്കനായ കാൎത്തികതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു നാമമാത്രരൂപേണയെങ്കിലും പ്രവൎത്തിരൂപേണ ഏൎപ്പെടുത്തിയിരുന്നു എന്നു പറയുന്നതു് അതിശയോക്തിയാണെന്നു വിചാരിക്കരുതു്. സകല കാൎയ്യങ്ങളും തിരുമനസ്സുകൊണ്ടു് രായസം, സമ്പ്രതി, ദളവാ ഈ സഭാംഗങ്ങളുടെ വിദഗ്ദ്ധോപദേശം അനുസരിച്ചു പ്രവൎത്തിച്ചുവന്നു. ഈ തിരുമനസ്സിലെ നയം തുടൎന്നുകൊണ്ടു പോന്നിരുന്നുവെങ്കിൽ ഇന്നു് നമുക്കു പരിഷ്കൃതമായ ഒരു മന്ത്രിസഭ ഉണ്ടായിരിക്കുമായിരുന്നു. എന്നാൽ നിൎഭാഗ്യവശാൽ അടുത്ത പിൻഗാമിയുടെ കാലത്തുണ്ടായ കുഴപ്പങ്ങൾ ഇതിനു് ഒരു വലിയ വിഘ്നമായിത്തീൎന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ഇതുനിമിത്തം നമുക്കു മിക്കവാറും ഹസ്തഗതമായിരുന്ന ഒരു അനുഗ്രഹം നഷ്ടമായിപ്പോയി എന്നുവേണം പറവാൻ. ഈ മന്ത്രിസഭയിൽ കേശവപിള്ളയെ പ്രത്യേകമായി ഭരമേല്പിച്ചിരുന്നതു വാണിജ്യവും സൈനികവുമായ വകുപ്പുകളായിരുന്നു. എങ്കിലും മററു വകുപ്പുകളിലും ഇദ്ദേഹത്തിൻെറ ആലോചനയും ഉപദേശവും ഏററക്കുറെ ഉണ്ടായിരുന്നുവെന്നുവേണം പറവാൻ. ഇദ്ദേഹത്തിനു ബാല്യത്തിൽ തന്നെ കായികാഭ്യാസത്തിലും വ്യായാമത്തിലും താല്പൎയ്യമുണ്ടായിരുന്നു. ഇദ്ദേഹം സൈന്യത്തിൽ ഉണ്ടായിരുന്ന യൂറോപ്യൻ ഉദ്യോഗസ്ഥന്മാരിൽ നിന്നും മുസൽമാന്മാരിൽ നിന്നും യുദ്ധസംബന്ധമായ പല കാൎയ്യങ്ങളും മനസ്സിലാക്കി വന്നു. പലപ്പോഴും ഇവരുടെക്കൂടെ യുദ്ധ

ത്തിനുപോയി പ്രത്യക്ഷജ്ഞാനവും സമ്പാദിച്ചു. ഈസ്റ്റിൻഡ്യാക്കമ്പനി ഒരു കച്ചവടസംഘമായിരുന്നതുകൊണ്ട് അവരിൽനിന്നും വാണിജ്യസംബന്ധമായ പല കാൎയ്യങ്ങളും ഗ്രഹിച്ചു. ഇതുകൊണ്ടെല്ലാം അദ്ദേഹം തൻെറ ജോലി കാൎയ്യക്ഷമമാകുംവണ്ണം നിൎവ്വഹിച്ചുവന്നുവെന്നു പറയേണ്ടതില്ലല്ലോ. 963-ൽ കേശവപിള്ളയെ കൊട്ടാരം സൎവാധിയായും 964-ൽ ദളവയായും നിയമിച്ചു. ഇങ്ങനെ കേശവപിള്ള അന്ന് ഒരു പൌരനു പ്രാപ്യമായിരുന്ന ഏററവും ഉന്നതമായ പദത്തെ ശുപാൎശയോ പരാശ്രയമോ കൂടാതെ തൻെറ കാൎയ്യപ്രാപ്തിയും, കൃത്യനിഷ്ഠയും, ദേശാഭിമാനവും, സ്വാമിഭക്തിയുംകൊണ്ട് അനായാസേന പ്രാപിച്ചു. ഏതൽസ്ഥാനസംബന്ധമായ ചുമതലകളെ അദ്ദേഹം ഏതുവിധം വഹിച്ചുവെന്നും അദ്ദേഹത്തിൻെറ രാജ്യസ്നേഹം എത്രമാത്രം വിജയപ്രദമായി ഭവിച്ചുവെന്നും ചരിത്രംതന്നെ പറയട്ടെ. രായസം, സമ്പ്രതി, സൎവ്വാധി, ദിവാൻ എന്നീ സ്ഥാനങ്ങളിലായി 33 കൊല്ലത്തിലധികംകാലം കേശവപിള്ള തിരുവിതാംകൂറിൻെറ ഭരണവിഷയത്തിൽ സാരമായ ഭാഗം വഹിച്ചിരുന്നു. ഇന്നത്തെ പരിഷ്കൃതതോതുവച്ചു നോക്കുന്നതായാൽത്തന്നെയും കേശവപിള്ള ഒരു സമൎത്ഥനായ രാജ്യതന്ത്രജ്ഞനും ധീസചിവനുമായിരുന്നുവെന്നു കാണാവുന്നതാണ്. എന്നാൽ 160 കൊല്ലങ്ങൾക്കുമുമ്പുണ്ടായിരുന്ന സ്ഥിതിഗതികളെ ഇന്നത്തെ തോതുവച്ചുകൊണ്ടല്ല പരിഗണനം ചെയ്യേണ്ടതെന്നു പറയേണ്ടതില്ലല്ലോ. കേശവപിള്ള പത്തുകൊല്ലം മന്ത്രിപദത്തെ അലങ്കരിച്ചുവെന്നുള്ള വസ്തുത വിചാരിക്കുമ്പോൾ മഹാരാജാവിന് അദ്ദേഹത്തിൽ എത്രമാത്രം തൃപ്തിയും വിശ്വാസവും ഉണ്ടായിരുന്നുവെന്നും നമുക്ക് ഊഹിക്കാം. മാൎത്താണ്ഡവൎമ്മമഹാരാ

ജാവുതിരുമനസ്സുകൊണ്ടു് ഒരു ധീരനായ യോദ്ധാവായിരുന്നതുപോലെ കാൎത്തികതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു് ഒരു ശാന്തനായ ഭരണതന്ത്രജ്ഞനായിരുന്നു. മുൻപറഞ്ഞയാൾ രാജ്യത്തെ സ്വഭുജോഷ്മാവുകൊണ്ടു് സുവിസ്തൃതമാക്കി. അടുത്തയാൾ അതിനെ സ്വഭരണനൈപുണ്യംകൊണ്ടു സുരക്ഷിതമാക്കി. വിജയംകൊണ്ടും വിജയാനന്തരമുണ്ടായ സംഘടനകൊണ്ടും തിരുവിതാംകൂർ പുരോഗമനമാൎഗ്ഗത്തിൽ ആദ്യമായി കാലൂന്നി. എന്നാൽ തിരുവിതാംകൂറിൻെറ ഈ അഭിവൃദ്ധി മററു ചിലരുടെ അസൂയയ്ക്കു പാത്രമായി ഭവിക്കാതെയും ഇരുന്നില്ല.

അചികിത്സ്യമായ ഈ മനോരോഗം ഒരിക്കൽ ബാധിച്ചുപോയാൽ അതു പാരമ്പരാസമ്പത്തായിത്തീരുകയും ചെയ്യും. ദേശകാലങ്ങൾ സകലത്തിൻേറയും വളൎച്ചക്കു് ആവശ്യമെന്നപോലെ തിരുവിതാംകൂറിൻെറ ഭരണഭാസുരകാലം ഈ അസൂയനിമിത്തം ഏതേതു് അനുകൂലപ്രതികൂലങ്ങൾക്കു പാത്രമായി എന്നു ചിന്തിക്കാം.

ഏകദേശം രണ്ടു നൂററാണ്ടുകളോളം സാമ്രാജ്യശക്തി അനുഭവിച്ചിരുന്ന മുഗൾവംശം പതിനെട്ടാംനൂററാണ്ടിൻെറ പ്രാരംഭദശയിൽതന്നെ നാശോന്മുഖമായി ഭവിച്ചു. അതിൻെറ അധഃപതനത്തോടുകൂടി പല പ്രതാപികളായ രാജാക്കന്മാർ ഇൻഡ്യയിൽ രംഗപ്രവേശം ചെയ്തു. മുഗൾസാമ്രാട്ടുകളിൽ അന്ത്യപ്രതാപികൾ ഭരിച്ചിരുന്ന കാലത്തുതന്നെ പുതിയ ഒരു രാജ്യം സ്ഥാപിച്ചു യശസ്തംഭം നാട്ടിയ മഹാരാഷ്ട്രശക്തിയും ഈ നൂററാണ്ടിൽത്തന്നെ നശിച്ചു. ദക്ഷിണഇൻഡ്യയിൽ ഹൈദ്രാബാദ്, കൎണ്ണാടകം, മൈസൂർ, മലബാർ, മഹാരാഷ്ട്രം, അയോദ്ധ്യ എന്നിങ്ങ

നെ പല സ്വാതന്ത്ര്യശക്തികളും ഉത്ഭവിച്ചു വളൎന്നിട്ടുള്ളതും നശിച്ചിട്ടുള്ളതും ഈ കാലത്തുതന്നെയാണു്. ഇതിനിടയിൽ ഫ്റഞ്ചുകാരും ഇംഗ്ലീഷുകാരും കച്ചവടലക്ഷ്യത്തെ പരിത്യജിച്ചു സാമ്രാജ്യസമ്പാദനത്തിൽ ഉത്സുകരായി.

കച്ചവടത്തിനായി വന്ന പാശ്ചാത്യർ മലബാറിലുള്ള രാജാക്കന്മാരെ ആശ്രയിച്ചും അവരുടെ മത്സരങ്ങളിൽ പങ്കുകൊണ്ടും ക്രമേണ അവരെ ആശ്രയഭാവത്തിൽ ആക്കിത്തീൎത്തു. ഈ കാലത്തു് മാൎത്താണ്ഡോദയം തിരുവിതാംകൂറിൽ തെക്കുനിന്നും വടക്കോട്ടേയ്ക്കുണ്ടായി.

അമ്പലപ്പുഴ, വടക്കുംകൂർ മുതലായ രാജ്യങ്ങളെ പിടിച്ചടക്കിയതല്ലാതെ അവയുടെ ഭരണം സുസ്ഥാപിതമല്ലാതിരുന്ന അക്കാലത്തു് ചില രാജാക്കന്മാരും ഇടപ്രഭുക്കന്മാരും അധീശശക്തിയായ തിരുവിതാംകൂറിനോടു നേരിടുവാൻ ഉത്സാഹിച്ചുവന്നു.

ഇക്കാലത്തു് മൈസൂർ വാണിരുന്ന ഒരു രാജവംശത്തെ വഞ്ചിച്ചു കരബലംകൊണ്ടുമാത്രം ചെങ്കോലുയൎത്തി സകല പ്രതാപത്തോടുകൂടി ഹൈദർ ആ രാജ്യം ഭരിച്ചിരുന്നു. സംഗ്രാമധീരനായ ഇദ്ദേഹത്തിന്റെ പേർതന്നെ ഭയത്തിനൊരു പൎയ്യായമായിരുന്നു.

മാൎത്താണ്ഡവൎമ്മമഹാരാജാവും രാമയ്യൻദളവയും ഈ ഇടപ്രഭുക്കന്മാരുടേയും രാജാക്കന്മാരുടേയും ശത്രുതത്തിനുള്ള പ്രതിവിധി ഹൈദരാലിയിൽ സന്ദൎശിച്ചു. നാട്ടിൽ ഉണ്ടായേക്കാവുന്ന ക്ഷോഭശമനത്തിന്നു് ഹൈദരാലിയോടപേക്ഷിച്ചു. അദ്ദേഹം അനുകൂലമായ മറുപടിയും കൊടുത്തു.

തങ്ങൾ തരണംചെയ്യേണ്ടിവരുന്ന രക്തപ്പുഴയുടെ അഗാധതയും, മതദ്വേഷിയുടെ പരാക്രമത്തിൽനിന്നുണ്ടാ യേക്കാവുന്ന മതഭ്രംശവും ക്ഷുബ്ധജനങ്ങളെ സ്തബ്ധരാക്കിത്തീർത്തു. ഹൈദരുടെ ആഗമനം ആവശ്യമില്ലെന്നും വന്നു.

ഇൻഡ്യയിൽ സ്ഥിരപ്രതിഷ്ഠയെ ലാക്കാക്കി ഇക്കാലത്ത് ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും കർണ്ണാട്ടിക്കിനെ രംഗമാക്കിക്കൊണ്ടു യുദ്ധം ആരംഭിച്ചു. ഇംഗ്ലീഷുകാരുടെ പൂർണ്ണവിജയം ഫ്രഞ്ചുകാരുടെ നാശത്തിനു മാത്രമല്ല, കർണ്ണാടകനവാബിനെ സ്വാധികാരത്തിൽ സംരക്ഷിക്കുന്നതിനുകൂടി ശക്തമായിത്തീൎന്നു.

ദക്ഷിണതിരുവിതാംകൂറിൽ കളക്കാട്ടുമുതൽ കന്യാകുമാരിവരെയുള്ള പ്രദേശങ്ങളെ സംബന്ധിച്ചു കർണ്ണാടകനവാബും തിരുവിതാംകൂറും തമ്മിൽ വഴക്കു നടക്കുന്നുണ്ടായിരുന്നു. അതു് ഇംഗ്ലീഷുകാരുടെ മദ്ധ്യസ്ഥതയിൽ തീർന്നു് ഒരു ഉടമ്പടിയും ഉണ്ടായി.

തിരുവിതാംകൂറിൻെറ അപേക്ഷാനുസാരം അതിനെ സഹായിപ്പാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തതു തനിക്കു നഷ്ടഹേതുകമെന്നും അതിനാൽ നഷ്ടപരിഹാരമോ സഖ്യമോ ചെയ്യേണമെന്നും ഹൈദരാലി ആവശ്യപ്പെട്ടു. പ്രബലന്മാരായിത്തീൎന്ന ഇംഗ്ലീഷുകാരുടേയും കർണ്ണാടകനവാബിൻെറയും സഖ്യം സുസ്ഥിരമായി സിദ്ധിച്ചിരുന്നതുകൊണ്ടു ഹൈദരാലിയുടെ ബന്ധത്തെ നിരസിക്കുന്നതിനു തിരുവിതാംകൂർ ധൈര്യപ്പെട്ടു. ഇതു ഹൈദൎക്കു തിരുവിതാംകൂറിനോടു ശത്രുതയ്ക്കുള്ള ആദ്യകാരണമാണു്.

പ്രകൃതിയിൽ ഒന്നുംതന്നെ യദൃച്ഛാസംഭവമെന്നു് വിശ്വസിച്ചുകൂടാ. നിസ്സാരമെന്നു നാം എണ്ണുന്ന ഒന്നുംതന്നെ പ്രകൃതി വിട്ടുകളയുന്നതല്ല. കാരണസാമഗ്ര്യം പരിപക്വദശയിലെത്തുമ്പോൾ കാര്യം അനുകൂലമായോ പ്രതികൂലമായോ പരിണമിക്കുന്നു. ഈ ദശാന്തരം മനുഷ്യബുദ്ധിക്കു് അഗോചരമാകുമ്പോൾ യദൃച്ഛാസംഭവമെന്നും ദൈവേച്ഛയെന്നും വ്യവഹരിക്കുന്നു.

മലബാറിൽ ഉള്ള രാജാക്കന്മാർ യൂറോപ്യന്മാരോടു സഖ്യംചെയ്തു പരസ്പരം മത്സരിച്ചു ബലഹീനന്മാരായ ഈ കാലം—പതിനെട്ടാംനൂററാണ്ടിൻെറ പൂർവ്വാർദ്ധം—മൈസൂരാധിപത്യം വഹിച്ച ഹൈദർ സ്വപ്രതാപത്തെ പടിഞ്ഞാറെത്തീരത്തിൽ സ്ഥാപിപ്പാൻ അവസരം സിദ്ധിച്ചു. സാമൂതിരി മുതലായ രാജാക്കന്മാരെ കീഴ്പ്പെടുത്തിയതിനുശേഷം തിരുവിതാംകൂർ ഒരു പന്തീരാണ്ടിനുമുമ്പു ചെയ്തതെന്നു് അയാൾ വിശ്വസിച്ച വാഗ്ദാനലംഘനത്തെ പ്രതികരിപ്പാൻ ഉറച്ചു.

അന്നു നാടുവാണിരുന്ന കാർത്തികതിരുനാൾ മഹാരാജാവിൻെറ അന്തേവാസിയായ കേശവപിള്ള കൊട്ടാരം സമ്പ്രതിയായി നിയമിക്കപ്പെട്ടിരുന്നു. അന്നത്തെ ദളവ ഗോപാലയ്യൻ അത്ര ശേഷിമാനല്ലായിരുന്നു. എന്നാൽ സർവ്വാധിയായി നിയമിക്കപ്പെട്ട ചെമ്പകരാമൻപിള്ളയും കേശവപിള്ളയും ദളവയുടെ ശേഷിക്കുറവുനിമിത്തമുള്ള ന്യൂനതകളെ പരിഹരിച്ചു. ഈ കയററത്തോടുകൂടി "ഭരണവൽഗ" യഥാർത്ഥത്തിൽ കേശവപിള്ളയുടെ കൈയിൽതന്നെ ആയി എന്നു പറയാം.

ഹൈദരാലിഖാൻ വടക്കെ മലയാളം കൊള്ള ചെയ്തു കൈവശപ്പെടുത്തിയതിന്നശേഷം കൊച്ചീരാജാവിനെ ഭീഷണികൊണ്ടു് സ്വാധീനമാക്കി കപ്പം വാങ്ങിക്കയും ചെയ്തു. തിരുവിതാംകൂർ കൊച്ചിയേപ്പോലെ ഒരു ആധീന രാജ്യമായിരിക്കണമെന്നു ഹൈദർ ആവശ്യപ്പെട്ടു. കൎണ്ണാടകനവാബിൻെറ അധീനത്തിലും ഈസ്റ്റിൻഡ്യാക്കമ്പെനിയുടെ മൈത്രിയിലും വൎത്തിക്കുന്ന കാലത്തോളം മൈസൂറിനോടു സഖ്യംചെയ്യാനൊ, മൈസൂറിൻെറ അധീശഭാവം സമ്മതിക്കുന്നതിനൊ തിരുവിതാംകൂർ ഒരുക്കമില്ലെന്നു ഹൈദൎക്കു കേശവപിള്ള എഴുതി അയച്ചു. ഈ വിവരത്തിനു് ഇംഗ്ലീഷ് കമ്പനിക്കും, നവാബിന്നും തിരുവിതാംകൂറിൽനിന്നും അറിവു കൊടുക്കയും ചെയ്തു. തിരുവിതാംകൂറിൻെറ വടക്കെ അതിരിങ്കൽ ഉള്ള കോട്ട ഉറപ്പിക്കുന്നതിന്നു വേണ്ട ശ്രമങ്ങൾ ചെയ്വാൻ കേശവപിള്ള അങ്ങോട്ടുപോയി. ഈ കാലത്തു മഹാരാഷ്ട്രന്മാർ, ഹൈദ്രബാദ്, നൈസാം, ഈസ്റ്റ്ഇൻഡ്യാക്കമ്പെനി എന്നീ മൂന്നു ശക്തികൾ ചേൎന്നു് ഹൈദരോടു യുദ്ധത്തിനൊരുങ്ങി. പക്ഷെ നൈസാം, മഹാരാഷ്ട്രർ എന്നിവർ സഖ്യത്തിൽ നിന്നൊഴിഞ്ഞതുകൊണ്ടു് ഇംഗ്ലീഷ്കാർതന്നെ ഈ ഭാരം വഹിക്കേണ്ടിവന്നു. 1769-നു് 944-ൽ കമ്പനിക്കാർ മദ്രാസിൽവച്ചു് ഒരു ഉടമ്പടിമൂലം ഒന്നാമത്തെ മൈസൂർ യുദ്ധം അവസാനിപ്പിച്ചു. അതിൽ ഹൈദർ തിരുവിതാംകൂറുമായി ഒരു ഇടപാടും ചെയ്തുകൂടാ എന്നൊരു വ്യവസ്ഥകൂടി ഉണ്ടായിരുന്നു.

ഹൈദരുടെ സത്യസന്ധതയെപ്പററി തിരുമനസ്സിലേയ്ക്കു വലിയ സംശയമുണ്ടായിരുന്നു. ഇതിനിടയ്ക്കു വലിയ സൎവ്വാധി മരിച്ചു. "മല്ലൻ ചെമ്പകരാമൻ" എന്നൊ

രാളെ ആ ഒഴിവിൽ നിയമിക്കുകയും ചെയ്തു. ഈ സ്ഥാനം കേശവപിള്ളയ്ക്കു് അവകാശപ്പെട്ടതായിരുന്നു. പക്ഷെ അന്നു് അതു സിദ്ധിച്ചില്ല. എങ്കിലും പിന്നിൽനിന്നു് എല്ലാക്കാര്യങ്ങൾക്കും ചലനശക്തിയും ആലോചനാശക്തിയും പ്രദാനം ചെയ്തിരുന്നതു കേശവപിള്ളതന്നെ ആയിരുന്നു.

1774-ൽ 949-ൽ ഹൈദർ മലബാറിനെ വീണ്ടും ആക്രമിച്ചു. രാജ്യസമ്പാദനത്തിനും പുറമെ സ്വമതപ്രചരണവുംകൂടി ഹൈദരുടെ ലക്ഷ്യമായിരുന്നതുകൊണ്ടു സാമൂതിരി തുടങ്ങിയ രാജാക്കന്മാരും മററു പലരും തിരുവിതാംകൂറിനെ അഭയംപ്രാപിച്ചിരുന്നു. രാഷ്ട്റപ്രതിക്ഷി ആയിരുന്ന ഹൈദരെ ഈ കൃത്യം കോപാന്ധനാക്കി. തിരുവിതാംകൂറിനെ ആക്രമിക്കുവാൻ ഒരു വലിയ സൈന്യത്തെ സജ്ജീകരിച്ചു ഹൈദർ തെക്കോട്ടു പുറപ്പെടുവാൻ ഉറച്ചു. അന്നു തിരുവിതാംകൂറിൻെറ വടക്കേ അതിരിൽ ഡച്ചുകാരുടെവക കോട്ട ഉണ്ടായിരുന്നു. മാവേലിക്കര ഉടമ്പടിമൂലം ഡച്ചുകാർ തിരുവിതാംകൂറിൻെറ ബന്ധുവായിരുന്നതുകൊണ്ടു് ആ വഴിയെ വരുന്നതു സുസാധകമല്ലെന്നു കണ്ടു് ഹൈദർ കൊച്ചീരാജ്യംവഴി (വടക്കുകിഴക്കൻ) തിരുവിതാംകൂറിനെ ആക്രമിപ്പാനുറച്ചു. ഹൈദരെ പ്രതിരോധിക്കുന്നതിനുവേണ്ട ഒരുക്കങ്ങളെല്ലാം ഇവിടെ ചെയ്തിട്ടുണ്ടായിരുന്നു. അന്നത്തെ സേനാനിയായിരുന്ന ഡിലനായിക്കു സുഖമില്ലാതിരുന്നതിനാൽ വലിയ സർവാധിയും കേശവപിള്ളയും കൂടിയാണു ഈ കാര്യങ്ങൾ നിർവ്വഹിച്ചതു്.

ഹൈദരുടെ ന്യായരഹിതമായ ഈ പ്രവൃത്തിയെക്കുറിച്ചു മഹാരാജാവു് മദ്രാസ്, ബോംബേ ഈ സ്ഥലങ്ങളിലെ ഗവർണർമാക്കെഴുതി അയച്ചു. മദ്രാസ് ഗവമെൻറു് ഉടനെ ഹൈദരോടു യുദ്ധമാരംഭിച്ചു. അന്നു തിരു

വിതാംക്രൂർസൈന്യം ഹൈദരോടു പോരാടുവാൻ കേശവപിള്ളയുടെ നേതൃത്വത്തിൽ വടക്കോട്ടുപോയിരുന്നു. കോഴിക്കോട്ട്, പാലക്കാട്ട്, തിരുനൽവേലി എന്നീസ്ഥലങ്ങളിൽ ഇംഗ്ലീഷ്സേനാധിപന്മാരുടെ നേതൃത്വത്തിൽ പ്രശംസാർഹമായി ധീരതയോടും സാമർത്ഥ്യത്തോടും ഇവർ യുദ്ധം ചെയ്തു.

യുദ്ധം അവസാനിക്കുന്നതിനു മുമ്പ് ഹൈദരാലി മരിച്ചു. ഇദ്ദേഹത്തിൻെറ പുത്രൻ സിംഹാസനാരോഹണം ചെയ്തു യുദ്ധം തുടൎന്നു. പക്ഷെ ഏറെത്താമസിയാതെ മംഗലാപുരത്തുവച്ചു നടന്ന ഉടമ്പടിമൂലം രണ്ടാംമൈസൂർ യുദ്ധം അവസാനിച്ചു. ഈ ഉടമ്പടിയിലും തിരുവിതാംക്രൂറിനുവേണ്ട രക്ഷകൾ വ്യവസ്ഥ ചെയ്തിരുന്നു. അടുത്ത ഏതാനും കൊല്ലം യാതൊരു കലാപവുമില്ലാതിരുന്നതുകൊണ്ടു രാജ്യപരിഷ്കാരത്തിൽ മഹാരാജാവിൻെറ ശ്രദ്ധ സവിശേഷം പതിഞ്ഞു.

"പ്രതിഷ്ഠാലാഭത്താൽ അറുതിവരും ഔത്സുക്യം" എങ്കിലും "അധിഗതമായ അൎത്ഥത്തിൻെറ ഭരണം അതിക്ലേശോപേതവു"മാണ്. ലോകചരിത്രത്തിൽ ഏതദ്ധ്യായത്തിലും ഈ തത്വം തെളിഞ്ഞുകാണുന്നുണ്ടു്. വിജിഗീഷുക്കളിൽ സാധാരണ ഉണ്ടാകുന്ന രാജ്യതൃഷ്ണ ശോഭനഭരണത്തെ ലക്ഷ്യമാക്കുന്നില്ല. അതിനാൽ സാമ്രാജ്യസ്ഥാപകന്മാർ ജീവിച്ചിരിക്കുമ്പോൾ തന്നെയോ അടുത്തോ അതിൻെറ ശൈഥില്യവും സംഭവിക്കും. മരണശയ്യാവലംബിയായി കിടക്കുന്ന രാമയ്യനോടു മഹാരാജാവിങ്ങനെ പറഞ്ഞുവത്രേ. "അങ്ങയുടെ എന്താവശ്യത്തേയും നിറവേററുവാൻ ഞാൻ സന്നദ്ധനാണ്, അതുകൊണ്ടു വേണ്ടതു

പറഞ്ഞുകൊള്ളൂ.” “കൊച്ചി കിടയ്ക്കലെ, കൊച്ചി” എന്നായിരുന്നു ഉൗർദ്ധ്വന്നുമുമ്പുണ്ടായ മറുപടി. ഈ രാജാവും ആ മന്ത്രിയും കുറച്ചുകൂടി ദീർഘായുസ്സായിരുന്നുവെങ്കിൽ കൊച്ചിയല്ല, മലബാർ കൂടി ആക്രമിച്ചു സ്വരാജ്യവിസ്തൃതി വരുത്തുമായിരുന്നു.

രാമവർമ്മമഹാരാജാവിന്റെ ഭരണസാമർത്ഥ്യം—ജനക്ഷേമത്തെ മാത്രം മുൻനിറുത്തിയുള്ള ഭരണം—934-നു ശേഷം ഒരു ദീർഘകാലം നിലനിന്നില്ലെങ്കിൽ പത്മനാഭാപ്പ്ണംകൊണ്ടും തിരുവിതാംകൂറിന്റെ സുസ്ഥിതി അസാദ്ധ്യമാകുമായിരുന്നു. മാർത്താണ്ഡവർമ്മമഹാരാജാവിനു രാമയ്യൻ എങ്ങിനെ വലംകൈയ്യായിരുന്നുവോ അതുപോലെതന്നെ രാജ്യക്ഷേമൈശ്വര്യങ്ങൾക്ക രാമവർമ്മ മഹാരാജാവിനു കേശവപിള്ള അന്തഃകരണവുമായിരുന്നു.

രണ്ടാംമൈസൂർ യുദ്ധാനന്തരമുണ്ടായ വിശ്രമാവസരം കൊട്ടാരത്തിൽ ഇരുന്നു് അമിതസുഖാനുഭവങ്ങൾക്കായി ആ തിരുമേനി വ്യയം ചെയ്തില്ല. ദേശാടനം, അതുതന്നെ പുണ്യക്ഷേത്രങ്ങളിലേയ്ക്കായാൽ ഐഹികാമുഷ്മികങ്ങളായ ഫലങ്ങൾക്ക സംഗതിയാകുമല്ലൊ. ഈ ഉദ്ദേശത്തോടുകൂടി രാമേശ്വരത്തേയ്ക്കു് എഴുന്നെള്ളി. ഈ വിവരത്തിനു് ഇംഗ്ലീഷുകമ്പനിക്കാൎക്കും നവാബിനും എഴുതി അയച്ചിരുന്നു. വഴിക്ക വേണ്ട സൗകര്യങ്ങളെല്ലാം സിദ്ധിച്ചതിനുപുറമെ രണ്ടു കൂട്ടരും മഹാരാജാവിന്റെ അകമ്പടിസേവനത്തിനു് ഏതാനും ഭടന്മാരേയും നിയോഗിച്ചിരുന്നു. ഇതരരാജ്യങ്ങളിൽ അനുകരണീയങ്ങളായി വല്ലതുമുണ്ടെങ്കിൽ അവയെ സൂക്ഷിക്കുന്നതിനു മഹാരാജാവിനു നാലു കണ്ണുകളാണുണ്ടായിരുന്നതു്. കേശവപിള്ളകൂടി തീൎത്ഥാ

ടനത്തിനുണ്ടായിരുന്നതിനാലത്രെ ഈ ഭാഗ്യം തിരുമേനിക്കു സിദ്ധിച്ചതു്.

തീർത്ഥസ്നാനവും കഴിഞ്ഞു തിരിച്ചെഴുന്നള്ളിയ തിരുമേനിക്കു രണ്ടുമൂന്നുകൊല്ലം സമാധാനമായിത്തന്നെ ഭരിപ്പാനിടകിട്ടി. പ്രജാക്ഷേമപ്രയോജകങ്ങളായ പല കാൎയ്യങ്ങളിലും ഒന്നൊന്നായി ശ്രദ്ധ പതിപ്പിച്ചു. നാഞ്ചിനാട്ടിൽ ജലദൗർലഭ്യംകൊണ്ടു പലപ്പോഴും കൃഷിപ്പിഴ വരാറുണ്ടായിരുന്നു. അതിനു ജലസംഭരണം ചെയ്തു ആവശ്യംപോലെ വിതരണവും നടത്തിയാൽ ഈ ദോഷം പരിഹരിക്കാമെന്നുകണ്ടു് അതിനുവേണ്ട വ്യവസ്ഥകൾ ചെയ്തു. ജനങ്ങളുടെ സഞ്ചാരത്തിനുവേണ്ട സൌകൎയ്യം ഉണ്ടാക്കിയാൽ സാധനവിനിമയത്തിനുംകൂടി അതു സഹായിക്കുന്നതാണല്ലോ. കച്ചവടത്തിനും സംസൎഗ്ഗത്തിനും ഇടവരുന്നതുകൊണ്ടു ജനങ്ങളിൽ ലോകവിജ്ഞാനവും സഹകരണബുദ്ധിയും വളരുന്നതാണു്. ഇതിനുംപുറമെ സാമ്രാജ്യദുർമ്മോഹംകൊണ്ടു മദാന്ധരുടെ വിക്രിയകളെ തടയേണ്ടതും പ്രജാക്ഷേമപ്രതീക്ഷിയായ ഒരു രാജാവിന്റെ കടമയാണു്. ഇങ്ങിനെ നാനാമുഖങ്ങളായ ഉപയോഗത്തിനു് അത്യന്താപേക്ഷിതമായിട്ടുള്ളതു ഗതാഗതസൗകൎയ്യമത്രെ. ഇതിനായി തോവാളമുതൽ പറവൂർവരെ രാജവീഥികൾ വെട്ടിച്ചു. അതിനും പുറമെ അഞ്ചൽഡിപ്പാർട്ടുമെന്റു പരിഷ്കരിച്ചു.

ദളവയായിരുന്ന രാമയ്യൻ തൊള്ളായിരത്തി അറുപത്തിമൂന്നിൽ മരിച്ചു. 'കൃഷ്ണൻ ചെമ്പകരാമ'നെ ദളവാസ്ഥാനത്തേക്കു കയററംചെയ്തു. തൽസ്ഥാനമായ സൎവ്വാധിപാദം കേശവപിള്ളയ്ക്കും കിട്ടി. ദളവയായി നിയമിക്കപ്പെട്ട കൃഷ്ണൻ ചെമ്പകരാമൻ ജോലിക്കു സമൎത്ഥനായിരു

ന്നില്ലെങ്കിലും ആ സ്ഥാനത്തുനിന്നും ചെയ്യേണ്ട ജോലികളെല്ലാം കേശവപിള്ളതന്നെ പ്രശംസനീയമാംവണ്ണം നിവ്വഹിച്ചു. ജോലിക്കുള്ള ശേഷിക്കുറവിനെ സഹാകരണബുദ്ധികൊണ്ടും സ്വാമിഭക്തികൊണ്ടും സവിശേഷം നടത്തുന്ന കേശവപിള്ളയാണ് അവകാശിയെങ്കിലും ദീഘകാലം തന്നെ സേവിച്ചിരുന്ന ഒരുവൻെറ അവകാശത്തെ വിഗണിക്കത്തക്കവണ്ണം മഹാരാജാവു ഹൃദയശൂന്യനായിരുന്നില്ല. അവിടത്തെ നീതിതല്പരതയുടെ ഗതി ഇങ്ങനെ ഒരു മാറ്റത്തിൽക്കൂടിയായിരുന്നു.

സവ്വാധി ഉദ്യോഗം വഹിച്ചുകൊണ്ടു ദളവാപദത്തേക്കൂടി സവിശേഷം നോക്കിയിരുന്ന കാലത്താണു കേശവപിള്ളയുടെ പ്രതിഭയ്ക്കു് ഉത്തേജനം സിദ്ധിച്ചതു്. ഇതുവരെ ചെയ്തിരുന്നജോലികളൊന്നും അദ്ദേഹത്തിൻെറ മസ്തിഷ്കത്തിനു ചൂടുപിടിപ്പിക്കുന്നതായിരുന്നില്ല. ശാണഘഷണംകൊണ്ടാണല്ലോ രത്നം ശോഭിക്കുന്നതു്. വിഷമങ്ങളെ നേരിടുകയും തരണം ചെയ്കയും ചെയ്യുന്ന ഒരുവൻെറ ബുദ്ധി ഇവയിൽ ചിരാഭ്യസിതമായാൽ കമ്മകുശലമായി പരിണമിക്കുന്നതാണ്.

തിരുവിതാംകൂറിൻെറ ഭാവി ക്ഷേമോന്മുഖമായി പ്രയാണംചെയ്യുന്നതിന് ആവശ്യങ്ങളായ മാറ്റങ്ങളേതെന്നും അവയിൽ സുഖസഞ്ചരണം ചെയ്യേണ്ടതെങ്ങനെയെന്നും സുശിക്ഷിതമായ ഒരു നിർദ്ദേശം രൂപീകരിക്കുന്നതിൽ കേശവപിള്ളയുടെ ശ്രദ്ധ ഗാഢമായി പതിഞ്ഞു.

ആക്കാട്ട് ഹൈദ്രാബാദ് ഇവ രണ്ടും കണ്ണാടകയുദ്ധത്തോടുകൂടി ഇംഗ്ലീഷുകാരുടെ ബന്ധുത്വം വരിച്ചു. പ്ലാസിയുദ്ധത്തോടുകൂടി ബങ്കാളം ആജ്ഞാവശംവദനായ ഒ

ദ നവാബിന്റെ കീഴ്പ്പെട്ടു. ഇതരശക്തികളുടെ ബാധയിൽ നിന്നു രക്ഷ നേടുവാൻ അയോദ്ധ്യയും ഇംഗ്ലീഷുകാരോടു സഖ്യം ചെയ്തു. മഹാരാഷ്ട്രന്മാരുടെ ഇടയിൽ സിംഹാസനവഴക്കുനിമിത്തം രണ്ടായി പിരിഞ്ഞ രണ്ടുകൂട്ടരും ഇംഗ്ലീഷുകാരെ ആശ്രയിച്ചു. രണ്ടു യുദ്ധങ്ങളും ഇരുകക്ഷികൾക്കും വലിയ ഹാനി ഒന്നുംകൂടാതെ സമാപിച്ചു. എങ്കിലും മൈസൂർ അധിപനായ ടിപ്പു സാമ്രാജ്യദുർമ്മോഹത്തിൽ നിന്നു വിരമിച്ചിട്ടുണ്ടായിരുന്നില്ല. അതിനും പുറമെ തിരുവിതാംകൂറിനോടുള്ള പൂർവ്വവിരോധത്തിന് ഇതുവരെയും ശാന്തിയും വന്നിരുന്നില്ല.

കേശവപിള്ളയുടെ നവീനമായ ഒരു പന്ഥാവിനെ അനുഗമിച്ച് രാജ്യശ്രേയസ്സു സമ്പാദിക്കുന്നതിന് ഈ ഭൂതകാലചരിത്രത്തിൽ കണ്ണോടിച്ചിട്ടുവേണ്ടിയിരുന്നു.

റഗുലേററിംഗ് ആക്ട് 1774-ൽ ഇൻഡ്യയിൽ നടപ്പായി. ഇൻഡ്യയിൽ കമ്പനിയുദ്യോഗസ്ഥനായിരുന്ന് ഇവിടത്തെ സ്ഥിതിഗതികളെ സ്വരാജ്യക്കാരുടെ ശ്രേയസ്സിന് അനുരൂപമാംവണ്ണം രൂപീകരിക്കാൻ വേണ്ട നയങ്ങൾ അഭ്യസിച്ച വാറൺഹേസ്റ്റിംഗ്സിനു പുത്തനായി വന്ന ചില ഇംഗ്ലീഷുകൗൺസിലേഴ്സിനോടു പോരാടേണ്ടി വന്നിട്ടുണ്ട്. എങ്കിലും സുശോഭനഫലം ഹേസ്റ്റിംഗ്സിന്റെ പ്രവൃത്തിയിലെന്നു കണ്ടിട്ട് അധികൃതന്മാരും അനുമോദിക്കതന്നെയാണുണ്ടായത്.

അടുത്ത് ഇൻഡ്യയെ ഭരിപ്പാൻ ഇവിടെ എത്തിയ ഗവർണ്ണർ ജനറൽ കാറൺവാലിസ് പ്രഭുവായിരുന്നു. ഇദ്ദേഹം അന്നു ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന പിററിന്റെ ഒരു സ്നേഹിതനുമത്രേ. കമ്പനിക്കാരുടെ കച്ചവട

ബുദ്ധിയെ അതിലംഘിച്ചും ചിലതുചെയ്യാൻ ഇദ്ദേഹത്തിനധികാരമുണ്ടായിരുന്നു.

ഈ വിധത്തിൽ ഏറെത്താമസിയാതെ ഒരു സാമ്രാജ്യസ്വരൂപണം ഇംഗ്ലീഷുഭരണംകൊണ്ടു സാധിക്കുമെന്നു തന്നെ കേശവപിള്ള ദീർഘദർശനം ചെയ്തു. അതിനാൽ ഉൽക്കർഷോന്മുഖമായിരിക്കുന്ന ഒരു ശക്തിയുമായിട്ടുള്ള സഖ്യം ദൃഢീകരിക്കുന്നതു് തിരുവിതാംകൂറിൻെറ രക്ഷയ്ക്കും ശ്രേയസ്സിനും ആവശ്യമാണെന്നു് അദ്ദേഹം കണ്ടു. മദ്രാസ്സിലും മററു സ്ഥലങ്ങളിലുമുള്ള കമ്പനി ഉദ്യോഗസ്ഥന്മാരുമായി കേശവപിള്ള എഴുത്തുകുത്തുകൾമൂലം പരിചയം സമ്പാദിച്ചു. അനന്തരപ്രവൃത്തികളിലെല്ലാം കേശവപിള്ള ഈ ഉദ്ദേശത്തെ മുൻനിറുത്തികൊണ്ടാണു് അനുഷ്ഠിച്ചതെന്നു് സൂക്ഷിച്ചാൽ അറിയാവുന്നതാണു്. അദ്ദേഹം ഇതു സാധിച്ചുവോ എന്നു വഴിയെ അറിയാം.

പറവൂർ, ആലങ്ങാട്ടു് എന്നീ പ്രദേശങ്ങൾ കൊച്ചീരാജാവിൻെറ വകയായിരുന്നു. സാമൂതിരി കൊച്ചിയെ ആക്രമിക്കുന്നതിനൊരുങ്ങിയ കാലത്തു കൊച്ചി തിരുവിതാംകൂറിൻെറ സഹായം അർത്ഥിച്ചു. പ്രതിഫലമായി ഈ രണ്ടു താലൂക്കുകളും തിരുവിതാംകൂറിലേക്കു വിട്ടുകൊടുത്തു. ഇതു രാമവർമ്മമഹാരാജാവിൻെറ കാലത്തായിരുന്നു. 963-ാമാണ്ടു ശാന്തമായിരുന്നതുകൊണ്ടു മഹാരാജാവു നാടൊട്ടുക്കു നടന്നു സ്ഥിതിഗതികളറിയണമെന്നുറച്ചു. ആലുവായിൽ എത്തിയപ്പോൾ അവിടുത്തെ ഭൂപ്രകൃതി മഹാരാജാവിനെ ആകർഷിച്ചു. ആറിൻെറ കിടപ്പും അതിനു ദേവസാന്നിദ്ധ്യംകൊണ്ടു സിദ്ധിച്ച പുണ്യതീർത്ഥപദവിയും മഹാരാജാവിനെ കുറച്ചുനാൾ അവിടെ താമസിപ്പിക്കുന്നതിനു പ്രേരിപ്പിച്ചു. ഋതുഭേദംകൊണ്ടു ദേ

ഹസ്ഥിതിക്കുണ്ടാകാവുന്ന മാററങ്ങളെ പരിഹരിപ്പാൻ സുഖവാസസ്ഥലം അപേക്ഷിതവുമാണല്ലോ.

മഹാരാജാവു ജനപ്രീതിയും ആരോഗ്യവും ഒരേ കാലത്തുതന്നെ സാധിക്കുന്നതിന് ആലുവായിൽ കുറച്ചുനാൾ താമസിച്ചു. അക്കാലത്ത് രാജയോഗ്യമായ ഒരു യാഗം നടത്തുവാനുറച്ചു. ഒട്ടനവധി ധനവ്യയമുള്ള ഈ യാഗം കേശവപിള്ളയുടെ സാമർത്ഥ്യംകൊണ്ടു അന്നു നിർവ്വിഘ്നമായി നടന്നു. വൈദികബ്രാഹ്മണരെക്കൊണ്ടു ശുഭമായി കർമ്മം ചെയ്യിച്ച് അവർക്ക് വലിയ ദക്ഷിണയ്ക്കും പുറമെ ഉചിതഗൃഹങ്ങൾ പണിയിച്ചു ഭൂദാനവും ചെയ്തു. ഇന്നു 'ദേശം' എന്നു പറയുന്ന സ്ഥലം അന്നു നമ്പൂതിരിമാർക്ക് ദാനം ചെയ്ത പ്രദേശമാണ്. ഇന്നും അവിടെ മനകളുടെ നഷ്ടശിഷ്ടങ്ങളും ആചാരങ്ങളുടെ അവശിഷ്ടങ്ങളും കാണ്മാനുണ്ടു്. മഹാരാജാവ് 'അവഭൃതസ്നാനം' കഴിഞ്ഞു് ഒരുവിധം കൃതകൃത്യനായിട്ട് മാവേലിക്കരയ്ക്ക് എഴുന്നള്ളി അവിടെ കുറച്ചുകാലം താമസിച്ചു. അന്നു ദളവാ ഉദ്യോഗത്തിന് ഒഴിവുവന്നു. ഈ ഉദ്യോഗത്തിനു വളരെമുമ്പുതന്നെ അർഹനായിരുന്ന കേശവപിള്ളയെ തന്നെ നിയമിച്ചു. 964-ാമാണ്ടു് കന്നിമാസം 8-ാംതീയതി വിജയദശമിദിവസമാണു കല്പിച്ചു നീട്ടുകൊടുത്തതു്. ഇരുപത്തു സംവത്സരക്കാലം പല ജോലികളിൽ പ്രവർത്തിച്ചു പഴക്കവും അധികൃതന്മാരുടെ പ്രീതിയും സമ്പാദിച്ച കേശവപിള്ള ദളവാസ്ഥാനം കൈയ്യേററു. ഈ പദപ്രാപ്തിക്ക് അനല്പമായ ആശയോ അക്ഷമയോ പ്രദർശിപ്പിക്കാതെ മഹാരാജാവിൻെറ തൃപ്തിയെ മാത്രം അവലംബമാക്കിയാണ് കേശവപിള്ള കഴിഞ്ഞിരുന്നതു്. കേശവപിള്ളയെക്കുറിച്ചു മഹാരാജാവിന് അത്യന്തം വാത്സല്യവും വി

ശ്വാസവുമുണ്ടായിരുന്നെങ്കിലും അനുചിതമായ ഒരു ഉദ്യോഗക്കയററം മററുള്ളവരുടെ അവകാശം വിഗണിച്ചു കേശവപ്പിള്ളയ്ക്കു കൊടുത്തില്ല. മഹാരാജാവു ഈ കാര്യങ്ങളിൽ കൃത്യനിഷ്ഠയും, കേശവപിള്ള ക്ഷമയും ദീക്ഷിച്ചിരുന്നു എന്നു തെളിയുന്നുണ്ടു്.

ഇതുവരെ തിരുവിതാംകൂർമന്ത്രിമാർക്കുള്ള സ്ഥാനപ്പേർ ദളവ എന്നായിരുന്നു. ഇതു മറെറങ്ങും നടപ്പില്ലാതിരുന്നതുകൊണ്ടു പേരൊന്നു മാറണമെന്നു കേശവപിള്ളയ്ക്കു തോന്നാതിരുന്നില്ല. എങ്കിലും സ്വാഭിപ്രായംപോലെ മാററുന്നതു് ഔദ്ധത്യമായേക്കുമോ എന്നു ശങ്കിച്ചു് ഇംഗ്ലീഷ്കാരായ സ്നേഹിതന്മാരുടേയും നവാബിൻെറ ഉദ്യോഗസ്ഥന്മാരുടേയും അഭിപ്രായം ഇതിനായി ക്ഷണിച്ചു. അവരുടെ ഐകകണ്ഠ്യനയുള്ള അഭിപ്രായം 'ദിവാൻ' എന്നു മാററണമെന്നായിരുന്നു. ഈ വിവരം മഹാരാജാവിനെ അറിയിച്ചു. അദ്ദേഹം സസന്തോഷം ഈ അഭിപ്രായത്തോടു യോജിക്കുകയും കേശവപിള്ളയെ ദിവാൻപദംകൊണ്ടു അലങ്കരിക്കയും ചെയ്തു. ഇപ്പോഴും തിരുവിതാംകൂർ മന്ത്രിപദം അലങ്കരിക്കുന്നതു് ഈ പേർകൊണ്ടുതന്നെയാണല്ലോ. മഹാരാജാവിൻെറ ഭക്തവാത്സല്യവും രാജ്യതന്ത്രനൈപുണ്യവും ആകുന്ന മനോദർപ്പണത്തിൽ കേശവപിള്ളയുടെ നിർവ്യാജസ്വാമിഭക്തിയും അശ്രാന്തപരിശ്രമവും പ്രതിബിംബിച്ചപ്പോൾ ഉല്ക്കർഷേച്ഛയുടെ പാരമ്യനില മന്ത്രിപദമായി പരിണമിച്ചു. ആ സ്ഥാനലബ്ധി അന്യാവകാശഹാനികൂടാതെ പ്രാപ്തമായി എന്നതു് അത്യന്തം ചാരിതാൎത്ഥ്യജനകവുമാണു്.

പല താഴ്ന്നതരം ഉദ്യോഗങ്ങളിലിരുന്നു സിദ്ധിച്ചിട്ടുള്ള പരിചയവും പ്രതിഭാശാലിയായ മഹാരാജാവി

ൻെറ ഉപദേശവും ജന്മനാ കുശാഗ്രബുദ്ധിയായ കേശവപിള്ളയുടെ നിസ്തന്ദ്രതയും ഏകകാലത്തു പ്രവത്തിച്ചിരുന്നതുകൊണ്ടു് ദിവാൻപദം കേശവപിള്ളയ്ക്കു ഒട്ടുംതന്നെ ഭാരമായിത്തോന്നിയില്ല. ഇവിടെ അദ്ദേഹം എങ്ങനെ ശോഭിച്ചിരുന്നുവെന്നു തിരുവിതാംകൂറിൻെറ അപരചരിത്രം വിശദീകരിക്കുന്നതാണു്.

കേശവപിള്ള മന്ത്രിപദം പ്രാപിച്ചു് അധികകാലം കഴിയുന്നതിനുമുമ്പുതന്നെ 'മൈസൂർ മൃഗാധനൻ' എന്ന അപരനാമംകൊണ്ടു് അറിയപ്പെട്ടുന്ന ടിപ്പുസുൽത്താനിൽനിന്നും അസാമാന്യമായ ഉപദ്രവങ്ങൾ തിരുവിതാംകൂറിനു നേരിട്ടു. വദ്ധിച്ചുവരുന്ന ഐശ്വയ്യവും പുഷ്ടിയും ദുഷ്ടലക്ഷണമായ അസൂയയ്ക്കു് അസഹ്യമാണല്ലോ. പരരാട്ടുകളുടെ പ്രഭാവപ്രതാപങ്ങൾ സാമ്രാജ്യദുർമ്മോഹത്തിനും അസഹിഷ്ണുതയെ നൾകുന്നതിൽ ആശ്ചയ്യമെന്തുള്ളു? ടിപ്പു മലബാർതീരത്തെ ഒന്നൊന്നായി കീഴടക്കി. ഇന്നു ടിപ്പുവിൻെറ അധികാരസീമ കൊച്ചീരാജ്യാതിത്തിവരെ വ്യാപിച്ചിരുന്നു. അവശേഷിച്ചിട്ടുള്ള തിരുവിതാംകൂറിനെക്കൂടി സ്വാധികാരത്തിൽ വരുത്തുവാൻ ടിപ്പുവിനു പലവിധ പ്രലോഭനങ്ങളും പ്രേരകമായിത്തീന്നിരുന്നു.

963-ൽ ടിപ്പു മലയാളത്തെ ആക്രമിച്ചു് വലിയ നാശങ്ങൾ ചെയ്തു. മഹമ്മദീയരല്ലാത്തവക്കു രണ്ടുവിധം വരങ്ങളാണു ടിപ്പു നൽകിയിരുന്നതു്. ഇവ "വെട്ടേററു മരിക്കയോ ഇസ്ലാം വിശ്വസിച്ചു സുഖിക്കയോ" എന്നായിരുന്നു. വടക്കൻദിക്കുകളിൽനിന്നു പല രാജാക്കന്മാരും ഇടപ്രഭുക്കന്മാരും തിരുവിതാംകൂറിനെ അഭയംപ്രാപിച്ചു. ജന്മിമാരായ പല ആഢ്യബ്രാഹ്മണരും 'ചേലയിൽ ചേരുന്നതി

നുള്ള വൈമനസ്യംകൊണ്ടും ജീവിതത്തിലുള്ള മോഹം കൊണ്ടും തിരുവിതാംകൂറിനെ ശരണീകരിച്ചു. അധപഗന്മാർ ഛായാവൃക്ഷത്തെ അഭയം പ്രാപിക്കുന്നതു് സാധാരണമല്ലേ. ഔദാര്യത്തേയും ആഭിജാത്യത്തേയും അശേഷവും കൈവെടിയാതെ അഥിതികളെ യഥായോഗ്യം സ്വീകരിച്ചു പല സ്ഥലങ്ങളിലായി പാർപ്പിച്ചു. തിരുവിതാംകൂറിന്റെ ഈ പ്രവൃത്തി ടിപ്പുവിനു നീരസമായിത്തീൎന്നു. എന്നാൽ ഉടനടി തിരുവിതാംകൂറിനോടു യുദ്ധത്തിനു പുറപ്പെടുന്നതുകൊണ്ടു മറെറാരു ശത്രുവിനേക്കൂടി രംഗപ്രവേശം ചെയ്യിച്ചേക്കുമെന്നു ടിപ്പു ഭയപ്പെട്ടു. അതിനാൽ മറെറാരു നയം സ്വീകരിപ്പാൻ ടിപ്പു ഉറച്ചു. മലബാറിലുള്ള മററു രാജ്യങ്ങളെല്ലാം തനിക്കധീനപ്പെട്ടിരിക്കുന്നതുകൊണ്ടു ശേഷിച്ച തിരുവിതാംകൂറിന്റെ മൈത്രി ഭരണസൗകൎയ്യത്തിനു ആവശ്യമെന്നും അതിനാൽ അങ്ങനെ ഒരു ബന്ധം വ്യവസ്ഥിതമായാൽ കൊള്ളാമെന്നു തനിക്കിച്ഛയുണ്ടെന്നും ടിപ്പു തിരുവിതാംകൂറിനെ അറിയിച്ചു.

മഹാരാജാവും കേശവപിള്ളയും ഈ സന്ദേശത്തിന്റെ ആന്തരാൎത്ഥത്തെ സവിശേഷം ഗ്രഹിച്ചു. മൈസൂർ ആധിപത്യത്തോടു ബന്ധുഭാവനയേ തിരുവിതാംകൂർ വരിച്ചിട്ടുള്ളു. പക്ഷെ അതു് ഉടമ്പടിമൂലം വ്യവസ്ഥാപിക്കുന്നതിൽ അല്പം ചില വൈഷമ്യങ്ങളുണ്ടു്. ഇംഗ്ലീഷ്കാരോടും നവാബിനോടും അങ്ങനെ ഒരു സഖ്യം മുമ്പേതന്നെ ചെയ്തുപോയിട്ടുള്ളതുകൊണ്ടു് ഈ സഖ്യം അവരോടു് ആലോചിച്ചതിനുശേഷം ചെയ്യേണ്ടതാണു്. അങ്ങനെയുള്ള ആലോചനയുടെ ഫലം അനുകൂലമെങ്കിൽ വിവരം അറിയിച്ചുകൊള്ളാമെന്നു് ഒരു പ്രതിസന്ദേശം അയച്ചു.

ഈ സന്ദേശപ്രതിസന്ദേശങ്ങളുടെ വിവരം തിരുവിതാംകൂറിൽനിന്നും മദ്രാസിലേക്കയച്ചുകൊടുത്തു. ടിപ്പുവിൻെറ കുടിലതന്ത്രങ്ങളെ നല്ലപോലെ ധരിച്ചിരുന്ന മഹാരാജാവ് ഇത്രയുംകൊണ്ടു മാത്രം തൃപ്തിപ്പെടാമെന്നുറച്ചിരുന്നില്ല. തിരുവിതാംകൂറിൻെറ വടക്കേ അതിരു സുരക്ഷിതമാക്കേണ്ടതെന്നുറച്ചു കേശവപിള്ളയെ അതിനായി നിയോഗിച്ചു.

കേശവപിള്ള പറവൂരെത്തി കയ്യാപ്പിള്ളിയിൽ ഒരു കോട്ട പണി ആരംഭിച്ചു. അതിവേഗത്തിൽ അതിൻെറ പണി തീർത്ത് 'വെട്ടിയ കോട്ട' എന്നു നാമകരണവും ചെയ്തു. ആഭിജാത്യംകൊണ്ടും പ്രമാണികത്വംകൊണ്ടും പ്രഥമസ്ഥാനത്തെ അർഹിച്ചിരുന്ന ഒരു നായർതറവാട് കയ്യാപ്പിള്ളിക്കു സമീപമുണ്ടായിരുന്നു. അതു് പറവൂർ രാജാവിൻെറ ഉയന്ന ഉദ്യോഗംകൊണ്ടു പ്രശസ്തി നേടിയതായിരുന്നു. പറവൂർ തിരുവിതാംകൂറിനോടു ചേത്തിട്ടും ആ തറവാടു പ്രശസ്തരീതിയിൽത്തന്നെ കഴിഞ്ഞുകൂടി. കേശവപിള്ള കോട്ട പണിയിക്കാൻ വന്നിട്ട് ഇവരുടെ മഠത്തിലാണു് താമസിച്ചിരുന്നതു്. തിരുവിതാംകൂറിൽ യാതൊരു മൂലധനമോ ഇതര പേഴിച്ചാലുകളോ കൂടാതെ സ്വപ്രയത്നംകൊണ്ടു മാത്രം ധനാഢ്യനായ ഒരു മാന്യൻ ഈ തറവാട്ടിലെ ഇന്നത്തെ കാരണവരുമാണു്. ഈ വീടിൻെറ പേർ 'ഒതുമ്പൻകാട്ട്' എന്നാണു്. കേശവപിള്ള ഇവിടെനിന്നും മാധവിപ്പിള്ള എന്നൊരു സ്ത്രീയെ വിവാഹംചെയ്തിരുന്നു. അവരെ വൈക്കത്തു് ഒരു വീടുപണിയിച്ചുകൊടുത്തു് അവിടെ താമസിപ്പിക്കയാണുണ്ടായതു്. ഇന്നും ആ വീട് അവിടെയുണ്ടു്. പടിഞ്ഞാറെ മഠം എന്നത്രെ ആ വീട്ടുപേർ.

ഈ കോട്ടയ്ക്കു പുറമെ കയ്യാപ്പിള്ളിമുതൽ കിഴക്കു മലവരെ ഒരു മൺകോട്ടയും കേശവപിള്ളയുടെ ശ്രമത്തിൽ പണികഴിപ്പിച്ചു. ഇതിനു നെടുങ്കോട്ട എന്നാത്രെ പേർ. നെടുങ്കോട്ടയുടെ അവശിഷ്ടങ്ങൾ ഇന്നും അങ്ങിങ്ങായി കാണ്മാനുണ്ട്. ഇപ്പോൾ ഒരിടത്ത് ആ കോട്ടയുടെ സമീപത്തു "ടിപ്പുവിന്റെ കോട്ട" എന്നെഴുതിവച്ചിരിക്കുന്നതിന്റെ അർത്ഥം എന്താണെന്നുതന്നെ മനസ്സിലാകുന്നില്ല.

ഇത്രമാത്രംകൊണ്ടു രാജ്യം സുരക്ഷിതമായി എന്നോ ഇതു കണ്ട് ടിപ്പു പിന്നൊഴിയുമെന്നോ മഹാരാജാവ് വിശ്വസിച്ചില്ല. കേശവപിള്ളയുമായി ആലോചിച്ച് ഒരു സൈന്യസംഭരണം ചെയ്യണമെന്ന് അവിടന്നുറച്ചു.

തിരുവിതാംകൂർ സൈന്യങ്ങളെ പുതിയരീതിയിൽ യുദ്ധക്രമം അഭ്യസിപ്പിക്കുന്നതിനും അവരുടെ നേതൃത്വം വഹിക്കുന്നതിനും നാല് ഇംഗ്ലീഷുദ്യോഗസ്ഥന്മാരേയും പന്ത്രണ്ടു സർജന്റന്മാരേയും അയച്ചുകൊടുക്കണമെന്ന് അന്നു മദ്രാസ് ഗവർണർ ആയിരുന്ന സർ ആർച്ചിബാൾഡ് ക്യാംബലിനോടപേക്ഷിച്ചു. എന്നാൽ സ്വാർത്ഥപരന്മാരായ ഇംഗ്ലീഷ്കാരുടെ ഇടയിൽ നയജ്ഞനുംകൂടി ആയിരുന്ന ഗവർണർ ഇങ്ങനെയാണു മറുവടി അയച്ചതു്. കമ്പനിവക ഉദ്യോഗസ്ഥന്മാരെ ഇപ്രകാരം അയച്ചുകൊടുക്കുന്നതു ഞങ്ങളുടെ ഇന്നത്തെ നയത്തിനു വിരോധമാണെന്നും എന്നാൽ തിരുവിതാംകൂറുമായുള്ള നിലയ്ക്കു രണ്ടോ മൂന്നോ പട്ടാളവകുപ്പിനെ വടക്കേഅതിർത്തിയുടെ സംരക്ഷണത്തിന് അയച്ചുകൊടുക്കാമെന്നും അതിനു കമ്പനിയുടെ

ചില വ്യവസ്ഥകളെ അനുസരിച്ചാൽ മാത്രം മതിയെന്നും അതിൽ പ്രസ്താവിച്ചിരുന്നു. ഭംഗിയിൽ അയച്ച ഈ മറുപടിയുടെ സാരം മഹാരാജാവിനും ദിവാനും നല്ലപോലെ മനസ്സിലായി. എങ്കിലും രാജ്യരക്ഷയ്ക്കു് ഇപ്രകാരമുള്ള ഒരു ഏപ്പാടു തൽക്കാലം ആവശ്യമെന്നു തോന്നിയതിനാൽ അപ്രകാരം സമ്മതിച്ചു.

ക്യാപ്ടൻ നാക്സിൻെറ നേതൃത്വത്തിൽ രണ്ടു കാലാൾപട്ടാളം വടക്കേ അതിരിങ്കൽ കയ്യാപ്പിള്ളിക്കോട്ടയിൽ താമസിച്ചു. ഇതോടുകൂടി ജോജ്ജ് പൗനി എന്ന ഒരു സിവിൽ ഉദ്യോഗസ്ഥനേക്കൂടി പ്രതിനിധിസ്ഥാനത്തിൽ തിരുവിതാംകൂറിലേക്കയച്ചു. ഇദ്ദേഹത്തെ തിരുവിതാംകൂറിലെ ഒന്നാമത്തെ റസിഡണ്ടെന്നു പറയാം.

തിരുവിതാംകൂറിനെ സംരക്ഷിതരാജ്യമെന്നു് എണ്ണുവാൻ സംഗതിയാക്കിയ ഒന്നാമത്തെ കമ്മം ഇതുതന്നെയാണു്. ഈ ഏർപ്പാടു് എടയ്ക്കിടെ വ്യവസ്ഥാഭേദങ്ങളോടെ പുതുക്കിയും, പരിഷ്കരിച്ചും, ബലപ്പെടുത്തിയും സൃഷ്ടിച്ച ഒരു ഉടമ്പടിയാണു് ഇന്നും നിലവിലിരിക്കുന്നതു്.

സാമ്രാജ്യശക്തിയിലേയ്ക്കു ത്വരിതപ്രയാണം ചെയ്യുന്ന ഒരു ശക്തിയാണു് ഇന്നത്തെ ഈസ്റ്റിൻഡ്യാകമ്പനി. പരസ്പരം അസൂയാകലുഷമായ വീക്ഷണംകൊണ്ടു നാശത്തിലേയ്ക്കുതന്നെ നാട്ടുരാജ്യങ്ങൾ ഗമിക്കുന്നുമുണ്ടു്. ഈ അവസരത്തിൽ നാടിനെ രക്തപങ്കിലമാക്കാതെ കഴിക്കുന്നതു് ഒരു വിധത്തിൽ ന്യായീകരിയ്ക്കത്തക്കതുതന്നെ.

ടിപ്പു, കൌശലപ്രയോഗംകൊണ്ടു തിരുവിതാംകൂർ കീഴടങ്ങുന്നതല്ലെന്നു കണ്ടു്, അല്പം സ്വരം മൂപ്പിച്ചുതുട

ങ്ങി. വടക്കേ മലയാളത്തിൽനിന്നും ഓടിപ്പോന്ന തിരുവിതാംക്കൂറിൽ താമസിച്ചുവരുന്ന പ്രഭുക്കന്മാരേയും മററും വിട്ടുകൊടുക്കണമെന്നു രസ്ഡ്റപ്രതീക്ഷിയായ ടിപ്പു മഹാരാജാവിനോടാവശ്യപ്പെട്ടു. എന്നാൽ തിരുമനസ്സുകൊണ്ടു് ഇപ്രകാരം പ്രവത്തിക്കാൻ ഒരുക്കമില്ലായിരുന്നു. തന്നെ അഭയംപ്രാപിച്ചവരെ വിട്ടുകൊടുക്കുന്നതു രാജധമ്മമല്ലെന്നും അവക്കു മടങ്ങിപ്പോകുന്നതിനു മനസ്സുള്ളപക്ഷം അങ്ങിനെ ചെയ്യുന്നതിനു തനിക്കു വിരോധമില്ലെന്നും ടിപ്പുവിനു് എഴുതി അയച്ചു. ടിപ്പുവിനു് ഈ മറുപടി ഒട്ടും രസിച്ചില്ല. അടുത്തു വേറെ ഒരു ഉപായം ടിപ്പു പ്രയോഗിച്ചുനോക്കി. പറവൂരും ആലങ്ങാട്ടും കൊച്ചി രാജാവിൻെറ വക ആയിരുന്നുവല്ലോ. അവ രണ്ടും തിരിച്ചുകിട്ടുവാൻ ആവശ്യപ്പെടണമെന്നു കൊച്ചിയെ ടിപ്പു നിർബന്ധിച്ചു. സത്യലംഘനം വിഹിതമല്ലെന്നും കാരണവന്മാർ ചെയ്തതു മറിച്ചുചെയ്യുന്നതു സ്വരൂപത്തിനു ആക്ഷേപമാണെന്നും കൊച്ചീരാജാവു മറുപടി പറഞ്ഞു. ടിപ്പു തിരുവിതാംക്കൂറിനോടു നേരിടുക എന്നായി. കൊച്ചീരാജ്യം തൻെറ കീഴിലാണെന്നും ആ രാജാവിനു സ്വന്തസ്ഥലം മറെറാരാൾക്കു കൊടുപ്പാൻ അവകാശമില്ലെന്നും അതിനാൽ പറവൂരും ആലങ്ങാട്ടും തിരിയെ വിട്ടുകിട്ടണമെന്നും ആവശ്യപ്പെട്ടു.

ഈ രണ്ടു സ്ഥലങ്ങളും തിരിച്ചുകിട്ടുവാൻ ആവശ്യപ്പെടേണ്ടതു കൊച്ചീരാജാവാണെന്നും അല്ല ടിപ്പുവിനാണു് അധീശത്വമെങ്കിൽ അതു സിദ്ധിക്കുന്നതിനു മുമ്പുതന്നെ ഈ സ്ഥലം തിരുവിതാംക്കൂറിൻെറ കൈവശത്തിലാണെന്നും മറുപടി കൊടുത്തു. ശത്രുത്വം യുദ്ധാപരിധിയോളം അടുത്തു.

ഏതു വിധവും ടിപ്പുവുമായി ഒരു യുദ്ധം വേണ്ടി വരുമെന്നു തിരുവിതാംക്കൂറും ഉറച്ചു. ഇക്കാലത്തു ഡച്ചു കാരുടെ ശക്തി ഇവിടെ തീരെ ക്ഷയിച്ചിരുന്നു. ആയിക്കോട്ടയും കൊടുങ്ങല്ലൂർ കോട്ടയും അവരുടെ വകയായിരുന്നു. ഇവ രണ്ടും വിററുകളയാമെന്നൊരാലോചന അവരുടെ ഇടയിൽ ഉണ്ടായി. ടിപ്പുവിൻെറ ആക്രമണം ഉണ്ടാകുന്നുവെങ്കിൽ അതു വടക്കൻ വഴി ആകുവാനേ തരമുള്ളു. അതു കൊണ്ടു് ഈ രണ്ടു കോട്ടകളും വിലയ്ക്കു വാങ്ങുവാൻ വേണ്ട ഏപ്പാടുകൾ ഡച്ചുഗവണ്ണരെക്കണ്ടു ചെയ്യാൻ കേശവപിള്ളയെ നിയോഗിച്ചു. ടിപ്പു ഇവ വാങ്ങുന്നതിനു് ആലോചിക്കുന്നതായും ഇവിടെ അറിവു കിട്ടിയിരുന്നു. ബലവാനായ ശത്രുവിനു അതിരിനോടടുത്തു സ്ഥാനം ലഭിക്കുന്നതു തിരുവിതാംക്കൂറിനു ഹാനികരമാണെന്നു മഹാരാജാവു ധരിച്ചിരുന്നു. അതിനാൽ 1789-ൽ ഈ രണ്ടു കോട്ടകളും മൂന്നുലക്ഷം രൂപായ്ക്കു തിരുവിതാംക്കൂറിൽ നിന്നും വാങ്ങി. അന്നു മദ്രാസ് ഗവണ്ണരായിരുന്ന ജെ. ഹാളൻഡിനു മഹാരാജാവിൻെറ ഈ പ്രവൃത്തി തീരെ രസിച്ചില്ല പോലും. അദ്ദേഹത്തിനുണ്ടായ നീരസം രേഖാമൂലം മഹാരാജാവിനെ അറിയിച്ചു. മഹാരാജാവു സകല വിവരവും വിശദമായെഴുതി അയയ്ക്കുയും യുക്തികൊണ്ടു തൻെറ പ്രവൃത്തിയെ നീതീകരിക്കയും ചെയ്തു.

"ശ്യേനദൃഷ്ടി"യോടുകൂടി കായ്യങ്ങളെ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്ന ടിപ്പു ഇതുതന്നെ നല്ല അവസരമെന്നു കരുതി, ഒരു വലിയ സൈന്യത്തോടുകൂടി തിരുവിതാംക്കൂറിനെ ആക്രമിക്കാൻ പുറപ്പെട്ടു. യുദ്ധം തുടങ്ങുന്നതിനു മുമ്പു് അയാൾ മഹാരാജാവിനു ഒരു സന്ദേശവും കൊടു

ത്തു് ഒരു ദൂതനെ അയച്ചിരുന്നു. ഇതു യുദ്ധത്തെ ഇല്ലായ്മ ചെയ്യാനല്ലായിരുന്നു. ലോഭവും നീതിയും രമ്യമായി ജീവിക്കുന്നതു സാദ്ധ്യമല്ലല്ലൊ. ഈ അവസരത്തിൽ സൈന്യാധിപത്യം കേശവപിള്ളയിൽത്തന്നെ മഹാരാജാവു സമർപ്പിച്ചു. ഇദ്ദേഹം സൈന്യസമേതനായി വടക്കേ അതിത്തിയിൽ എത്തി.

വടക്കെ അതിത്തിയിൽ കേശവപിള്ളയുടെ സൈന്യവ്യവസ്ഥകളെപ്പററി അറിയുന്നതിനു മുമ്പു് ആ സ്ഥലത്തിൻെറ സ്വഭാവം മനസ്സിലാക്കിയിരിക്കേണ്ടതാണു്.

ആലുവായിൽ നിന്നു രണ്ടായി പിരിയുന്ന പെരിയാറിൻെറ വടക്കേ ശാഖയാണു കൊടുങ്ങല്ലൂരഴിയിൽക്കൂടി സമുദ്രത്തിൽ ചേരുന്നതു്. ആലുവായിൽ നിന്നും വടക്കു പടിഞ്ഞാറോട്ടായി ഒഴുകി എളന്തിക്കര എന്ന സ്ഥലത്തുവച്ചു് ചാലക്കുടിയാറും ഇതിനോടു ചേരുന്നു. അവിടെ നിന്നും നേരെ പടിഞ്ഞാറോട്ടാണു് നദി ഒഴുകുന്നതു്. കൊടുങ്ങല്ലൂരെത്തുമ്പോൾ ഈ നദിയിൽ നിന്നു് ഒരു തോടുവെട്ടി വടക്കോട്ടേയ്ക്കു കൊണ്ടുപോകുന്നുണ്ടു്. ഈ തോടു പൊന്നാനി വരെ ഗതാഗതസൗകര്യമുള്ളതാണു്. ആറിൽ നിന്നും തോടു പിരിയുന്ന സ്ഥലം മുതൽ സമുദ്രം വരെയുള്ള ജലവിഭാഗത്തിനു കൊടുങ്ങല്ലൂർക്കായൽ എന്നും പറയാറുണ്ടു്. ഈ കായലിൻേറയും തോടിൻേറയും മൂക്കിലാണു കൊടുങ്ങല്ലൂർക്കോട്ട പണിചെയ്യിച്ചിരിക്കുന്നതു്. കൊടുങ്ങല്ലൂർ അഴിയുടെ ഇരുകരകളേയും അഴീക്കോടെന്നാണു പറയാറുള്ളതു്. അഴിയുടെ വടക്കുവശം കൊടുങ്ങല്ലൂരിൽ ചേർന്നതാണു്. തെക്കുവശം ഡച്ചുകാർ വിലയ്ക്കു വാങ്ങിയ സ്ഥലവുമാണു്. അവിടെയാണു് അഴീക്കോട്ട—അയിക്കോ

ട്ട—ആയിക്കോട്ട പണിയിച്ചിരുന്നതു്. ഡച്ചുകാർ പണിയിച്ചിരുന്ന രണ്ടു കോട്ടകളിൽ ഒന്നു് പെരിയാർ നദീമുഖത്തിന്റെ വടക്കേക്കരയിലും ഒന്നു തെക്കേക്കരയിലുമാണു്. ഇവ രണ്ടും തമ്മിൽ നാലു മൈൽ അകലം കാണും. ഇവ രണ്ടിന്റേയും മദ്ധ്യേ തെക്കേക്കരയിലാണു് കുയ്യാപ്പിള്ളിക്കോട്ട (വെട്ടിയ കോട്ട) കേശവദാസൻ പണിയിച്ചതു്. അവിടെ നിന്നു കിഴക്കുവടക്കു ഗതിയായി മലവരെ നെടുങ്കോട്ടയും പണി ചെയ്യിച്ചിരിക്കുന്നു.

തിരുവിതാംകൂറിന്റെ വടക്കെ അതിരു കടൽ മുതൽ മലവരെ ഈ വിധത്തിൽ സുരക്ഷിതമായിരുന്നു. ടിപ്പു ചേററുവാമണപ്പുറം വഴി കൊടുങ്ങല്ലൂർ എത്തി. ഇവിടെ പാളയമടിക്കുന്നതിനുള്ള അസൗകര്യമാണു ടിപ്പുവിനു പററിയ പരാജയങ്ങളിൽ ഒന്നു്. കൊടുങ്ങല്ലൂർ കോട്ടയോടടുത്തു തിരുവഞ്ചിക്കുളം, ശൃംഗപുരം, കൊടുങ്ങല്ലൂർ എന്നീ ക്ഷേത്രങ്ങളും കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുടെ രാജധാനിയും സ്ഥിതി ചെയ്യുന്നു. അതിനാൽ ആ പ്രദേശം ടിപ്പുവിനും പടക്കും പാളയമടിച്ചു താമസിപ്പാൻ സൗകര്യമില്ല. അഴിയുടെ വടക്കെക്കരയായ അഴീക്കോടാണു പാളയത്തിനു് ഏററവും സൌകര്യമായി കിട്ടിയ സ്ഥലം. അവിടെ നിന്നും നേരെ തെക്കോട്ടു കടക്കുന്നതു് അഴിയുടെ അഗാധത കൊണ്ടും, തെക്കേക്കരയിലുള്ള ആയിക്കോട്ടയുടെ സന്നാഹതകൊണ്ടും സാദ്ധ്യമല്ല. കിഴക്കോട്ടു മാറുന്തോറും കൊടുങ്ങല്ലൂർ കോട്ടയോടു് അടുക്കും. അല്ലെങ്കിൽ കുയ്യാപ്പിള്ളിക്കോട്ട ജാഗരൂകവുമാണു്. ഈ ദുർഘടസ്ഥിതിയിൽ കൊടുങ്ങല്ലൂർക്കോട്ടയോടു നേരിടുക തന്നെ എന്നു ടിപ്പു ഉറച്ചു.

അഴീക്കോട്ട് എന്ന സ്ഥലത്തുനിന്നു ടിപ്പുവിൻെറ സൈന്യം ക്രമേണ മുന്നോട്ടു നീങ്ങിത്തുടങ്ങി. ആയിക്കോട്ട, വെട്ടിയകോട്ട എന്നീ സ്ഥലങ്ങളിലുള്ള സൈന്യം ടിപ്പുവിൻെറ സകല ചലനങ്ങളും സശ്രദ്ധം വീക്ഷിക്കുന്നുണ്ടായിരുന്നു. കേശവപിള്ള ഒരു വലിയ സേനയോടുകൂടി കൊടുങ്ങല്ലൂർകോട്ടയിൽ കാത്തുനിൽക്കുന്നുണ്ട്. സന്ധ്യയോടടുത്തപ്പോൾ ടിപ്പു കൊടുങ്ങല്ലൂർകോട്ടയെ സമീപിച്ചു. അതുവരെ അതിൽ ആളുകളുണ്ടെന്നുതന്നെ തോന്നുകയില്ല. കുര്യാപ്പിള്ളിക്കോട്ടയിൽനിന്നു ക്യാപ്ടൻ നാക്സിൻെറ കീഴിൽ ഒരു സൈന്യം വടക്കേക്കര കടന്നു ടിപ്പുവിൻെറ പിന്നിലും നിരന്നു. അപ്പോൾ കേശവപിള്ളയുടെ നേതൃത്വത്തിൽ ടിപ്പുവിനോടു നേരിടുവാൻ കോട്ടയിലും അണിനിരന്നു. മുമ്പും പിമ്പും സൈന്യവും വലത്തുവശത്തു കായലും സന്ധിച്ചപ്പോൾ ടിപ്പു വന്നവഴിയെ വടക്കോട്ടു പോകയൊ എതിർത്തുനിന്നു മരിക്കയൊ വേണ്ടതായിവന്നു. കോട്ടയിൽനിന്നുള്ള വെടിയേററു നായകൻ നിലംപതിച്ചു. ഇതോടുകൂടി ടിപ്പുവിൻെറ സൈന്യം തിരിഞ്ഞു പാലായനംതുടങ്ങി. പിന്നിൽ തിരുവിതാംകൂർ സൈന്യം എതിർക്കുന്നു. രാത്രിയും വഴിയുടെ പരിചയക്കുറവും മൂലം പലരും തിരിഞ്ഞോടി. ടിപ്പുവും അംഗരക്ഷകരും വടക്കോട്ടോടി ഒരു കുഴിയിൽ വീണു. രാജോചിതമായ പല സാധനങ്ങളും ഉപേക്ഷിച്ചു ടിപ്പു ജീവനുംകൊണ്ടു വടക്കോട്ടു പോയി.

വാളും പരിചയും മററു ചില രാജചിഹ്നങ്ങളും തിരുവിതാംകൂറിലേക്കും കിട്ടി. ഇങ്ങനെ ടിപ്പുവിൻെറ ആദ്യശ്രമം ലജ്ജാകരമായ പരാജയത്തിൽ കലാശിച്ചു. രാ

ജാചരിഹ്നങ്ങളായ വിജയസ്മാരകവുംകൊണ്ടു കേശവപിള്ള തിരുവനന്തപുരത്തേക്കും തിരിച്ചു. ടിപ്പുവിനു ജീവഹാനി വന്നില്ലെങ്കിലും അന്നത്തെ വീഴ്ച അദ്ദേഹത്തെ ആജീവനാന്തം മരു മുടന്തനാക്കിത്തീൎത്തു.

ടിപ്പു തനിക്കുപററിയ പരാഭവത്തെ ഉടനെതന്നെ പരിഹരിക്കണമെന്നുറച്ചു മൈസൂരിൽ റഎത്തിയ ഉടനെ തന്നെ മദ്രാസ് ഗവൎണ്ണൎക്കു ഒരെഴുത്തയച്ചു.

"എന്റെ ആശ്രയത്തിൽ ഇരിക്കുന്ന കൊച്ചീരാജാവിന്റെ സ്ഥലത്തു ഡച്ചുകാർ രണ്ടു കോട്ട പണിയിച്ചിരുന്നു. അവർ ആ കോട്ടകൾ എടുത്തുകൊണ്ടു വിലതരണമെന്നു എന്നോടാവശ്യപ്പെട്ടിരുന്നു. ഡച്ചുകാൎക്ക് അവ വിൽക്കാൻ അവകാശമുള്ളതല്ല. എങ്കിലും കൊച്ചീരാജാവിനോടാലോചിച്ചു വേണ്ടതു ചെയ്യാമെന്നു ഞാൻ വാക്കു പറഞ്ഞിരുന്നു. തിരുവിതാംകൂറിൽനിന്നും ഈ കോട്ടകൾ വിലയ്ക്കുവാങ്ങി. കൊച്ചീരാജ്യത്തുള്ള കോട്ടകൾ വിലയ്ക്കുവാങ്ങുവാൻ തിരുവിതാംകൂറിന് ആവശ്യമോ അവകാശമോ ഇല്ലെന്നുള്ള വിവരം ഞാൻ അറിവിച്ചിരുന്നു. ന്യായമായ ഒരു മറുപടിയും കിട്ടാഴികകൊണ്ട് ആ സ്ഥലം നേരിട്ടൊന്നു കാണണമെന്നു ഞാൻ ഉറച്ചു. ഏതാനും അനുചരന്മാരോടുകൂടി മാത്രം ഞാൻ അതിൎത്തിയിൽ എത്തിയപ്പോൾ തിരുവിതാംകൂർസൈന്യം മൎയ്യാദാഹീനമായി എന്നെ എതിൎത്തു മാനഹാനി വരുത്തിയിരിക്കുന്നു. അതുകൊണ്ടു പ്രതികാരംചെയ്തു മൈസൂരിന്റെ ദുൎയ്യശസ്സു പരിഹരിക്കണമെന്നു വിചാരിക്കുന്നു. നിങ്ങൾ അനുകൂലമായോ പ്രതികൂലമായോ ഇടപെടേണ്ട ആവശ്യമില്ല."

മുമ്പേതന്നെ കോട്ട വാങ്ങിയതുകൊണ്ടു മദ്രാസ്സ്ഗവണ്ണക്ക സുഖമാകാതെയാണിരിക്കുന്നതു്. ടിപ്പുവിൻെറ എഴുത്തുകൂടിയായപ്പോൾ മുഴുവനമായി. എഴുത്തു് അക്ഷരംപ്രതി സത്യമാണെന്ന് ആ സാധു വിശ്വസിച്ചു. തിരുവിതാംകൂറിൻെറ ന്യായരാഹിത്യത്തേക്കുറിച്ചു ചോദ്യം ചെയ്തു. ബ്രിട്ടീഷുപട്ടാളം ഇനിയൊരു ഉത്തരവു കിട്ടുന്നതുവരെ യാതൊന്നും തിരുവിതാംകൂറിനോടനുകൂലിച്ചു പ്രവത്തിക്കരുതെന്ന് ആജ്ഞാപിക്കയും ചെയ്തു.

കേശവപിള്ള പരമാത്ഥസംഗതികളെല്ലാം മദ്രാസിലേക്കെഴുതി അയച്ചു. മദ്രാസുഗവമ്മെൻറു് ബധിരത്വം അവലംബിച്ചതേ ഉള്ളു. തിരുവിതാംകൂറിനെ ഒരു മരുഭൂമിയാക്കണമെന്നത്രെ ടിപ്പുവിൻെറ പ്രതിജ്ഞ. മദ്രാസിൽനിന്ന് ഒരു കമ്മീഷനെ അയച്ചു സംഗതികളുടെ പരമാത്ഥം അറിഞ്ഞു് ഒരു വിധി കല്പിക്കുന്നതു സമ്മതമെന്നുകൂടി തിരുവിതാംകൂറിൽ നിന്നും എഴുതി അയച്ചു.

ടിപ്പു ഒരു വലിയ സൈന്യത്തെ സന്നദ്ധമാക്കി. ബ്രിട്ടീഷ് സൈന്യത്തിൻെറ സഹായത്തോടുകൂടി എതിത്താലും പരാജയം വരാത്ത ഒരു സേനാവിഭാഗത്തോടെ ടിപ്പു മൈസൂറിൽനിന്നും പുറപ്പെട്ടു. വിവരം ചാരന്മാർ മുഖേന തിരുവിതാംകൂറിൽ അറിവു കിട്ടി. അനുകൂലമായ ഒരു മറുപടിയും മദ്രാസിൽനിന്നു കിട്ടാഴിക നിമിത്തം രണ്ടുവിധ സംശയം ഇവിടെ ഉണ്ടായി. രണ്ടു കാലാൾപ്പടയെ ഇവിടെ സംരക്ഷിക്കുന്നുണ്ടു്. അവരുടെ സഹായമൊന്നുമുണ്ടാകയില്ലെന്നുതന്നെയല്ല, ടിപ്പുവുമായുള്ള യുദ്ധം ബ്രിട്ടീഷ്കാരുടെ അഹിതത്തിനു കാരണമായേക്കുമെന്നുകൂടി കേ

ശവപിള്ള സംശയിച്ചു. ഏതായാലും മഹാരാജാവിനോടുകൂടി ആലോചിച്ചു നേരിട്ടു ഗവർണ്ണർ ജനറാലിനെ വിവരമെല്ലാം ധരിപ്പിക്കാമെന്നുറച്ചു. ആദ്യംമുതല്ക്കുള്ള സകല വിവരങ്ങളും വിശദമായി പ്രസ്താവിച്ച് ഒരെഴുത്തു കാറൻവാലിസ്പ്രഭുവിനു് അയച്ചു. അദ്ദേഹം സങ്കുചിതബുദ്ധിയല്ലാതിരുന്നതുകൊണ്ടു് ഉടൻ മൈസൂറിനെ ആക്രമിക്കണമെന്നു മദ്രാസിലേയ്ക്കു് എഴുതിഅയച്ചു. മദ്രാസ് ഗവർണ്ണർ ഇപ്പോഴും ഉദാസീനനായിരുന്നതേ ഉള്ളു.

ടിപ്പു വലിയ സൈന്യത്തോടുകൂടിവന്നു നേരെ കൊടുങ്ങല്ലൂർകോട്ടയെ എതിർത്തു. അവിടെയുള്ള ബ്രിട്ടീഷു പട്ടാളം ഉദാസീനമായിരുന്നതേ ഉള്ളു. ശേഷിച്ച തിരുവിതാംകൂർ സൈന്യം കഴിയുന്നതു ശ്രമിച്ചിട്ടും ഫലം പ്രതികൂലമായിത്തീർന്നു. കോട്ടയുടെ ഒരു ഭാഗം തകർത്തു ടിപ്പു അകത്തു കടന്നു. കൊടുങ്ങല്ലൂർക്കോട്ട ഇടിച്ചു നിരത്തി നേരെ കയ്യാപ്പിള്ളിക്കു കടന്നു. അവിടെ കേശവപിള്ള എത്തീട്ടുണ്ടായിരുന്നു. ധീരതയുടെ വിശിഷ്ടാംശം വിവേകമെന്നു കരുതി സംഖ്യാതീതമായ ടിപ്പുവിൻെറ സൈന്യത്തോടെതിർക്കാതെ മടങ്ങിയതേ ഉള്ളു. ടിപ്പു നേരെ ആലുവായിൽ എത്തി പാളയം അടിച്ചു. ഭടന്മാർ ആലങ്ങാടും പറവൂരും കൊള്ള ചെയ്യാനും പുറപ്പെട്ടു. പറവൂരു മുതൽ ആലുവാവരെ ജീർണ്ണോദ്ധാരണം ചെയ്യുവ ഒഴിച്ച് ഇന്നും ധൂസരമായിക്കിടക്കുന്ന ദേവാലയങ്ങൾ ടിപ്പുവിൻെറ പ്രതികാരത്തെ തെളിയിക്കുന്നുണ്ടു്.

ടിപ്പു തെക്കോട്ടു കടക്കാതിരിക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥ ചെയ്തു കേശവപിള്ള തിരുവനന്തപുരത്തേ

യ്ക്കു പോയി വിവരങ്ങളെല്ലാം അടിയന്തിരമായി ഗവർണ്ണർ ജനറാലിനെ അറിയിച്ചു. ഉടൻതന്നെ മൈസൂറിനോടു യുദ്ധ പ്രഖ്യാപനം ചെയ്തു കാറൻവാലിസുതന്നെ രംഗത്തേയ്ക്കു പുറപ്പെട്ടു.

ടിപ്പു സൈന്യത്തെ പടിഞ്ഞാറൻവഴി അയച്ചു താനും ഒരു സേനാവിഭാഗവും കിഴക്കൻവഴിവന്ന് ആലുവായിൽ പാളയം അടിച്ചിരുന്നു എന്നും സൈന്യങ്ങൾ പറവൂരും ആലങ്ങാടും കൊള്ളചെയ്തു ടിപ്പുവിനെ ആലുവായിൽവച്ചു സന്ധിച്ചു എന്നും ഒരു കഥ ഇവിടങ്ങളിൽ പറഞ്ഞുകേൾക്കുന്നുണ്ട്.

കേശവപിള്ള തിരുവനന്തപുരത്തുചെന്നു ഒരു വലിയ സേനയോടുകൂടി വടക്കോട്ടു പുറപ്പെട്ടു. കണ്ടെത്തുന്ന ദിക്കിൽവെച്ചു ടിപ്പുവിനെ എതിക്കയെന്നാത്രേ പരമലക്ഷ്യം.

ടിപ്പു ആലുവായിൽ താമസിക്കുന്ന കാലം ഏതാണ്ട് ഇടവപ്പാതിയോടടുത്തിരുന്നു. ആദ്യകോളിലുണ്ടായ അതിവർഷംനിമിത്തം ആറു കര കവിഞ്ഞൊഴുകി. പെട്ടെന്നുണ്ടായ വെള്ളപ്പൊക്കം ടിപ്പുവിനെ വല്ലാതെ പരിഭ്രമിപ്പിച്ചു. പല നഷ്ടങ്ങളും നേരിട്ടു. എവിടെ നോക്കിയാലും വെള്ളം. എങ്ങോട്ടാണു പോകേണ്ടതെന്നും നിശ്ചയമില്ല. ഈവിധ വിധിവൈപരീത്യം വലയംചെയ്ത ഘട്ടത്തിൽതന്നെ ഇംഗ്ലീഷ്കാർ മൈസൂരിനോടു യുദ്ധപ്രഖ്യാപനം ചെയ്ത വിവരവും അറിവുകിട്ടി. അടുത്ത ഭാവിയിൽ ഒരു ഫ്രഞ്ചുപൗരനെന്നു പ്രഖ്യാപനംചെയ്ത നെപ്പോളിയനെ ഇങ്ങോട്ടു ക്ഷണിക്കാൻ മനോഭാവം ഉ

ണ്ടായ ടിപ്പു, ആ വിശ്വവിശ്രുതനെപ്പോളിയന്റെ മോസ്കോവിൽനിന്നുള്ള ഒരു പ്രതിയാത്രയെ തന്മയത്വത്തോടുകൂടി ആടി അനുഭവിച്ചു.

മഹാരാജാവിന്റെ അനുവാദത്തോടുകൂടി കേശവപിള്ള ഇംഗ്ലീഷ് സൈന്യത്തെ സഹായിപ്പാൻ സ്വസേനയെ അങ്ങോട്ടു നയിച്ചു. പാലക്കാട്ടു, കോയമ്പത്തൂർ, ഡിൻഡിഗൽ എന്നീ സ്ഥലങ്ങളിൽവെച്ചു ബ്രിട്ടീഷ് ഭടന്മാരെ അതിശയിക്കത്തക്ക ധീരതയോടും നിർവ്യാജതയോടും യുദ്ധം ചെയ്തു. ശ്രീരംഗപട്ടണത്തുവച്ചു് ഉണ്ടായ ഉടമ്പടിയോടുകൂടി മൂന്നാമത്തെ മൈസൂർയുദ്ധം അവസാനിച്ചു. ഈ അവസരത്തിൽ കേശവപിള്ള കൂടി അവിടെ ഉണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ഇംഗ്ലീഷുകാരുടെ കൃതഘ്നത യുദ്ധാരംഭംമുതൽ അനുഭവിച്ച കേശവപിള്ളയ്ക്കു് ആ യുദ്ധാവസാനംകൊണ്ടും അനന്തരനടപടികൊണ്ടും വ്യക്തമായറിയാനിടയായി.

ശ്രീരംഗപട്ടണത്തിലെ ഉടമ്പടി എന്തെന്നുകൂടി അറിഞ്ഞിരിക്കേണ്ട ആവശ്യം പ്രകൃതത്തിൽ തെളിഞ്ഞു കാണുന്നതാണു്. ടിപ്പുവിന്റെ രാജ്യത്തിൽനിന്നു പകുതി ഇംഗ്ലീഷുകാക്കും ബന്ധുക്കൾക്കുമായി വിട്ടുകൊടുക്കണം. യുദ്ധച്ചെലവിലേയ്ക്കു മൂന്നുകോടി രൂപാ ഇംഗ്ലീഷുകാക്കു മാത്രമായി കൊടുക്കേണ്ടതാണു്. ആ സംഖ്യ തീരുന്നതുവരെ ടിപ്പുവിന്റെ രണ്ടു പുത്രന്മാരെ ജാമ്യംകൊടുത്താൽ മതിയെന്നും വ്യവസ്ഥചെയ്തു. ബന്ധുക്കൾ എന്ന ശബ്ദംകൊണ്ടു് ഇംഗ്ലീഷുകാരോടു ബന്ധമുള്ളവരെന്നല്ല അത്ഥം.

യുദ്ധത്തിൽ ആളുമത്ഥവും വ്യയംചെയ്ത രാജ്യങ്ങളെന്നാണു വിവക്ഷിച്ചിരിക്കുന്നതു്. ഹൈദ്രാബാദിലെ ന

വാബു തുടങ്ങി യുദ്ധത്തിൽ സഹായിച്ചവക്കെല്ലാം അവരവരുടെ രാജ്യത്തോടു ചേൻന്ന വിഭാഗങ്ങൾ വിട്ടുകൊടുത്തു. ബാക്കിയുള്ളതു ഇംഗ്ലീഷ്കാരുമെടുത്തു. തിരുവിതാംകൂറിന്ന പറവൂരും ആലങ്ങാട്ടമാണ കിട്ടിയതു്. മുമ്പൊരിക്കൽ പറവൂരും ആലങ്ങാട്ടം കൊച്ചിവകയാണെന്നും കൊച്ചീരാജാവു് ആശ്രിതനാകകൊണ്ടു് ഈ വക രണ്ടു താലൂക്കുകളും തന്റെ വകയാണെന്ന ടിപ്പു വാദിച്ചു എന്നും പറഞ്ഞതു് ഓക്കുന്നുണ്ടല്ലൊ. ഇപ്പോൾ അതു ടിപ്പുവിന്റേതെന്നും അതാണ തിരുവിതാംകൂറിനുള്ള വീതമെന്നും നിശ്ചയമായല്ലൊ. ഇതങ്ങിനെ ഇരിയ്ക്കട്ടെ. മൂന്നുലക്ഷം രൂപാ കൊടുത്തു വാങ്ങിയ കൊടുങ്ങല്ലൂർകോട്ട ഇടിച്ചുനിരത്തുന്നതു കണ്ടുകൊണ്ടിരുന്നതും തിരുവിതാംകൂറിന്റെ ചെലവുംപററി സുഖമായിത്താമസിച്ച ബ്രിട്ടീഷ്പട്ടാളമാണ്. ഇതെല്ലാം സഹിച്ചാലും നാട്ടിൽ സൈ്വരമായി കഴിഞ്ഞുകൂടാമെന്ന വിചാരിച്ചിരുന്ന മഹാരാജാവും കേശവപിള്ളയും ഇതാ മറെറാരു ദുരിതത്തിൽ അകപ്പെടുന്നു.

ടിപ്പുവുമായി യുദ്ധം ചെയ്യുതു് തിരുവതാംകൂറിന്റെ ആവശ്യമാണെന്നും അതിന്ന വേണ്ടിവന്ന ചിലവു മുഴവൻ അവർ സഹിക്കേണ്ടതാണെന്നും മദ്രാസ് ഗവണ്ണർ മഹാരാജാവിനെഴുതിയയച്ചു. ഇങ്ങിനെ ഒരു ആവശ്യം ഉണ്ടാകുമെന്നുതന്നെ ആരും വിചാരിച്ചിരുന്നില്ല. കഴിഞ്ഞ ഏതാനും കാലങ്ങൾ വ്യയാധിക്യമുള്ളവയായതുകൊണ്ടു ഖജനാ ശോഷിച്ചുമിരുന്നു. എങ്കിലും കമ്പനിക്കാരുമായുള്ള സഖ്യത്തിന്ന ഭംഗം വന്നെങ്കിലോ എന്നു ഭയപ്പെട്ടു് ഏഴുലക്ഷം രൂപാ ഒരുവിധം ഉണ്ടാക്കിക്കൊടുത്തു. എന്നാൽ ഗവണ്ണർ ഇതുകൊണ്ടൊന്നും തൃപ്തിപ്പെട്ടില്ല. സം

ഖ്യയുടെ വലിപ്പം പരിഹരിപ്പാൻ സാദ്ധ്യമല്ലാതിരുന്നു. ജനങ്ങളിൽ നിന്നു് അന്യായമായ കരം ചുമത്തിയോ മററു വല്ല ഉപദ്രവം ചെയ്തോ അല്ലാതെതന്നെ ഒരു ഏഴ്വലക്ഷം കൂടി അടച്ചു. തിരുവിതാംകൂർ ഭണ്ഡാരത്തിൽ ഒട്ടനവധി പണം കെട്ടിയിരുപ്പുണ്ടെന്നു് ഗവർണ്ണർ ദൃഢമായുറച്ചു. അതിനാൽ പണം; പണം എന്നു പിന്നെയും ഗവർണ്ണർ അലട്ടിക്കൊണ്ടിരുന്നു.

ഈ പിടി ഇങ്ങനെ വലിപ്പിക്കുന്നതു ദോഷകരമെന്നു നിശ്ചയിച്ചു ഗവർണ്ണർ ജനറാലിനു് വിവരമെല്ലാം കാണിച്ചെഴുതി അയക്കണമെന്നു കേശവപിള്ള മഹാരാജാവിനെ അറിയിച്ചു. മഹാരാജാവു് അങ്ങനെ സമ്മതിച്ചു. കാറൻവാലിസ്പ്രഭു കാര്യങ്ങളുടെ പര്യാലോചനാനന്തരം ഇതിൽ കൂടുതൽ സംഖ്യ കൊടുക്കേണ്ടതില്ലെന്നു നിശ്ചയിച്ചു. ഇങ്ങനെ മദ്രാസ് ഗവർണ്ണരുടെ ധനതൃഷ്ണയും ശാന്തിചെയ്തു.

ഇതിൻെറശേഷം, ടിപ്പു മലയാളത്തെ ആക്രമിച്ച സമയം നാടുവിട്ടു സർവ്വവുമുപേക്ഷിച്ചു് ഓടിപ്പോന്ന പ്രഭുക്കന്മാരുടേയും രാജാക്കന്മാരുടേയും വസ്തുക്കൾ അവർക്കു തിരിച്ചു കൊടുത്തു് അവരെ യഥാസ്ഥാനത്തു പ്രതിഷ്ഠിക്കുന്നതിനു മദ്രാസ് ഗവൎമ്മേൻറു തിരുവിതാംകൂർ മഹാരാജാവിനെ ചുമതലപ്പെടുത്തി. ഇവരുടെ എല്ലാവരുടേയും അവകാശങ്ങളും തർക്കങ്ങളും കേട്ടു തെളിവുകൾ ശേഖരിച്ചു ന്യായമായ ഒരു വ്യവസ്ഥയുണ്ടാക്കുന്നതു് എളുപ്പം സാധിക്കാവുന്ന ഒരു കാര്യമല്ലായിരുന്നു. പ്രഭുക്കന്മാരും മററും തിരുവിതാംകൂറിനോടുള്ള വിശ്വാസം നിമിത്തം തിരുവിതാം

ക്കൂർ മഹാരാജാവൊ പ്രതിപുരുഷനൊ ചെയ്യുന്ന വ്യവസ്ഥതങ്ങൾക്കു സമ്മതമാണെന്നു മദ്രാസ് ഗവമ്മേൻറിനെ അറിവിച്ചു. കേശവപിള്ളയിൽ ഈ കൃത്യനിവ്വഹണത്തിനുള്ള ശേഷിയും വിശ്വാസ്യതയും മഹാരാജാവു ദശിച്ചു. കേശവപിള്ള ഈ കൃത്യത്തെ സഹജമായ സാമത്ഥ്യത്തോടും നീതിനിഷ്ഠയോടും എല്ലാ കക്ഷികൾക്കും തൃപ്തികരമാംവണ്ണവും ചെയ്തു.

കേശവപിള്ള സമത്ഥനായ ഒരു മന്ത്രിയും ധീരനായ ഒരു യോദ്ധാവും ആയിരുന്നതുപോലെ നീതിമാനായ ഒരു വിധികത്താവുമായിരുന്നു. മലബാറിലെ കായ്യങ്ങൾ മുഴുവനും നിവ്വഹിക്കുന്നതിനു് ഒരു കൊല്ലത്തോളം പല ദിക്കിലായി അദ്ദേഹം താമസിച്ചിട്ടുണ്ടു്. പ്രഭുക്കന്മാരുടേയും രാജാക്കന്മാരുടേയും കായ്യസ്ഥന്മാരെ നിയമിച്ചതുകൂടി കേശവപിള്ളയായിരുന്നു. കേശവപിള്ളയുടെ വ്യവസ്ഥകളെ മദ്രാസ് ഗവമ്മേൻറും സസന്തോഷം ശരിവച്ചു. അന്നു കേശവപിള്ള വസ്തുക്കളെ സംബന്ധിച്ചെഴുതിയുണ്ടാക്കിയ കണക്കാണു് ഇന്നു നടപ്പിൽ ഇരിക്കുന്നതു്. ചേററുവാമണൽപ്പുറത്തു വാക്കയിൽ കൈയ്മൾമാരുടെ വക ഒരു ദേവസ്വംകൊട്ടാരത്തിൽ അദ്ദേഹം താമസിച്ചിരുന്നതായി കേട്ടിട്ടുണ്ടു്. അന്നു് എഴുതിയ ചില കണക്കുകൾ ഇന്നും അവിടെയുണ്ടത്രെ.

മൈസൂരുമായുണ്ടായ മൂന്നാംയുദ്ധം ടിപ്പുവിൻെറ സകല ശക്തിയേയും ക്ഷയിപ്പിച്ചു. അതിനാൽ ദക്ഷിണ ഇൻഡ്യയിൽ സവ്വത്ര സമാധാനം ഉണ്ടായി. കേശവപിള്ള നാടിൻെറ പുഷ്ടിക്കും അഭിവൃദ്ധിക്കും ഉതകുന്ന പല ഏപ്പാടുകളും ചെയ്യാനുറച്ചു. അതിനു വേണ്ട സമാധാനജീവിതം നാട്ടിലെങ്ങുമുണ്ടായിരുന്നു.

കേശവപിള്ള സമൎത്ഥനായ ഒരു രാജ്യതന്ത്രജ്ഞനായിരുന്നു. രാജ്യാംഗങ്ങളിൽ "കോശവും, സുഹൃത്തും" പ്രധാനമെന്നു് അദ്ദേഹം ധരിച്ചിട്ടുണ്ട്. "ദുൎബ്ബലങ്ങൾ" വ്യയഹേതുകമായിമാത്രം കലാശിച്ചതുകൊണ്ടു് ആദ്യത്തെ രണ്ടെണ്ണവും പുഷ്ടിപ്പെടുത്തുന്നതിന്നു് അദ്ദേഹം സവിശേഷം ശ്രദ്ധിച്ചു.

കച്ചവടവിഷയത്തിലാണു് ആദ്യമായി ദിവാൻജിയുടെ ശ്രദ്ധപതിഞ്ഞതു്. ബാല്യകാലത്തുതന്നെ കേശവപിള്ളയുടെ പ്രവൃത്തിരംഗം കച്ചവടമായിരുന്നുവല്ലോ. പിന്നീടു വാണിജ്യവിദഗ്ദ്ധന്മാരായ പല ഡച്ചുകാരോടും ഇംഗ്ലീഷുകാരോടും ഇടപെട്ടു് ആ വിഷയത്തിൽ സമഗ്രജ്ഞാനം സമ്പാദിച്ചിരുന്നു. കൊട്ടാരത്തിൽ കീഴുദ്യോഗങ്ങൾ വഹിച്ചിരുന്ന കാലത്തു കച്ചവടസംബന്ധമായ വിഷയങ്ങളിൽ ഇടപഴകുന്നതിനു പ്രത്യേകം ചുമതലപ്പെടുത്തിയിരുന്നു. അതിനാൽ ഇതിൽ അഭിരുചിയും പരിചയവും കേശവപിള്ളയ്ക്കു മുമ്പേതന്നെ സിദ്ധിച്ചിരുന്നു.

വിദേശവ്യാപാരങ്ങളെ പുഷ്ടിപ്പെടുത്തുന്നതിനു തുറമുഖങ്ങൾ അത്യാവശ്യമാണല്ലോ. അതിനായി കേശവപിള്ള കന്യാകുമാരി മുതൽ വടക്കോട്ടു സമുദ്രതീരത്തെ സവിശേഷം പരിശോധിച്ചു. കുളച്ചൽ, പൂവാർ, വെളിഞ്ഞം (വിഴിഞ്ഞം) എന്നീ സ്ഥലങ്ങളെ സന്ദർശിക്കുകയും അവിടെ എല്ലായിടത്തും വേണ്ട സൗകൎയ്യങ്ങൾ ഉണ്ടാക്കിക്കയും ചെയ്തു.

പൂന്തുറ എന്ന സ്ഥലത്തു പണ്ടകശാലകളും മററു കെട്ടിടങ്ങളും പണിചെയ്യിച്ചു. ഇവിടം ഒരു തുറമുഖമാക്കു

ണമെന്ന് അദ്ദേഹം ഉദ്ദേശിച്ചിരുന്നു. അവിടെ നിന്നും വടക്കോട്ടു സഞ്ചരിച്ച് ആലപ്പുഴ എത്തി. അല്പമായ ചില പരിശോധനയുടെ ഫലമായി അവിടം ഒരു നല്ല തുറമുഖത്തിന്നു യോഗ്യമെന്നു ദിവാൻ കണ്ടു. കടൽപ്പുറം കാടുകൾനിറഞ്ഞു വാസയോഗ്യമല്ലാതെയാണു കിടന്നിരുന്നത്. അദ്ദേഹം ആലപ്പുഴെ രണ്ടുമാസം താമസിച്ചു. ആ കാലത്ത് അവിടെ ഉണ്ടായിരുന്ന കാടുകളെല്ലാം വെട്ടിത്തെളിപ്പിച്ചു വാസയോഗ്യമാക്കിത്തീർത്തു. ഗവർമ്മെൻറു ചിലവിന്മേൽ ചില പണ്ടകശാലകളും മററു പല കടകളും കെട്ടിച്ചു. തിരുവിതാംകൂറിൽ ഉള്ള പല സ്ഥലങ്ങളിൽ നിന്നും ആളുകളെ വരുത്തി പാർപ്പിച്ചു. ബാംബയിൽ ഉള്ള ചില സ്നേഹിതന്മാർ വഴി അവിടെ നിന്നും കച്ചവടക്കാരെ വരുത്തി ഇവിടെ സ്ഥിരവാസികളാക്കിത്തീർത്തു. കച്ചിക്കാർ, ചിന്തിക്കാർ, ബനിയാന്മാർ, പാർസികൾ എന്നിവർ ആലപ്പുഴ കച്ചവടക്കാരായതോടുകൂടി അതിൻെറ പ്രശസ്തി സുസ്ഥാപിതമായി. തിരുനൽവേലിയിൽനിന്നും കുംഭകോണത്തുനിന്നും പരദേശ ബ്രാഹ്മണരെ കച്ചവടത്തിന്നു വരുത്തി അവൎക്കു വേണ്ട സൗകൎയ്യങ്ങൾ ചെയ്തുകൊടുത്തു.

ആലപ്പുഴയുടെ പ്രശസ്തി വൎദ്ധിക്കുന്നതിന്നായി അവിടെ ഒരു ഒന്നാന്തരം കൊട്ടാരം പണിയിച്ചു. ഇന്ന് ആലപ്പുഴെ കാണുന്ന കൊട്ടാരം അല്പം ചില രൂപഭേദങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും അന്നത്തെ സ്ഥാപനം തന്നെയാണ്. തിരുവനന്തപുരത്തു തെക്കേത്തെരുവിൽ കാണുന്ന മാളിക ഈ കൊട്ടാരത്തിൻെറ ചില ഭാഗങ്ങൾ പൊളിച്ചുകൊണ്ടുപോയി പണി ചെയ്യിച്ചിട്ടുള്ളതാണ്. ഇതിന്നു പുറമെ ചില കച്ചേരികളും ഇവിടെയാക്കി അവയ്ക്കുള്ള

കെട്ടിടങ്ങളും പണിയിച്ചു. വനംവക സാമാനങ്ങൾ ഒന്നിച്ചു ശേഖരിച്ച് ഒരുദിക്കിൽവച്ചു വില്ക്കുന്നതായാൽ ഒരു വലിയ തുക ഗവൎമ്മെൻറിനു കിട്ടുന്നതും അവയുടെ ഉപയോഗം ജനങ്ങൾക്കു സുലഭമാകുന്നതുമാണല്ലോ. മലകളിൽനിന്നു വെട്ടിയിറക്കുന്ന തടികളെ ആലപ്പുഴെ ശേഖരിച്ചു വില്പന നടത്തുവാൻ ഉറച്ചു. ഈ ഭാരം നടത്തുന്നതിനു മാത്തുത്തരകനെ ഏല്പിച്ചു. മററു വന്യവിഭവങ്ങളായ ഏലം, ആനക്കൊമ്പ്, മെഴുക്, തേൻ, കസ്തൂരുക്കം മുതലായവ ശേഖരിച്ച് ആലപ്പുഴ സംഭരിക്കുന്നതിനു വനംവക ഉദ്യോഗസ്ഥന്മാരെ നിയമിച്ചു വേണ്ട ഏൎപ്പാടുകൾ ചെയ്തു. ഇവയ്ക്കു പുറമെ സൎക്കാരിൽനിന്ന് ഏതാനും കപ്പലുകൾ പണിയിച്ച് വ്യാപാരം നടത്തിച്ചു. ഈ ഏൎപ്പാടുകൾ ഓരോന്നും സൎക്കാരിലേയ്ക്കു വലിയ ആദായം ഉണ്ടാക്കി. യുദ്ധത്തിന്നായും കമ്പനിക്കു കൊടുത്തതായും ഒരു വലിയ സംഖ്യ കടമായി നില്പുണ്ടായിരുന്നു. അതു നിശ്ശേഷം തീൎത്തു. ഏതാനും കൊല്ലങ്ങൾക്കു മുമ്പുവരെ കച്ചവടംവക എന്നൊരു ഡിപ്പാൎട്ടുമെൻറ് ഒരു യൂറോപ്യൻ ഉദ്യോഗസ്ഥൻെറ കീഴിൽ ആലപ്പുഴെ സ്ഥാപിച്ചിരുന്നു.

കേശവപിള്ളയുടെ കച്ചവടനയം നിമിത്തം ആലപ്പുഴ ഇപ്പോൾ തിരുവിതാംകൂറിലെ വ്യാപാരത്തിൻെറ കേന്ദ്രസ്ഥാനമായിട്ടാണിരിക്കുന്നത്. ഇതു തിരുവിതാംകൂറിൻെറ 'കലവറ'യാണെന്നുതന്നെ പറയാം. ഒരു രാജ്യത്തിൻെറ ശ്രേയസ്സ് യുദ്ധത്തേയോ വിജയത്തേയോ ആശ്രയിച്ചല്ല നിലനില്ക്കുന്നത് എന്നു സ്വാനുഭവം കേശവപിള്ളയെ പഠിപ്പിച്ചു. പരാക്രമിയായ ടിപ്പുവിനെ എതിൎത്തു പ്രശസ്തമായ വിജയം നേടി; ഫലമോ, രാജ്യ

ത്തെ ദാരിദ്ര്യത്തിന്ന് അടിമപ്പെടുത്തി. ഇപ്പോഠം ആലപ്പുഴെ നടക്കുന്ന പ്രബലവും വിപുലവുമായ വ്യാപാരം കേശവപിള്ളയുടെ വാസനാജന്യവും സുപരീക്ഷിതവും ആയ ബുദ്ധിയുടെ പരിണതഫലമാണ്.

2) തിരുവനന്തപുരത്തു കിഴക്കേകോട്ടവാതുക്കൽനിന്നു കിഴക്കോട്ടുള്ള റോഡിന്ന വിസ്താരംവരുത്തി ഇരുവശവും കടകഠം പണിചെയ്യിച്ചു വലിയ കമ്പോളമാക്കിത്തീൎത്തു. 3) ഗതാഗതത്തെ സൗകൎയ്യപ്പെടുത്തുന്നതിന്ന കിള്ളിയാററിലും കരമനയാററിലും ഓരോ പാലവും പണിയിച്ചു.

(3) കേശവപിള്ളയുടെ ശ്രദ്ധ ദക്ഷിണതിരുവിതാംകൂറിലേക്കു കടന്നു. കോട്ടാർ നെയ്ത്തിന്ന പ്രസിദ്ധമായ ഒരു സ്ഥലമായിരുന്നു. എന്നാൽ അടുത്ത കാലത്തുണ്ടായ സൈപരഹാനി ആ വ്യവസായത്തിന്ന മാന്ദ്യംഭവിപ്പിച്ചിരുന്നു. മധുര, തിരുനൽവേലി എന്നീ പ്രദേശങ്ങളിൽനിന്നും നെയ്ത്തുകാരേയും ചായവേലക്കാരേയും വരുത്തി താമസിപ്പിച്ചു പലതരം വസ്ത്രങ്ങഠം നെയ്യുന്നതിന്ന ഏൎപ്പാടുചെയ്തു. അപ്രസിദ്ധിയിൽ പതിച്ചുപോയ ഈ സ്ഥലം വിവിധവ്യാപാരനിലയമായും മററു പല സ്ഥാപനങ്ങളുടെ സങ്കേതമായും ഇന്നും പരിലസിക്കുന്നു.

4) അടുത്തു കേശവപിള്ളയുടെ ശ്രദ്ധ തിരുവനന്തപുരത്തു ക്ഷേത്രത്തിൽ പതിച്ചു. അവിടത്തെ പല അററകുററപ്പണികഠം തീൎത്തതിന്നുപുറമെ കുലശേഖരമണ്ഡപം പുത്തനായി പണിയിച്ചു. മാവേലിക്കരെ അന്നുണ്ടായിരുന്ന കൊട്ടാരം സ്ഥലസൗകൎയ്യക്കുറവുകൊണ്ടും പഴക്കംകൊണ്ടും ജീൎണ്ണോദ്ധാരണവും പുതിയ കെട്ടിടങ്ങളും ആവശ്യപ്പെ

ട്ടിരുന്നു. അതു പണികഴിച്ചതിനുശേഷം വേറെ ചില കൊട്ടാരങ്ങൾക്കൂടി മററു സ്ഥലങ്ങളിലും പണിയിച്ചു.

✓ കൃഷി, കൈത്തൊഴിൽ, കച്ചവടം എന്നീ മൂത്തിത്രയം ഒരു നാട്ടിൻെറ ഐശ്വൎയ്യത്തിനു നിദാനങ്ങളാണ്. ഇവ മൂന്നും പരാവലംബികളായ വൃത്തികളുമാണ്. പക്ഷേ, ഉചിതോപദേശംകൊണ്ടോ, മാതൃകാപ്രദൎശനംകൊണ്ടോ ജനങ്ങളെ ഉൽബുദ്ധരാക്കേണ്ട ഭാരംവരെ ഒരു ഗവമ്മെൻറിൻെറ അധികാരസീമയിൽ പെടുത്താം. കൃഷിക്കാരും, കൈത്തൊഴിൽക്കാരും, കച്ചവടക്കാരും എല്ലാം ഗവമ്മെൻറുതന്നെ ആകണമെന്നു പറയുന്നതു ന്യായമാകുമോ എന്നു സംശയമാണ്. എങ്കിലും സംഘടനയുടെ ദോഷത്താലോ, മൂലധനത്തിൻെറ അഭാവത്താലോ ചിലപ്പോൾ ജനങ്ങൾ ഇവയ്ക്കു ശക്തരല്ലെന്നു വന്നേക്കാം. ആ അവസരത്തിൽ ഗവമ്മെൻറുതന്നെ പ്രാരംഭകൃത്യങ്ങൾ നിൎവ്വിഘ്നമായി നടത്തി ലാഭപ്രദമെന്നു കാണിച്ചുകൊടുത്തു ജനങ്ങളെ ഏല്പിക്കേണ്ടിവരും.

ആ വിധത്തിൽ ഗവമ്മെൻറിൻെറ ശ്രദ്ധ പതിച്ചതിൻെറ മൂർദ്ധാഭിഷിക്തഫലമാണ് ആലപ്പുഴയുടെ ഇന്നത്തെ നില. നമുക്കാവശ്യമുള്ള പലതും കൃഷിചെയ്യുണ്ടാക്കേണ്ട സ്ഥലങ്ങളിൽ നാട്ടിൻെറ ആവശ്യങ്ങളെ അത്രതന്നെ സ്പർശിക്കാത്ത അസംസ്കൃതസാധനങ്ങളുടെ ഉല്പത്തിക്കായി വിട്ടുകൊടുക്കുന്നതു് ഉത്തമനയമല്ല.

ഠ) രാജ്യം ഋണബാധയിൽപ്പെട്ടിരിക്കയായിരുന്നുവല്ലോ. ജനങ്ങൾക്കു യാതൊരു ഉപദ്രവും കൂടാതെ ആദായം വർദ്ധിപ്പിച്ചു കടം ഒട്ടധികവും കൊടുത്തു തീൎത്തു.

പ്രജാക്ഷേമത്തിനും ഐശ്വൎയ്യത്തിനും പല ഏൎപ്പാടുകളും ചെയ്തു എങ്കിലും ഭാവിയായ ഒരു സമാധാനജീവിതം ജനങ്ങൾ അനുഭവിക്കണമെന്നുകൂടി കേശവപിള്ളയ്ക്ക് ഉദ്ദേശമുണ്ടായിരുന്നു. കമ്പനിക്കാരുമായുള്ള സഖ്യം ബലപ്പെടുത്തുന്നതുതന്നെയാണ് ഇതിനുചിതമായ മാൎഗ്ഗമെന്ന് അദ്ദേഹം കണ്ടു. ഇതിന്റെ സാദ്ധ്യത്തിന് അദ്ദേഹം പൂൎവ്വാധികം ശ്രമം തുടങ്ങി. ഈ അവസരത്തിൽ മാൎണ്ണിങ്ങ്ടൺപ്രഭു ഗവൎണ്ണർ ജനറാൽ ആയി. കേശവപിള്ള ഇദ്ദേഹത്തോടും മററു പല ഇംഗ്ലീഷുദ്യോഗസ്ഥന്മാരോടും വേണ്ട ആലോചന നടത്തി.

ഗവൎണ്ണർജനറാൽ ഈ കാൎയ്യത്തെ ഗാഢമായി ചിന്തിച്ച് അതിന്റെ ആവശ്യം മഹാരാജാവിനെ അറിയിച്ചു. മന്ത്രിയോടും മററു ഗുണകാംക്ഷികളോടും വേണ്ട ആലോചന നടത്തിയതിനുശേഷം മഹാരാജാവും ഇതു സമ്മതിച്ചു.

ഒൻപതു വ്യവസ്ഥകൾ അടങ്ങിയതും, തിരുവിതാംകൂറിലേയ്ക്കു പൂൎവ്വാധികം അനുകൂലമായുള്ളതും ആയ ഒരു ഉടമ്പടിയുടെ നക്കൽ പ്രഭു എഴുതിഅയച്ചു. ഈ ഉടമ്പടി മഹാരാജാവു സ്വീകരിക്കയും ഇതിനെ കമ്പനിമേലദ്ധ്യക്ഷസംഘക്കാർ സ്ഥിരപ്പെടുത്തുകയും ചെയ്തു.

ദിവാൻ കേശവപിള്ളയുടെ ഇച്ഛാനുസരണം തിരുവിതാംകൂറിന് ഇപ്പോൾ ലഭിച്ചതു് ഒരു ഉത്തമസുഹൃല്ലാഭം തന്നെയാണ്. മഹാരാജാവിനേയും, ദിവാൻജിയേയും ഈ വിധ ബന്ധത്തിൽ വൎത്തിക്കുവാൻ സംഗതിയാക്കിയ ഉടമ്പടിയെ മാൎണ്ണിങ്ങ്ടൺപ്രഭു മനസാ ആദരിച്ചു. മൂന്നു പട്ടാളവകുപ്പിനുവേണ്ട ചെലവു തിരുവിതാംകൂറിൽ

നിന്നും ഇപ്പോൾ കൊടുക്കേണ്ടതായി വന്നിട്ടുള്ളതു് ഒരു വ്യയഹേതുകമെങ്കിലും തിരുവിതാംകൂറിനു ലഭിച്ച രക്ഷയും സമാധാനവും നോക്കുമ്പോൾ ഈ ചെലവു്, ഏററവും തുച്ഛമായിട്ടുവേണം വിചാരിക്കുവാൻ. തിരുവിതാംകൂറിൻെറ അതിത്തികളിൽ അസംഖ്യം ദ്രവ്യവ്യയം ചെയ്തു നിമ്മിച്ചിരുന്ന പ്രാകാരങ്ങളും പരിഖങ്ങളും അധൃഷ്യങ്ങളല്ലായിരുന്നുവെന്നു ടിപ്പുവിൻെറ ആക്രമണം സവിശേഷം പ്രത്യക്ഷപ്പെടുത്തി. അതുകൊണ്ടു് ഇനി ഇവയ്ക്കുവേണ്ടി ധനവ്യയം ചെയ്യുന്നതു ബുദ്ധിപൂർവ്വകമല്ലെന്നു കേശവപിള്ള നിശ്ചയിച്ചു. കമ്പനിയുമായിട്ടുള്ള സഖ്യം ധനവ്യയഹേതുകമെന്നിരുന്നാലും ശത്രുനിരോധനത്തിനു തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം അതു ദുർധൎഷമായ ഒരു പ്രാകാരംതന്നെ ആയിരുന്നു.

അത്രതന്നെയുമല്ല, കാറൺവാലിസ് പ്രഭുവിനു ശേഷം ഇൻഡ്യയിൽ സർ ജാൺ ഷോർ ഗവൎണ്ണർ ജനറാൽ ആയി. ഇദ്ദേഹം ബലഹീനനായ ഒരു ഭരണാധികാരിയായിരുന്നു. ഏതദ്ദേശീയരുമായി യാതൊരു ഇടപാടും ചെയ്യാതെ കമ്പനിഡയറക്ടറന്മാരുടെ ഹിതാനുവത്തനം ചെയ്തിരുന്ന ഒരാളാണു സർ ജാൺ ഷോർ. ഇദ്ദേഹത്തിൻെറ ഭരണകാലത്തു മഹാരാഷ്ട്രരും നൈസാമുമായി ഒരു യുദ്ധം നടന്നു. അന്നു നൈസാം ഇംഗ്ലീഷ്കാരുടെ സഹായമപേക്ഷിച്ചിരുന്നു. ഷോറിൻെറ ഔദാസീന്യം നൈസാമിനു പരാജയഹേതുകമായി. വളരെ നാളായി ഇംഗ്ലീഷുകാരുടെ സഖ്യം വരിച്ചിരുന്ന നൈസാമിനെ ഈ അവസരത്തിൽ സഹായിക്കാതിരുന്നതു അനുചിതമാണല്ലോ. അതുനിമിത്തം നൈസാം ഇംഗ്ലീഷുകാരോടു അല്പം നീരസഭാവത്തിൽ വത്തിച്ചു.

അയോദ്ധ്യയിൽ സിംഹാസനത്തിന്ന ചില അവകാശവഴക്കു വന്നതിൽ ഷോർ ഇടപെടുകയും അവിടെ ആക്ഷേപാർഹമാവുകയും ചെയ്തു. എങ്കിലും അല്പം ധീരത കാണിച്ചില്ലെന്നുമില്ല. മൂന്നാമത്തെ മൈസൂർയുദ്ധാനന്തരം ടിപ്പുവിൻെറ ശക്തി ക്ഷയിച്ചതു് നാം കണ്ടുവല്ലൊ. മഹാരാഷ്ട്രർ, നൈസാം, ടിപ്പു എന്നീ മൂന്നു ശക്തികൾ പരസ്പരം സ്പദ്ധാലുക്കളായി കഴിഞ്ഞുകൂടിയിരുന്നു. യൂറോപ്പു് നെപ്പോളിയൻെറ ഭുജോഷ്മാവിൽ തപിക്കുന്ന ഈ കാലത്തു് ഫ്രഞ്ചുസഖ്യംകൊണ്ടു് ഇംഗ്ലീഷ്കാരെ ഇന്ത്യയിൽനിന്നു ബഹിഷ്കരിക്കാമെന്നുകൂടി ടിപ്പു മോഹിക്കാതിരുന്നില്ല.

ഇക്കാലത്താണു് ഏറൽഅഫ്മാൺണിങ്ങ്ടൺ ഇൻഡ്യയിൽ ഗവൺണർജനറാലായി എത്തിയതു്. ഇൻഡ്യയെ ഒരു ബ്രിട്ടീഷ്സാമ്രാജ്യമാക്കുന്നതിനുവേണ്ട മനസ്ഥൈര്യത്തോടും പ്രവൃത്തിധീരതയോടും വേണ്ടതുചെയ്ത ആദ്യ ഗവൺണർ ജനറാൽ ഇദ്ദേഹമായിരുന്നു. ഏതദ്ദേശീയരാജ്യങ്ങളെ ബ്രിട്ടീഷ്കാരുടെ മൈത്രീബന്ധത്തിൽ വരുത്തിയല്ലാതെ ഒരു സാമ്രാജ്യസ്ഥാപനം സുകരമല്ലെന്നു പൂൺണമായി വിശ്വസിച്ചിരുന്ന വെല്ലസ്ലിപ്രഭു 'സബ്സിഡിയറിസിസ്റ്റം'കൊണ്ടു് അതു നിൎവ്വഹിച്ചു. ആ വ്യവസ്ഥയിൽ പെടാത്തവരോടു യുദ്ധപ്രഖ്യാപനവും ചെയ്തു. ഇവരിൽ ടിപ്പു ഒരാളായിരുന്നതുകൊണ്ടു് നാലാം മൈസൂർ യുദ്ധത്താൽ ആ വംശം നാമാവശേഷമായി.

'സബ്സിഡിയറിസിസ്റ്റം' സ്വീകരിച്ചു മൈത്രീബന്ധത്തിൽപെട്ട തിരുവിതാംകൂറിനു ടിപ്പുവിൻെറ മരണം, അനന്തരമായ ഒരു പ്രതികാരശങ്കകൂടി ഇല്ലാതാക്കിയതു

കൊണ്ടു് നാട്ടിന്റെ നാനാമുഖങ്ങളായ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിപ്പാൻ കേശവദാസനു് അവസരം സിദ്ധിച്ചു.

വെല്ലസ്ലിപ്രഭൃതി നാട്ടുരാജ്യങ്ങളുമായി ഈ ബന്ധം എങ്ങിനെയെങ്കിലും വരുത്തണമെന്നിച്ഛിച്ച കാലത്തു് സ്വമനസാ ഈ മൈത്രിയെ വരിച്ച തിരുവിതാംകൂറിനോടും അതിന്റെ ഭരണയന്ത്രം നയിച്ചിരുന്ന കേശവപിള്ളയോടും ഗവർണ്ണർ ജനറാലിനു ബഹുമാനം തോന്നി. രാജ്യഭരണവിഷയത്തിൽ ഇത്ര തന്ത്രകുശലനായ ഒരുവനെ ഇൻഡ്യയിൽ കാണ്മാൻ സാധിക്കുന്നതല്ലെന്നു മാർണ്ണിങ്ങ്ടൺ കേശവപിള്ളയെ ഉദ്ദേശിച്ചെഴുതിയിരുന്നു. ദിവാൻജിയുടെ ഭരണനൈപുണിയെക്കുറിച്ചു കമ്പനിക്കാർക്കും ഗവർണ്ണർ ജനറാലിനും ഉണ്ടായിരുന്ന ബഹുമാനചിഹ്നമായി അദ്ദേഹത്തിനു "രാജാകേശവദാസ്" എന്ന സ്ഥാനപ്പേർ നൽകി. ഇക്കാലത്തുകൂടി അനേകംപേരുടെ ആശാസ്പദവും ചുരുക്കം ചിലർക്കു മാത്രം ലബ്ധവും അസാധാരണസാമർത്ഥ്യപ്രകടനോപാർജ്ജിതവും ആയ 'രാജാ'സ്ഥാനം അനപേക്ഷിതമായി കേശവപിള്ളയ്ക്കു ലഭിച്ചതു നോക്കുമ്പോൾ അദ്ദേഹത്തെക്കുറിച്ചു് ഇംഗ്ലീഷുകാർക്കുണ്ടായിരുന്ന മതിപ്പു് എത്രയെന്നൂഹിക്കാം.

അധീശഗവമ്മെൻറിന്റെ ആനുകൂല്യം കൊണ്ടാണു് ഇങ്ങനെ ഒരു ബഹുമാനപ്രാപ്തിക്കു് സംഗതിയായതെന്നു ആരും ശങ്കിക്കേണ്ട ആവശ്യമില്ല. തിരുവിതാംകൂർ പ്രജകൾ പുത്രനിർവിശേഷമായ ഭക്തിയോടും ആദരവോടും സ്നേഹത്തോടും അദ്ദേഹത്തെ ആരാധിച്ചു വന്നു. ഇന്നും അദ്ദേഹത്തിന്റെ പേർ 'വലിയ ദിവാൻജി' എന്നാതെ

ജനമനോമണ്ഡലത്തിൽ സുവൎണ്ണലിപികളെക്കൊണ്ടു ലേഖനം ചെയ്യിരിക്കുന്നേയുള്ളു. സ്വപ്രജകളിൽ നിന്നു് ഒരു ഭരണമേധാവിക്കു് ഐകകണ്ഠ്യേന ഇങ്ങനെ ഒരു ബഹുമാനപദം അത്ര സുലഭമല്ല. കേശവദാസനാകട്ടേ രാജാശബ്ദംകൊണ്ടു ചാരിതാൎത്ഥ്യം അടഞ്ഞതിനേക്കാൾ ധൎമ്മരാജാവിന്റെ വലിയ ദിവാൻജിയായി ജനമനോമുകുരത്തിൽ പ്രതിബിംബിക്കുന്നതിനു കുതുകിയായിരുന്നു.

ഉദാരശീലനും മഹാമനസ്കനുമായ ധൎമ്മരാജാവു വിശ്വസ്തനും പ്രത്യുല്പന്നമതിയും രാജ്യക്ഷേമൈകതല്പരനുമായ സചിവസത്തമനു് ഒരു ദേശവഴി ഇനാമായി നൽകി ആശ്രിതവാത്സല്യം പ്രദൎശിപ്പിച്ചു. യാതൊരു മനഃശ്ശുദ്ധിയാണോ തിരുമേനിയെ ഈ ഔദാൎയ്യത്തിനു പ്രേരിപ്പിച്ചതു് ആ ഗുണം കേശവദാസന്റെ സ്വാൎത്ഥത്യാഗത്തെ ജയിപ്പാൻ ശക്തമായിരുന്നില്ല. ആജന്മം അനുഭവിക്കുന്ന സകലവും തിരുമേനിയുടെ വകയെന്നിരിക്കെ ഇനാമെന്നൊന്നു സ്വീകരിക്കുന്നതു് സംതൃപ്തിയുടെ അഭാവസൂചനയെന്നു വിനയത്തോടും അഹങ്കാരലേശം കൂടാതേയും തിരുമനസ്സറിയിച്ചു കേശവദാസൻ ഇതിൽ നിന്നൊഴിഞ്ഞു. അനന്തരാവകാശികൾക്കു കഴിവാനുള്ള സ്വത്തുക്കുടി ഇപ്പോൾ തിരുമനസ്സിലെ കൃപകൊണ്ടു സിദ്ധിച്ചിട്ടുള്ളതുകൊണ്ടു് ഈ ഇനാം അവകാശപ്പെടുന്നതല്ലന്നു തിരുമനസ്സറിയിച്ചു. അയ്യപ്പൻ മാൎത്താണ്ഡപ്പിള്ള പുത്തൻചിറ തിരുവിതാംകൂറിലേക്കു സമൎപ്പിച്ചതും ഈ തിരുമേനിയുടെ കാലത്തുതന്നെയാണു്.

രാജാകേശവദാസന്റെ തറവാട്ടിലേക്കു ചെമ്പകരാമൻ എന്ന സ്ഥാനം കല്പിച്ചുനൽകി. ഈ പദവി തനി

ക്കം അമ്മയ്ക്കുമൊഴിച്ചു തറവാട്ടുകാർക്കു സിദ്ധിച്ചാൽ മതി യെന്നു് അപേക്ഷിച്ചു. ഇന്നും ആ കുടുംബത്തിലേയ്ക്കു് ഈ സ്ഥാനം ഉണ്ടു്. ഇങ്ങനെ സകല ബഹുമാനങ്ങളും കേശവദാസനെ ആശ്രയിച്ചു. അവയുടെ അത്യുച്ചമായ നിലയും വന്നുചേൎന്നു. എന്നാൽ ഈ ഭാഗ്യനില ഏറെ നാൾ നിലനിന്നില്ല. ഉച്ചസ്ഥനായ സൂൎയ്യൻ അസ്തോന്മുഖ നായിട്ടാണല്ലോ ഇരിക്കുന്നതു്.

"ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യൎക്കു്"

മഹാരാജാവിൽ നിന്നു സിദ്ധിച്ച ജീവസ്ഫുരണമാ ണു കേശവദാസനെ പ്രവൃത്തികുശലനാക്കിത്തീൎത്തിരുന്നതു്. ആ ശക്തിയുടെ തിരോധാനം കേശവദാസന്റെ തേജോവ ധത്തോടു സദൃശമായിരുന്നു. അത്രതന്നെയല്ല, മഹാരാജാ വിനെ സൎവ്വാത്മനാ സഹായിക്കുന്നതിനും, അനന്തരകാല ത്തു് രാജ്യം ഭരിക്കുന്നതിനും ഉത്തമനായ ഒരു ഭാഗിനേയൻ തിരുമേനിക്കുണ്ടായിരുന്നു. അദ്ദേഹം അല്പായുസ്സായതു ത ന്നെ ഭാഗ്യവിപൎയ്യയത്തിന്റെ ചിഹ്നമെന്നു മഹാരാജാവു് അറിഞ്ഞിരുന്നു. പ്രായപൂൎത്തി വന്നിട്ടില്ലാത്ത ആളും, ക ണ്ടിടത്തോളം കൊണ്ടു രാജോചിതലക്ഷണമൊന്നുമില്ലാ ത്ത ആളുമാണു് തന്നെ പിന്തുടരുന്നതെന്നു മഹാരാജാവി നു് അതിയായ കുണ്ഠിതമുണ്ടായിരുന്നു. എങ്കിലും അന്ത്യ വേളയോടടുത്ത മഹാരാജാവു കേശവദാസനെ വിളിച്ചു് ഇ ങ്ങനെ സവ്യാഭീഷ്ടം അരുളിച്ചെയ്തു.

"കേശവാ! ഞാൻ യാത്രയാണു്. അപ്പന്റെ ചെറുപ്പവും, ബുദ്ധിഹീനതയും എത്രത്തോളം വിഷമിപ്പിക്കു മെന്നു നിൎണ്ണയിപ്പാൻ ഇപ്പോൾ സാദ്ധ്യമല്ല. കേശവനു

ള്ള കാലത്തോളം എനിക്കു ഭയമില്ല. അതു് എത്രയെന്നു ആൎക്കറിയാം. പത്മനാഭാ! അവിടുത്തെ പാദാൎപ്പണമാണേ വേണാട്ടു്. കേശവാ! അപ്പന്റെ മൗഢ്യങ്ങളെ ക്ഷമിച്ചു വേണ്ടതു് ഉപദേശിക്കണം".

മഹാരാജാവിന്റെ ഈ ചരമവാക്യങ്ങൾ കേശവദാസന്റെ ശ്രവണപുടങ്ങളിൽ സദാ മുഴങ്ങിക്കൊണ്ടിരുന്നു.

കേശവദാസന്റെ ജീവിതകാലം നീണ്ടാൾ നിലനിന്നില്ല. അടുത്ത ഒരുകൊല്ലംകൊണ്ടു രാജ്യത്തിനു നാശഹേതുകവും, രാജാവിനു അയശസ്കരവും, കേശവദാസനു് ആപല്ക്കരവും, പ്രജകൾക്കു വ്യസനകരവും ആയ സംഭവങ്ങൾ ഒന്നോടെ സമുദയം ചെയ്തു. രാമവൎമ്മമഹാരാജാവിന്റെ നിൎയ്യാണത്തോടുകൂടി തിരുവിതാംകൂറിന്റെ സുശോഭനചരിത്രത്തിനു് ഒരു കളങ്കം സംഭവിച്ചു എന്നു തന്നെ പറയാം.

അടുത്ത മഹാരാജാവായ ബാലരാമവൎമ്മയ്ക്കു പതിനാറു വയസ്സു മാത്രമെ പ്രായമുണ്ടായിരുന്നുള്ളു. പ്രായത്തിലും ബുദ്ധിയിലും ഒരുപോലെ ചെറുപ്പമായിരുന്നതുകൊണ്ടു ബാലരാമവൎമ്മരാജാവു പാൎശ്വസേവികൾക്കു് അധീനനായി. അജ്ഞന്മാരും, അസൂയാലുക്കളുമായ ഏതാനും ചിലർ നീചസ്വാൎത്ഥത്തിനു വേണ്ടി രാജാവിനെ വലയം ചെയ്തിരുന്നു. ഇവരിൽ പ്രധാനി "ഊഢിയരി ജയന്തൻ ശങ്കരൻ നമ്പൂരി" എന്നൊരാളാണു്. ഇദ്ദേഹം വിദ്യാവിഹീനനും, ദുർബ്ബുദ്ധിയും, ചപലനും, ദുരാഗ്രഹിയുമായിരുന്നു. യുവാവെന്നുതന്നെയല്ല, പല ചാപല്യവുമുള്ള രാജാവിനെ സ്വാൎത്ഥലാഭത്തെ മാത്രം മുൻനിറുത്തി പലപ്പോഴും ഹീനമാൎഗ്ഗങ്ങളിൽ നയിച്ചിരുന്നു. അപ്പോഴെല്ലാം നമ്പൂരിയുടെ ദൃഷ്ടി മന്ത്രിപദത്തെ ലാക്കാക്കിയിരുന്നു.

മന്ത്രിപാദം എത്ര ഭാരമേറിയതെന്നോ അതിന്റെ നിർവ്വഹണം ശ്രമസാദ്ധ്യമെന്നോ അറിവാനുള്ള ബുദ്ധി നമ്പൂരിക്കില്ലെങ്കിലും ദുർമ്മോഹപൂരണത്തിനു് അതു് ഒരു സാധകോപകരണമെന്നു് ആ സ്വാർത്ഥപരൻ അറിഞ്ഞു. ദുർമ്മോഹം വിവേകത്തോടൊന്നിച്ചുപജീവിക്കയില്ലല്ലോ. മന്ത്രിപദം ഒരു പുഷ്പതല്പമെന്നേ ആ മൂഢൻ ദർശിച്ചുള്ളു. രാജ്യത്തിനകത്തും പുറത്തും മന്ത്രിയുടെ ഓരോ പ്രവൃത്തിയേയും അനുകൂലമായും പ്രതികൂലമായും നിരീക്ഷണം ചെയ്യുന്ന എത്ര ഗൂഢശക്തികൾ ഉണ്ടെന്നോ, അവയോടെങ്ങനെ അനുവർത്തിക്കണമെന്നോ ഒരു ബുദ്ധിഹീനനു് അറിവാൻ തന്നെ സംഗതിയില്ലല്ലോ. ആരോടെല്ലാം ഉത്തരം പറയേണ്ടിവരുമെന്നോ, ആരുടെ മുമ്പിലെല്ലാം അസ്തപൗരുഷനാകുമെന്നോ ഒരു ദുരാഗ്രഹി എങ്ങനെ അറിയും? ശരീരമനസ്സുകളുടെ സമഗ്രശിക്ഷണം കൊണ്ടു ബലീയസിയായ ഒരു കൃത്യപാടവം സിദ്ധിച്ച കേശവദാസൻ തീവ്രയത്നം കൊണ്ടു സുസ്ഥിരമാക്കിയ ആ സ്ഥാനം ക്രീഡാകന്ദുകമെന്നു് ആ ചപലൻ വ്യാമോഹിച്ചു പോയി.

ഉദ്ദേശസിദ്ധിക്കായി നീചന്മാർ ചെയ്യുന്ന ഹീനകൃത്യങ്ങൾ ചിലപ്പോൾ മനുഷ്യബുദ്ധിക്കു തന്നെ വിഷയമല്ലാതെ വന്നേക്കാം. കർണ്ണേജപന്മാരുടെ ഏഷണിപ്രയോഗങ്ങൾ ദുർബലന്മാരിൽ സുഖസാദ്ധ്യമായും കാണുന്നുണ്ടു്. നമ്പൂരിദ്വിജന്റെ ദ്വിജിഹ്വത്വം ബാലരാമവർമ്മയിൽ കുറച്ചു കളിയാടിയപ്പോൾ കേശവദാസന്റെ സദുപദേശം മഹാരാജാവിനു് അഹിതമായി. ഒന്നിനൊന്നു് ഏറിയേറിവന്ന രാജവിരോധത്താൽ കേശവദാസദർശനം പോലും നിഷേധിക്കപ്പെട്ടു. അത്യാവശ്യകാര്യങ്ങൾക്കു മാത്രമല്ല, സ

റ്റുസംഗതികളിലും 'അപ്പനെ ഉപദേശിക്ക'ണമെന്ന അന്ത്യ ശാസനം കേശവദാസന്റെ ചെവിയിൽ മുഴങ്ങുന്നു. മുഖം കാണിപ്പാൻ പോലും അനുവാദമില്ലാതെ ആ കേശവദാ സൻ കുഴങ്ങുന്നു!

ശങ്കരൻനമ്പൂരിയുടെ രംഗം ശുദ്ധമായി. തോട്ടപ്പാ യി നമ്പൂരി കൂടി ആ രംഗത്തിൽ ഇപ്പോഴുണ്ട്. മാർത്താ ണ്ഡവർമ്മമഹാരാജാവിന്റെ കാലത്തു തന്നെ "കരപ്പുറം" ദേശം കൊച്ചീരാജാവു് തിരുവിതാംകൂറിലേക്കു വിട്ടുകൊടു ത്തിരുന്നു. ആ പ്രദേശങ്ങളെ തിരിച്ചു കൊടുക്കുന്നതിനു വേ ണ്ട ഗൂഢതന്ത്രങ്ങളും പ്രയോഗിച്ചുകൊണ്ടാണു തോട്ടപ്പായി ഇവിടെ കൂടിയിരിക്കുന്നതു്. ഇതാ അതിനുള്ള കാലം തെളി ഞ്ഞിരിക്കുന്നു. അതിഗൂഢമായി ഒരു നീട്ടെഴുതി മഹാരാജാ വിനെക്കൊണ്ടു തുല്യം ചാർത്തിച്ചു തോട്ടപ്പായി നമ്പൂരിയെ ഏല്പിച്ചു. ശങ്കരൻ നമ്പൂരി മഹാരാജാവിനെ അതിനു വ ശഗനാക്കി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. കരപ്പുറം ദേശം കൊച്ചീവകയെന്നു നമ്പൂരിമാർ ഉറച്ചു. ആരുമറി യാതെ തോട്ടപ്പായി യാത്രയും തിരിച്ചു.

സ്വവസതിയിൽ നിന്നു് അധികമൊന്നും ഇറങ്ങാ തെ തന്നെ കഴിഞ്ഞുകൂടുന്ന കേശവദാസനു് ഏതോ അ ശുഭഭാവിയെ അനതിദൂരമായി ദർശനം ചെയ്യാൻ സാധിച്ചു. വ്യോമകടാഹവൃത്തത്തേപ്പോലും അതിലംഘിച്ചു പരമാ ർത്ഥം അറിയുന്ന പ്രതിഭ കേശവദാസനെ നീട്ടോടുകൂടി പ ലായനം ചെയ്യുന്ന നീചനെ ദർശിപ്പിച്ചു. ഉടൻ അശ്വാ രൂഢനായി കേശവദാസനും പുറപ്പെട്ടു. പറവൂർ ഊട്ടുപു രയിൽ നിന്നു തിരുവിതാംകൂറിന്റെ ഔദാര്യവിഭവങ്ങൾ ആകണ്ഠം നിറച്ചും അതിന്റെ ജീവരക്തപ്രസരണം ചെ

യ്യുന്ന നാഡിയെ ബദ്ധമുഷ്ടിയായി ഗ്രസിച്ചും ആ ബ്രാഹ്മണനാമധാരി പുറത്തിറങ്ങിയതും സ്വാദവികലനായി കേശവദാസൻ അശ്വാവരോഹണം ചെയ്തതും ഏതാണ്ട് ഒരേ മുഹൂൎത്തത്തിൽത്തന്നെ കഴിഞ്ഞു.

നീചകൎമ്മം ചെയ്യുന്ന ഒരുവനെ ഭീരുത്വം വിട്ടൊഴിയുന്നതല്ല. കേശവദാസന്റെ മുമ്പിൽ നിന്ന ജീവനും നീട്ടും കൊണ്ടു സുഖനിൎഗ്ഗമനം സാദ്ധ്യമല്ല. പ്രിയതരമായ ജീവനും കൊണ്ടു നമ്പൂരിയും, നീട്ടം വാങ്ങി അശ്വാരൂഢനായി കേശവദാസനും രണ്ടു വിപരീതഗതിയിലൂടെ പ്രയാണം ചെയ്തു.

തിരുവിതാംകൂറിൽ ജനിച്ചുവളൎന്നിട്ടുള്ളവർ ഒരുപോലെ ഇന്നും അഭിമാനിക്കുന്ന ഒരുൽകൃഷ്ടകൎമ്മമാണു കേശവദാസൻ അന്നു സാധിച്ചതു്. പക്ഷെ അതു് ഏതൊരു സ്ഥാനത്തു് അൎപ്പിക്കപ്പെട്ടുവോ അവിടെ ഫലവൈപരീത്യം പ്രത്യക്ഷപ്പെട്ടു. നമ്പൂരിദ്വിജിഹ്വന്റെ ദംശനം കൊണ്ടു് വിഷമൂൎച്ഛിതനായ തിരുമേനിക്കു കേശവദാസന്റെ മധുരനൈവേദ്യം തിക്തകമായതു് അത്ഭുതാവഹമല്ല.

നിരാശാകലുഷമായ നമ്പൂരിയുടെ നീചമനോഭാവം കേശവദാസനെ ഹിംസിക്കുന്നതിനുള്ള മാൎഗ്ഗങ്ങളിൽ എത്തി. ദിവാൻപദത്തിൽ നിന്നു കേശവദാസനെ മാററണമെന്നു നമ്പൂരി നിൎബന്ധിച്ചു. ഭീരുത്വം മഹാരാജാവിനെ ഇതിനു ശക്തനാക്കിയില്ലെങ്കിലും കൊട്ടാരത്തിൽ കടന്നുകൂടാ എന്നൊരു കല്പനയ്ക്കു വേണ്ട മനസ്സാന്നിദ്ധ്യം തിരുമേനിക്കുണ്ടാക്കിത്തീൎത്തു.

രാജ്യകാൎയ്യങ്ങൾ ഒന്നുംതന്നെ നടത്തുന്നതിനു നിവൃത്തിയില്ലാതെ അദ്ദേഹം സ്വഭവനത്തിൽ തന്നെ കഴിഞ്ഞുകൂടി. അദ്ദേഹത്തിന്റെ ഗതികളേയും പ്രവൃത്തികളേയും സൂക്ഷിച്ചറിഞ്ഞു പറയുന്നതിനും, അദ്ദേഹം രാജ്യംവിട്ടു പോകാതിരിപ്പാനും അദ്ദേഹത്തിന്റെ ഗൃഹത്തിൽ ഒരു ഗാട്ടും ഇട്ടു. എന്നാൽ കേശവദാസനു തന്നെ സംബന്ധിച്ച് ഇതു് ഒരു കുറവായിത്തോന്നിയില്ല. ഈ നീചന്റെ ദുരാചാരവും ദുസ്വാതന്ത്ര്യവും നാട്ടിനും നാട്ടുകാൎക്കും സൎവ്വോപരി രാജകുടുംബത്തിനും വലിച്ചുവക്കുന്ന അപരാധങ്ങളെ ഓൎത്തു് ആ ഭക്തദാസനു് അല്പം വികല്പമുണ്ടാകാതേയും ഇരുന്നില്ല. കേശവദാസന്റെ ഈ ശാന്തജീവിതംപോലും നീചബുദ്ധികളായ ദുഷ്ടവൎഗ്ഗത്തിനു സഹ്യമായിരുന്നില്ല. "ഈ സിംഹത്തെ കൂട്ടിനകത്തടച്ചാലും അതിന്റെ രാജത്വം പ്രശോഭിക്കതന്നെ ചെയ്യും" എന്ന പരമാൎത്ഥം നമ്പൂരി അയാളുടെ നീചബുദ്ധിയിൽക്കൂടി ദൎശിച്ചു. ഏതു നീചകൎമ്മവും ചെയ്യുന്നതിനു ദുൎമ്മോഹം പ്രേരിപ്പിക്കുമ്പോൾ "അരുതേ, അരുതേ" എന്നു വിലക്കുന്ന മനുഷ്യസഹജമായ മനഃസാക്ഷി ഈ നീചനുണ്ടോ എന്നു സംശയമാണു്. അഥവാ അങ്ങനെ ഒന്നു് അയാളിൽ ഉണ്ടായിരുന്നുവെങ്കിൽ അതു ലോഭനിമീലിതമായിത്തന്നെ ഇരുന്നിരിക്കണം.

മന്ത്രിപദം ലോഭനീയംതന്നെ. അതിന്റെ പ്രാപ്തിക്കുള്ള ബദ്ധപ്പാടും അതികലശലായിരുന്നു. കൃത്യബോധമില്ല; നീതിനിഷ്ഠയില്ല; രാജഭക്തിയില്ല; പ്രജാവാത്സല്യമില്ല; മന്ത്രിപദം ലോഭനീയവുമാണു്. ഇങ്ങനെയുള്ള ഒരുവൻ നരബലികൊണ്ടും നീചതൃഷ്ണയെ ശാന്തപ്പെടുത്തുമോ എന്നു ചരിത്രംതന്നെ പറയട്ടെ.

തിരുവിതാംകൂറിനെ മരുഭൂമിയാക്കുന്നുണ്ടെന്നു പ്രതിജ്ഞയും ചെയ്തു് അതിനുവേണ്ട വ്യൂഹസന്നദ്ധതയോടെ ടിപ്പുസുൽത്താൻ സീമാവിലംഘനം ചെയ്തു എന്നറിഞ്ഞപ്പോഴും തന്നെ വിട്ടുപിരിയാതെ നിന്ന പ്രത്യുൽപന്നമതി നാടുനീങ്ങിയ തിരുമേനിയുടെ ചരമശാസനത്തിൽ വിലീനമായോ? ഊഹത്തിന് അഗോചരമായ സംഗതിയെക്കുറിച്ചു് എന്തിനു ചിന്തിക്കുന്നു?

യാതൊരസ്വാസ്ഥ്യവും ശരീരത്തെ ബാധിക്കാതെ സ്വവസതിയിൽ കഴിഞ്ഞുകൂടുന്ന ഒരു ദിവസം—ഹാ ധർമ്മരാജ്യമേ! നിൻെറ കാളരാത്രി—അത്താഴവും കഴിഞ്ഞു ശയ്യാഗൃഹത്തിലേക്കുപോയ കേശവദാസൻ അടുത്ത കർമ്മസാക്ഷിയെ ദർശിച്ചില്ല.

ധർമ്മരാജ്യമേ! സുധാധവളിതഹർമ്മ്യം നിർമ്മിച്ചു ഹിമവൽസേതുപര്യന്തം പരരാഷ്ട്രങ്ങൾക്കു മാതൃകയാക്കി നിന്നെ വാഴിച്ച ആ ദിവ്യവിഗ്രഹത്തിൻെറ ചരമവൃത്താന്തം നിൻെറ ശുഭ്രഭിത്തികളിൽ മാർജ്ജനം ചെയ്യാൻ സാധിക്കാത്തവണ്ണം കറുത്തമഷികൊണ്ടു് ആലേഖനംചെയ്ത ആ ഖലവൃത്തികളെ വഹിച്ചാണോ നീ 'സർവ്വംസഹാ' എന്ന അഭിധാനത്തെ സാർത്ഥവത്താക്കുന്നതു?

അടുത്ത അരുണോദയം കേശവദാസൻെറ ചരമവൃത്താന്തശ്രവണംകൊണ്ടു് അമംഗലമായി ഭവിച്ചു. കാട്ടുതീ പോലെ പടർന്നുപിടിച്ച ദുർമ്മരണശങ്ക ജനാവലിയെ കണ്ണുനീരിൽ ആറാടിച്ചു. അന്നു പത്മനാഭസ്വാമിയുടെ ആറാട്ടുദിനവുമായിരുന്നു.

ഖലപ്രകൃതികളായ നമ്പൂരിപ്രഭൃതികളുടെ ദുന്നയ നിമ്മയ്യാദയെ ഭയന്നു പൌരാവലി ശാന്തരായി.

സ്വരാജ്യത്തിനും സ്വസ്വാമിക്കുംവേണ്ടി മാത്രം നിരന്തരം പ്രയത്നിക്കുകയും കഷ്ടപ്പെടുകയും ചെയ്ത ഒരു സൽപുരുഷൻെറ ജീവിതത്തിനു് ഇപ്രകാരം വരുത്തിയ വിധിവൈപരീത്യം, മനുഷ്യബുദ്ധിക്കു ദുർഗ്രാഹ്യമെന്നേ പറവാനുള്ളു. കേശവദാസൻെറ ശത്രുക്കളായ നീചസംഘത്തിനു് അദ്ദേഹത്തിൻെറ ദേഹനാശം വരുത്താൻ കഴിഞ്ഞു എങ്കിലും അദ്ദേഹത്തിൻെറ കീത്തിധാവള്യത്തെ സ്പശിപ്പാൻപോലും സാധിക്കയില്ല, സാധിച്ചുമില്ല. നിമ്മലവും നിഷ്കളങ്കവുമായ അദ്ദേഹത്തിൻെറ യശശ്ചന്ദ്രൻ ഇന്നും തിരുവിതാംകൂർനഭോമണ്ഡലത്തിൽ ശരച്ചന്ദ്രനായി പൂണ്ണനായിത്തന്നെ ശോഭിക്കുന്നു. രാജാകേശവദാസൻ എന്ന നാമംതന്നെ സ്നേഹഭക്തിബഹുമാനങ്ങളെ അങ്കുരിപ്പിക്കുന്ന ഒരു മന്ത്രശക്തിയായിത്തീന്നിട്ടുണ്ടു്. 'ടിപ്പുവിൻെറ പടയും' 'വലിയ ദിവാൻജിയുടെ കഥയും' ഇന്നും രസകരമായ ഒരു സംഭാഷണവിഷയമായി കേൾക്കാവുന്നതാണു്. കാളിദാസൻെറ ഒരു ശ്ലോകം കേശവദാസനേയും സംബന്ധിച്ചാണോ എന്നു തോന്നിപ്പോകും.

"ഇക്ഷുച്ഛായാനിഷാദിന്യാ
സ്തസ്യഗോപ്തുർഗുണോദയം
ആകുമാരകഥോൽഘാതം
ശാലീഗോപ്യോജഗുയ്യശഃ

കേശവദാസൻെറ മരണം എങ്ങനെ സംഭവിച്ചു എന്നു് ഇന്നും വെളിവായിട്ടില്ല. ഖലനായ ശങ്കരൻന

മ്പൂരിയുടെ പ്രേരണയാൽ ഇദ്ദേഹത്തിനു വിഷം കൊടുത്തു കൊന്നു എന്നാണ് ഊഹിക്കപ്പെട്ടിരിക്കുന്നതു്. ഇതിനെക്കുറിച്ചു റസിഡണ്ടും അന്വേഷണം നടത്തി. ഊഹം ഈ വഴിയെതന്നെ മരണം പ്രാപിച്ചതായിട്ടാണ്. ഏതാനും ചിലരെ സംശയിച്ചു പിടിച്ചു എങ്കിലും എതിർശക്തിയുടെ പ്രാബല്യംകൊണ്ടു വിശ്വസനീയമായ ഒരു തെളിവും കിട്ടിയില്ല.

ഈ ദുഷ്പ്രവൃത്തിയുടെ കർത്താക്കളാരുതന്നെയായിരുന്നാലും അവർ രാജ്യദ്രോഹികളായിരുന്നു എന്നുള്ളതിനു തക്കമില്ല. തിരുവിതാംകൂറിൻെറ അനന്തരചരിത്രം നോക്കുന്നതായാൽ 'നമ്പൂരിമൂമ്പായ ഖലസമിതി'യുടെ ദുർഭരണംനിമിത്തം രാജ്യത്തിനുവന്ന അടിമത്തം, അരാജകത്വം, വിപ്ലവം, കൊല എന്നിവ ഏറെക്കുറെ മനസ്സിലാക്കാവുന്നതാണ്.

അന്യായകർമ്മംകൊണ്ടു് അനർഹമൊ, അർഹമോ ആയ സ്ഥാനം സ്വാധീനമാക്കിയാൽ ആ കർമ്മം പ്രതികരിക്കാതിരിക്കയില്ല. "വിതച്ചതേ കൊയ്യൂ" എന്ന മഹദ്വാക്യം നമ്പൂരി അക്ഷരംപ്രതി അനുഭവിച്ചു. അടുത്ത കാലത്തുതന്നെ നമ്പൂരിയെ നാടുകടത്താനും മററു ഖലന്മാരെ ഉചിതമായി ശിക്ഷിക്കാനും മറെറാരാൾ ഉണ്ടായി.

കേശവദാസൻെറ ദേഹവിയോഗകാലത്തു് അദ്ദേഹത്തിനു് അറുപതു വയസ്സുതന്നെ ആയിരുന്നില്ല. അരോഗദൃഢമായ ഗാത്രവും, അപ്രാപ്യവസ്തുക്കളെ ദുർമ്മോഹത്തിനു വശപ്പെടുത്താത്ത മനസ്സും സ്വാധീനമായിരുന്ന അദ്ദേഹം ദീർഘായുരാരോഗ്യം അനുഭവിക്കുമായിരുന്നു എന്നു നമു

ഗ്രഹിക്കാം. എന്നാൽ അരാജകത്വവും, വിപ്ലവവുംകൊണ്ടുണ്ടായ അടിമത്വവും, വിദേശമേധാവിത്വവും നാം അനുഭവിക്കേണ്ടതായി വരികയില്ലായിരിക്കാം. നമ്മുടെ നാടിൻെറ നില, കൃഷി, കൈത്തൊഴിൽ, കച്ചവടം എന്നിവകൊണ്ടു സുശോഭനവും ആകുമായിരുന്നു.

കേശവദാസനോടു ചെയ്തുപോയ അപരാധം അവിടംകൊണ്ടവസാനിച്ചില്ല. ദുഷ്കർമ്മത്തിനുള്ള ഒരാവേശം മാത്രമാണിതു്. അദ്ദേഹത്തിൻെറ വംശത്തിലുള്ളവരേക്കൂടി ഈ ദുഷ്ടന്മാർ സംശയിച്ചുതുടങ്ങി. സേനാനിയായ അനുജനേയും, പേഷ്കാരായിരുന്ന ഭാഗിനേയനേയും, കേശവദാസൻെറ കുടുംബാംഗം ആയി എന്ന മഹാപരാധത്തിനു ശിരച്ഛേദംചെയ്തു. കേശവദാസൻെറ മൂന്നു വീടുകളിലും ഉണ്ടായിരുന്ന സ്ഥാവരജംഗമങ്ങളെല്ലാം കണ്ടുകെട്ടി. നിധി വച്ചിട്ടുണ്ടെന്ന ശങ്കകൊണ്ടു വീടുകളെല്ലാം കുഴിച്ചുനോക്കുകയും, നിരകൾ മറിച്ചു പരിശോധിക്കയും ചെയ്തു.

ദുർമ്മോഹികളായ ഈ ഖലന്മാർ അവരുടെ ചിത്തവൃത്തിയാകുന്ന ദർപ്പണത്തിൽക്കൂടി നോക്കിയതുകൊണ്ടു മാത്രമാണു കേശവദാസൻെറ ഗൃഹത്തിൽ നിധി ദർശിച്ചതു്. രാജസേവനമോ, രാജ്യസേവനമോ, ധനാർജ്ജനത്തിനെന്നോ ഇവർ ധരിച്ചിട്ടുള്ള. ത്യാഗമെന്നതു് എന്തെന്നുപോലും ഇവർ ഗ്രഹിച്ചിട്ടില്ല. ഭഗിനീഭാഗിനേയിമാരുടെ ഭർത്താക്കന്മാരിൽനിന്നു കിട്ടിയിരുന്ന സമ്പാദ്യംക്കൂടി സക്കാരിലേയ്ക്കെന്നുപറഞ്ഞു കണ്ടുകെട്ടി. ഭാര്യമാരുടെ വീടുകളും പരിശോധിച്ചു് ആഭരണാദികൾ അപഹരിച്ചു.

കേശവദാസൻെറ ഉദ്യോഗജീവിതത്തെ സംബന്ധിച്ചാണു് ഈ പുസ്തകത്തിൽ അധികം പറഞ്ഞിട്ടുള്ളതു്.

എന്നാൽ ഒരു പുരുഷൻെറ ജീവിതത്തിൽ സാരമായിട്ടുള്ളതും അന്തരാത്മാവിനെ സ്പർശിക്കുന്നതുമായ അംശം അയാളുടെ ഗാർഹികജീവിതമാണ്. ആ ഭാഗത്തെ സംബന്ധിച്ചു മൗനം അവലംബിക്കുന്ന ജീവചരിത്രം അപൂർണ്ണമായേ ഇരിക്കുന്നുള്ളൂ. ഈ ആക്ഷേപം പരിഹരിക്കാൻ ചെയ്ത ശ്രമങ്ങൾ അനിവാര്യങ്ങളായ ചില കാരണങ്ങളാൽ വിഫലങ്ങളായി ഭവിച്ചതേയുള്ളൂ. കേശവദാസൻെറ ജീവചരിത്രത്തിൽ ഈ ഭാഗം ഇന്നും അന്ധകാരത്തിൽ മറഞ്ഞിരിക്കുന്നു. കാലവിപര്യയംകൊണ്ടും വൈരിവിക്രിയകൾകൊണ്ടും ഉണ്ടായിരുന്ന രേഖകൾ എല്ലാം നഷ്ടമായിപ്പോയി. ഇരുട്ടിനിടയിൽ അങ്ങിങ്ങായി മിന്നുന്ന ചിലതെല്ലാം ഉണ്ട്. അവയിൽ ചിലതിനെ മാത്രമേ ഇവിടെ പ്രസ്താവിക്കാൻ സാധിക്കയുള്ളുവെന്നു പറഞ്ഞുകൊള്ളുന്നു.

കേശവപിള്ള ദിവാൻജിയാകുന്നതിനുമുമ്പുതന്നെ വിളവങ്കോട്ടുതാലൂക്കിൽ അരുമനപ്പകുതിയിൽ നങ്കക്കോയിക്കൽവീട്ടിൽ 'അരത്തമപ്പിള്ളത്തങ്കച്ചിയേ' വിവാഹം ചെയ്തു. സൽസ്വഭാവംകൊണ്ടും സൗന്ദര്യംകൊണ്ടും ശോഭിച്ചിരുന്ന ഈ വനിതാരത്നത്തെ

കളത്രവന്തമാത്മാനം
അവരേധേ മഹത്യപി
തയാമേനേമനസ്വിന്യാ
ലക്ഷ്മ്യാ ച വസുധാധിപഃ.

ഇദ്ദേഹത്തിനു വേറേയും ഭാര്യമാരുണ്ടായിരുന്നു. യുദ്ധകാര്യങ്ങൾക്കായി പറവൂർ താമസിച്ചിരുന്നകാലത്തു വട

ക്കേര ഒതുമ്പൻകാട്ടവീട്ടിൽനിന്നും ഒരു സ്ത്രീയെ വിവാഹം ചെയ്തതായി മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. പള്ളിച്ചൽ എന്ന സ്ഥലത്തു മണയലത്തറവീട്ടിൽ ലക്ഷ്മിപ്പിള്ളയെന്നൊരു സ്ത്രീയെ വിവാഹം ചെയ്തിരുന്നു എന്നും അവർ ദീർഘായുസ്സായിരുന്നു എന്നും കേട്ടിട്ടുണ്ട്.

ഇദ്ദേഹത്തിൻെറ സ്വന്തകാൎയ്യങ്ങൾ അന്വേഷിക്കുന്നതിനു കണ്ണന്തുറ കുഞ്ചുനീലൻപിള്ള എന്നൊരാളെ നിയമിച്ചിരുന്നു. അംഗരക്ഷകന്മാരായി ഏതാനും പട്ടാണികൾ അദ്ദേഹത്തിൻെറ കൂടെ സദാ ഉണ്ടായിരുന്നു. ഇവർ കായികാഭ്യാസികളായിരുന്നു എന്നും കേട്ടിട്ടുണ്ട്. ഇദ്ദേഹത്തിൻെറ ദിനചൎയ്യയും ഭക്ഷണക്രമവും ഏതാണ്ടു പട്ടാണികളെ അനുകരിച്ചായിരുന്നു. തൻെറ ജനനസ്ഥലമായ ത്രാവിളാകത്തു് ഒരു നല്ല വീടു പണിയിച്ചു മാതാവിനേയും ഇളയ സഹോദരിയേയും താമസിപ്പിച്ചു. ഇവർ മരണംവരെ ഇവിടെത്തന്നെയാണു താമസിച്ചിരുന്നതു്. ഇപ്പോൾ ശേഷക്കാരനായ മി. രാമൻതമ്പി ഈ ഗൃഹത്തിലാണു താമസിക്കുന്നതു്. ഈ വീടു് ഇപ്പോഴും നല്ല സ്ഥിതിയിൽത്തന്നെ ഇരിക്കുന്നു. കേശവപിള്ളയുടെ മാതാവിനെ രണ്ടാമതു വിവാഹംചെയ്ത നമ്പൂരിയുടെകൂടെ ആശ്രിതനായ ഒരു മൂത്തതു് ഉണ്ടായിരുന്നു. നമ്പൂരിയുടെ ആഗ്രഹമനുസരിച്ചു് ഈ മൂത്തതിനു കുന്നത്തൂർ ഒരു ഗൃഹം പണിയിച്ചുകൊടുത്തു. ആ മൂത്തതിൻെറ ശേഷക്കാർ ഇന്നും അവിടെത്തന്നെ കഴിഞ്ഞുപോരുന്നു.

ജന്മഭൂമിയായ കുന്നത്തൂരിനു സമീപം പുതുക്കട എന്നു പറഞ്ഞുവരുന്ന ഒരു സ്ഥലമുണ്ടു്. അവിടെയുള്ള കുറെ വസ്തുക്കൾ വിലയ്ക്കു വാങ്ങി കടകൾ പണിയിച്ചു തിരു

നൽവേലി മുതലായ സ്ഥലങ്ങളിൽ നിന്ന ചെട്ടികളെ വരുത്തി കച്ചവടമുറപ്പിച്ചു. ഈ തെരുവിന്നു തൻെറ മാതുലൻെറ സ്മാരകമായി ചെമ്പകരാമൻ പുതുത്തെരുവെന്നു പേരിടുകയും ചെയ്തു. ഇവിടെ ആദ്യമായി കച്ചവടം തുടങ്ങിയ അന്നു് എല്ലാ കടകളിൽ നിന്നും ആദ്യം സാമാനം വാങ്ങിയതു കേശവപിള്ളയെന്നു കേട്ടിട്ടുണ്ടു്. ഈ സ്ഥലത്തു "രാജാകേശവദാസ്" എന്നുപേരുള്ള ഒരു പള്ളിക്കൂടം ഇപ്പോഴും ഉണ്ടു്.

ക്രാവിളാകത്തു പുത്തൻവീടിന്നു സമീപം നെട്ടുവാനി എന്നൊരു വീടുകൂടി ഇദ്ദേഹം പണിയിച്ചതായി കേൾവിയുണ്ടു്. ഇന്നു് അവിടം ഒരു കുളമാണു്. നെട്ടുവാനിക്കുളമെന്നു തന്നെ പേരും പറയുന്നു. അദ്ദേഹത്തിൻെറ മരണാനന്തരം വൈരികളുടെ വിക്രിയയാണു് ഈ കുളമെന്നു് ഒരു ഐതിഹ്യമുണ്ടു്. വീടു നശിപ്പിച്ചു് അവിടെ ഒരു കുളം താഴ്ത്തിയെന്നു പറയുന്നതു് എത്രത്തോളം വിശ്വാസയോഗ്യമെന്നു തീച്ചപറവാൻ തരമില്ല.

ശങ്കുണ്ണിമേനവൻെറ ചരിത്രത്തിൽ കാണുന്ന കേശവദാസൻെറ പടം കൊട്ടാരഭിത്തിയിൽ എഴുതിയിട്ടുള്ള ഛായയുടെ പകപ്പെന്നു കേട്ടിട്ടുണ്ടു്. അതിനെ അടിസ്ഥാനപ്പെടുത്തി ആകൃതിയേയും, പ്രകൃതിയുടെ ബാഹ്യസ്ഫുരണമാണു ആകൃതിയെന്ന സാമാന്യതത്വത്തെ അടിസ്ഥാനപ്പെടുത്തി പ്രകൃതിയേയും പററി ഒന്നുരണ്ടു വാക്കു പറയുന്നതു് അസ്ഥാനത്തിലായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. അദ്ദേഹം അശേഷവും പൊക്കംകൂടിയവനല്ല. വേണമെങ്കിൽ അല്പംകൂടി ഉണ്ടായിരിക്കുന്നതു് ആകൃതിയുടെ സൗഭാഗ്യത്തെ പോഷിപ്പിക്കതെന്നെ ചെയ്യും. അതിനാൽ അദ്ദേഹ

ത്തെ ഹ്രസ്വകായനെന്നു തന്നെ പറയണം. ചെറുപ്പം മുതൽക്കുതന്നെ വ്യായാമത്തിൽ ഉള്ള തല്പരതകൊണ്ടു് അരയൊതുങ്ങിയും മാറു വിരിഞ്ഞും കൈകൾ ഉരുണ്ടു നീണ്ടും കാണപ്പെടുന്നു. അംഗങ്ങളുടെ സൗഷ്ഠവവും ആരോഗ്യലക്ഷണവും അദ്ദേഹത്തെ സുമുഖനാക്കുന്നുണ്ടു്.

അദ്ദേഹത്തിന്റെ നേത്രങ്ങൾ ബുദ്ധികൂർമ്മതയേയും ചിന്താശീലത്തേയും പ്രശാന്തമായ ഗാംഭീര്യത്തേയും സൂചിപ്പിക്കുന്നു. മുഖം സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്ന ഒരു ദർപ്പണം തന്നെയാണു്. സ്വരാജ്യസ്നേഹം, സ്വാമിഭക്തി, വിനയം, പരിശ്രമശീലം, ധീരത, ദീർഘദർശിത്വം സൗജന്യം, ഔചിത്യം, സ്വേച്ഛാവർജ്ജനം എന്നിങ്ങനെ ഉത്തമപുരുഷന്മാർക്കു് ഇണങ്ങിയ പല ഗുണങ്ങളും ഇദ്ദേഹത്തിൽ സവിശേഷം ശോഭിച്ചിരുന്നു എന്നു ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ടു്.

നാട്ടുരാജ്യങ്ങളിൽ പലതിനോടും ഇടപെട്ട മാർണിങ്ങ്ടൻ കേശവപിള്ളയിൽ വിവേകം, കാര്യശേഷി എന്നീ ഗുണങ്ങൾ പ്രശംസാർഹമാംവണ്ണം കാണപ്പെടുന്നുണ്ടെന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു. യൂറോപ്യന്മാരിലും നാട്ടുകാരിലും പല മാന്യന്മാരും കേശവപിള്ളയുടെ സ്വഭാവവൈശിഷ്ട്യത്തെ അത്യാദരവോടെ സ്തുതിച്ചു പറഞ്ഞിട്ടുണ്ടു്.

കരപ്പുറം കൊച്ചിക്കു വിട്ടുകൊടുത്ത നീട്ടുംകൊണ്ടു പോകുന്ന തോട്ടപ്പായി നമ്പൂരിയോടു് അതു മടക്കി വാങ്ങിയ സാഹസം രാജ്യസ്നേഹത്തെ വെളിവാക്കുന്നില്ലേ? ഈ പ്രവൃത്തി ആപൽക്കരമെന്നറിഞ്ഞിട്ടും സ്വാത്മാവിനേക്കാൾ സ്വരാജ്യത്തിനു മഹിമയുണ്ടെന്നറിഞ്ഞ കേശവദാസൻ സ്വാർത്ഥത്യാഗമല്ലേ ആചരിച്ചതു്? കല്ലിച്ചിനാമാ

യിക്കൊട്ടത്തവ തൻെറ ആവശ്യത്തെക്കവിയുന്നുണ്ടെന്നും ഇതു് അന്യന്മാക്കം ഒരു അവകാശവാദമായേക്കുമെന്നും കരുതി ഉപേക്ഷിച്ചതു ത്യാഗമോ സ്നേഹമോ രണ്ടും കൂടിയതോ എന്നു വായനക്കാർ നിശ്ചയിക്കട്ടെ. ഇംഗ്ലീഷ് കമ്പനിക്കാരും തിരുവിതാംകൂറുമായി സഖ്യം ഉറപ്പിച്ചതു് അദ്ദേഹത്തിൻെറ ദീഘദശനത്തെ വ്യഞ്ജിപ്പിക്കുന്നില്ലേ?

കേശവദാസൻ മൈസൂരിനോടു യുദ്ധം ചെയ്വാൻ വടക്കൻദിക്കിലേക്കു പോയിരുന്ന കാലത്തു ഡിൻഡിഗൽ എന്ന സ്ഥലത്തു നിന്നു് അയച്ച എഴുത്തു് ഇങ്ങനെയായിരുന്നു. "തിരുമേനി! അടിയൻ അവിടത്തെ പ്രജകളിൽ ഒരുവൻ എന്നേ ഉള്ളു. എന്നെപ്പോലെയോ അതിൽ കൂടുതലായോ പലരും അവിടത്തെ പ്രജകളിൽ ഉണ്ടു്. അവിടത്തെ ശ്രേയസ്സിനു് എന്തെങ്കിലും ഒന്നു ചെയ്കയെന്നത്രെ ഇവൻെറ കടമ. അതിൽ കൂടുതൽ അടിയനു് ഒന്നും സാധിക്കേണ്ടതില്ല." തിരുവിതാംകൂർ ചരിത്രകത്താവായ ശങ്കുണ്ണിമേനവൻ ഇങ്ങനെ എഴുതിയിരിക്കുന്നു. ഇദ്ദേഹത്തിനു് (കേശവദാസനു്) തൻെറ സ്വാമിയുടേയും രാജ്യത്തിൻെറയും നന്മ മാത്രമല്ലാതെ മററു യാതൊരുദ്ദേശവുമില്ലായിരുന്നു. സ്വഭരണത്തിൽ സമപ്പിക്കപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി സ്വജീവിതം വ്യയം ചെയ്തു. ഉദ്യോഗസ്ഥലം ഗൃഹമെന്നും, ജീവിതദശ രാജ്യകായ്യനിവ്വഹണത്തിനുള്ളതെന്നും അദ്ദേഹം നിശ്ചയിച്ചിരുന്നു.

കേശവപിള്ള ഏകദേശം പത്തു സംവത്സരമേ മന്ത്രിപദം വഹിച്ചിരുന്നുള്ളു. ഈ കാലത്തിനിടയ്ക്കു് അദ്ദേഹത്തിൻെറ പരിഷ്കാരങ്ങൾ എന്തെല്ലാമെന്നു നാം ക

ണ്ടുവല്ലോ. പരിതസ്ഥിതികളുടെ പ്രതികൂലനിലയില്ലായിരുന്നു എങ്കിൽ ഇതിലധികം ചെയ്യാൻ സാധിക്കുമായിരുന്നു. അദ്ദേഹത്തിൻെറ ഭരണനയത്തേയും ഫലത്തേയും പററി വിമർശിക്കുമ്പോൾ പല സംഗതികളും സവിശേഷം ശ്രദ്ധിക്കേണ്ടതുണ്ട്. പത്തു കൊല്ലം എന്നു ഭരണദശയെ ഖണ്ഡിക്കുമ്പോൾ അതിൽ ടിപ്പുവിൻെറ ആക്രമണനിരോധനശ്രമം, ടിപ്പുവുമായുള്ള യുദ്ധം, മദ്രാസ് ഗവണ്ണരുടെ ധനതൃഷ്ണയെ ശാന്തിചെയ്യാനുള്ള ക്ലേശം, മലബാറിൽ പോയി അവിടെയുള്ള പ്രഭുക്കന്മാരുടേയും രാജാക്കന്മാരുടേയും ഹിതാനുസരണം, നീതിഭ്രംശം വരാതെ സ്വസ്ഥാനങ്ങളിൽ ഉള്ള പ്രതിഷ്ഠ എന്നിവ ഉൾപ്പെടുന്നതാണ്. സർവ്വോപരി ബാഹ്യപീഡകൾ ഒഴിഞ്ഞു സൈ്വരം സിദ്ധിച്ച കാലത്തു ദുർമ്മദാന്ധന്മാരും ദുർമ്മോഹികളുമായ ഏതാനും 'ഭുജംഗദ്വിജിഹ്വന്മാരുടെ' വിക്രിയകൾ നിമിത്തം രാജാജ്ഞയനുസരിച്ച് ഒരു കൊല്ലം ബദ്ധഹസ്തനായി കഴിയേണ്ടതായും വന്നു. ശേഷിച്ച കാലമാണു തിരുവിതാംകൂറിൻെറ സ്ഥിതിസ്ഥാപനത്തിനു വിനിയോഗിച്ചിട്ടുള്ളതു്.

ഇന്നത്തേപ്പോലെ സ്ഥിരമായ ധനാഗമനമാർഗ്ഗം അന്നില്ലായിരുന്നു. ആയവ്യയങ്ങളെ പരിഗണനം ചെയ്യുന്ന രീതി തന്നെ ഇല്ല. ആവശ്യം നേരിടുമ്പോൾ വേണ്ട പണം പിരിച്ചു വന്നിരുന്നു. അധികാരവിഭജനം ചെയ്തു ഭരണം സുഗമമാക്കിയിരുന്നില്ല. നിസ്സാരകാര്യ്യങ്ങളിലും ദിവാൻജിയുടെ ശ്രദ്ധ പതിയേണ്ടിയിരുന്നു. മുറം, കരിങ്ങാലി മുതലായ സാധനങ്ങൾ അത്രക്കുററി കടത്തിക്കൊണ്ടുപോകണമെങ്കിൽ ദിവാൻജിയുടെ ചീട്ട് ആവശ്യമായിരുന്നു എന്നു് അനുബന്ധത്തിൽ ചേർത്തിരിക്കുന്ന നിനവിൽ

നിന്ന് ഊഹിക്കാം. പ്രധാന ഭരണകത്താവിൻെറ സമയവും ബുദ്ധിയും തുച്ഛങ്ങളായ കമ്മങ്ങൾക്ക വ്യയം ചെയ്യുന്നതു നാടിനു നേരിടാവുന്ന ഒരു വലിയ നഷ്ടമാണു്. സേനാധിപത്യവും മന്ത്രിയിൽ ആകുന്നതു് എത്ര വിഷമമെന്നു നോക്കുക. ഇങ്ങനെ പലവിധ പഴയ വ്യവസ്ഥകളിൽ കുഴയുന്ന ഒരു നാട്ടിൽ നവീനദൃഷ്ട്യാ ഭരണപരിഷ്ക്കാരങ്ങളെ ചച്ച്ചെയ്യുന്നതു വളരെ വിഷമമാണു്. എങ്കിലും കേശവപിള്ള സാധിച്ച പരിഷ്കാരങ്ങൾ പ്രശംസനീയങ്ങൾ എന്നതിനു സംശയമില്ല.

തിരുവിതാംകൂർ ഭരണരീതിയുടെ പരിഷ്കൃതരൂപത്തിന്ന് അസ്ഥിവാരം കെട്ടിയതു കേശവദാസനാണെന്നു നിശ്ചയമായി പറയാം. കേശവപിള്ള ഒരു ജാതരാജ്യതന്ത്രജ്ഞനായിരുന്നു. ആ കാലത്തിനും സ്ഥിതിക്കും അനുയോജ്യമായിരുന്ന പരിഷ്കാരത്തിൽ കേശവപിള്ളയുടെ ശ്രദ്ധ സവിശേഷം പതിഞ്ഞതുകൊണ്ടു് അതു് ഒരു ശാശ്വതനിലയെ അവലംബിച്ചു. അദ്ദേഹത്തിൻെറ പരമോദ്ദേശം രണ്ടു കായ്യങ്ങളുടെ സ്വാധീനമായിരുന്നു. ബലവാനായ ഒരു മിത്രവും, ധനാഗമനത്തിനു തുറന്ന ഒരു വഴിയും, കമ്പനിക്കാരുടെ സഖ്യംകൊണ്ടും ആലപ്പുഴത്തുറമുഖം കൊണ്ടും അദ്ദേഹം സാധിച്ചു. ഇവ രണ്ടും അദ്ദേഹത്തിൻെറ യശസ്തംഭങ്ങളായി ഇന്നും നിലനില്ക്കുന്നുണ്ടു്. ഇന്നും തിരുവിതാംകൂറിലെ ജനാവലി കൃതജ്ഞതയോടെ അദ്ദേഹത്തെ സ്മരിക്കുന്നതിനേക്കാൾ വല്ലതും വിലയേറിയതുമായ ഒരു പ്രതിഫലം ഒരു അമാത്യനു കാംക്ഷിപ്പാനും ലഭിപ്പാനുമുണ്ടോ? അദ്ദേഹം ജനങ്ങളെ സ്നേഹിച്ചു ഭരിച്ചതുകൊണ്ടു അവരുടെ നിഷ്കളങ്കമായ ഭക്തിസ്നേഹത്തിനു അദ്ദേഹം പാത്രമായി. കരംപിരിവു്, സങ്കടം കേൾക്കൽ എന്നിവയ്ക്കു് എഴുതിയ

ചട്ടവരിയോലയുടെ ഏതാനും ഭാഗം ഇതിൻെറ അനുബന്ധത്തിൽ ചേൎത്തിട്ടുണ്ട്. ഉദ്യോഗസ്ഥന്മാർ ജനങ്ങളോടു എങ്ങനെ പെരുമാറണമെന്ന് ഇപ്പോഴുള്ളവൎക്കുകൂടി ഇതു് ഒരു പാഠമായിരിക്കുന്നുണ്ട്. ഭരണകൎത്താക്കന്മാർ ജനഹിതത്തെ അനുവൎത്തിച്ചു ഭരണം നടത്തണമെന്ന് അദ്ദേഹം പൂൎണ്ണമായി വിശ്വസിച്ചിരുന്നതായി തെളിയുന്നുണ്ട്. ഒരു ശതാബ്ദത്തിൽ പരം സംവത്സരങ്ങൾക്കു മുമ്പ് അദ്ദേഹം ധരിച്ചിരുന്ന ഈ 'ഉദ്യോഗാദൎശം' ഇന്നും പലരും ഗ്രഹിക്കാതേയോ ഗണിക്കാതേയോ ഉണ്ടെന്നുള്ളതു ശോചനീയം തന്നെ.

ഇദ്ദേഹത്തിൻെറ ഉദ്യോഗജീവിതത്തിലൊ, ജീവിതത്തിൽ തന്നെയോ ഒരു ക്രൂരകൎമ്മം ചെയ്തതായി ചരിത്രം സാക്ഷ്യം വഹിക്കുന്നില്ല. ഇദ്ദേഹത്തിനു സ്വാമിയോടും സ്വാമിക്കിങ്ങോട്ടുമുള്ള ഭക്തിവിശ്വാസങ്ങളിൽ ഏതാണു ബലീയസി എന്നു നിൎണ്ണയിക്കുന്നതു് അസാദ്ധ്യം.

മഹാന്മാരായ സർ. ടി. മാധവറാവു, ശേഷയ്യാശാസ്ത്രി, വി. പി. മാധവറാവു മുതലായ മന്ത്രിപുംഗവന്മാർ നിൎമ്മിച്ച ഭരണസൗധം കേശവദാസൻ സ്ഥാപിച്ച അസ്ഥിവാരത്തിൽ പ്രതിഷ്ഠിതമെന്നേ പറവാനുള്ളൂ. അടിത്തറ ഉറച്ചുകിട്ടിയാൽ അതിന്മേൽ ഉള്ള ഭിത്തിയും കൂരയും സുഖസാദ്ധ്യവുമാണ്. കേശവദാസൻ ഈ നാട്ടിൽ ജനിച്ചുവളൎന്നവനാണെന്നുള്ള വിശേഷഗുണം കൂടിയുണ്ട്. യശോമാത്രശരീരനായ ഇദ്ദേഹം തിരുവിതാംകൂർ നിവാസികളായ നമ്മുടെ ഹൃദയരംഗത്തിൽ ഒരു "പൊലിയാവിളക്കായി" എന്നും പരിലസിക്കുമാറാകട്ടെ!

ശുഭം.

അനുബന്ധം.

നിനവ് (i)

ഈന്തിക്കരെ നിയോഗത്തിൽ ഉൾപ്പെട്ട കൊച്ചിയിൽ കോട്ടയിൽ കുമുദോരു് അറിയവേണ്ടും അവസ്ഥ.

കൊടുത്തുട്ട കടുദാസ്സ് ഇവിടെ കൊണ്ടുവന്നു വായിച്ചുകണ്ടു് അവസ്ഥയും അറിഞ്ഞു. കൊച്ചിയിൽ കോട്ടയിൽ മയ്യോറ കപ്പിത്താൻെറ അടിമ 'മൈ' എന്നവനും 'റൊസ്ക്കാണ' എന്ന ഒരു പെണ്ണും അവളുടെ മകൻ പഞ്ചി എന്നവനുംകൂടി ഒളിച്ചുപോയി പിറവത്തു മണ്ടവത്തുംവാതുക്കൽ ചേന്ന കടുത്തുരുത്തിപ്രവൃത്തിയിൽ മങ്ങനാട്ടുദേശത്തും, വയ്ക്കത്തു മണ്ടവത്തുംവാതുക്കൽ ചേന്ന വടയാററുപ്രവൃത്തിയിൽ കുഴിക്കാട്ടുനായരുടെ പററിലും നില്ക്കുന്നു എന്നും, അവരെ കൂട്ടി അയക്കുന്നതിന്നു സാധനം കൊടുത്തയയ്ക്കണമെന്നും എല്ലോ എഴുതിവന്നതു്. അതിന്നവണ്ണംതന്നെ, ഒളിച്ചു് അവിടെച്ചെന്നു പാക്കുന്ന ആളു മൂന്നിനേയും വരുത്തി കപ്പിത്താൻെറ ആളിൻവശം ഏല്പിച്ചു കൂട്ടിഅയയ്ക്കത്തക്കവണ്ണം ഏററുമാന്നൂർമുഖത്തു സവ്വാധികാൎയ്യക്കാറക്ക് എഴുതിഅയക്കയും ചെയ്തു അതിന്നവണ്ണം കൂട്ടി അയക്കയും ചെയ്യും.

ഇപ്പടിക്കു............

നിനവ് (ii)

ഇവിടത്തെ ചെയ്തി ആവിതു. കൊട്ടത്തുട്ട കട്ടദാസുകിട്ടി. പീത്തരെന്ന വെള്ളക്കാരനും, ലാസാരെന്ന വെള്ളക്കാരനും ചെയ്തിട്ടുള്ള പിഴയ്ക്കു, "കോട്ടമാഷ്" (കോർട്ടമാർഷ്യൽ എന്ന പേരിനു പകരമായിരിക്കണം) വിധിച്ച എഴുതിയ കട്ടദാസു കൊട്ടത്തയച്ചതു് ഇവിടെ കൊണ്ടുവന്നു വായിച്ചുകണ്ടു് അവസ്ഥയുമറിഞ്ഞു. ആ അവസ്ഥകൾ ഒക്കെയും തിരുമനസ്സറിയച്ചതിൻെറശേഷം പീത്തരെന്ന വെള്ളക്കാരനും ലാസ്സാറെന്ന വെള്ളക്കാരനും ചെയ്തിട്ടുള്ള പിഴയ്ക്കു കോട്ടമാഷ് വിധിച്ച് എഴുതിയതിന്മണ്ണമുള്ള ശിക്ഷ കഴിപ്പിച്ചുകൊള്ളണമെന്നും കല്പിച്ചു. എന്നതു കൊണ്ടു് അതിന്മണ്ണം ശിക്ഷകല്പിച്ചുകൊള്ളുകയും വേണം. ഇച്ചെയ്തി എല്ലാം പിള്ളമാർ വായിച്ച് രണ്ടാംബ്രക്കെട്ടിൽ (ബ്രിഗേഡ് എന്നതിനു പകരമായിരിക്കാം) മിഗൊത്ത (മിസ്റ്റർ എ: പ:) കൊണ്ണലിനെ കേൾപ്പിച്ചുവെക്കയും വേണം. ഇച്ചെയ്തിക്കു സാധനം എഴുതിയ ദിവാൻ ചെമ്പകരാമൻ കേശവൻ (ഒപ്പ്)

നിനവ് (iii)

പൊസ്സമെത്തർ റെടി അവർകൾക്കു ദിവാൻ കേശവപിള്ള സലാം. കൊട്ടത്തുട്ട കട്ടദാസു നാം കയ്പറ്റി വായിച്ചു കാൺകകൊണ്ടു നമുക്കു വളരെ സന്തോഷമുണ്ടാകയും ചെയ്തു. നമ്മോട്ടു് അപേക്ഷിച്ചതിന്മണ്ണം മുളകുകച്ചോടം ചെയ്യാൻ നമ്മുടെ പ്രിധയത്തു (രാജ്യത്തു) മുളകില്ലായ്ക

34

കൊണ്ടു നമുക്കു മനസ്സിന്നു ദുഃഖംതോന്നുകയും ചെയ്തു. താൻ നമ്മുടെ സ്നേഹിതൻ ആകകൊണ്ട് എല്ലാഴയ്പ്പൊഴും മമത ഉണ്ടായിരിക്കണം. മുളകുകാൎയ്യത്തിനായി ബദ്ധപ്പെട്ടു വരണമെന്നില്ലാ. എല്ലായ്പ്പോഴും തന്റെ ശരീരസൌസ്ഥത അറിവാൻ നാം ആഗ്രഹിക്കുന്നു.

നിനവ് (iv)

ഇന്ത്യക്കരെ നിയോഗത്തുങ്കൽ ഉൾപ്പെട്ട കൊച്ചിയിൽ കോട്ടയിൽ കുമുദവരു അറിയവേണ്ടും അവസ്ഥ. കൊടുത്തുട്ട കടുദാസ് ഇവിടെ കൊണ്ടുവന്നു നാം കൈപ്പററി വായിച്ചുകണ്ടു അവസ്ഥയുമറിഞ്ഞു. മുട്ടത്തുനിന്നും ഏതാനും മുറം വിലയ്ക്കുവാങ്ങിച്ചു കൊച്ചിക്കു കൊണ്ടുപോകുന്നതിന്നു കാവലുകളിൽ തടയാതെ അയയ്ക്കുന്നതിന്നു ചീട്ടുകൊടുത്തയയ്ക്കണമെന്നും എല്ലോ കടുദാസ് എഴുതിവന്നതു്. അതിന്മണ്ണംതന്നെ മുറം തടയാതെ അയയ്ക്കുന്നതിന്നു ചീട്ടുക്കൂടി കൊടുത്തയയ്ക്കുന്നു. കുമുദവരുടെ ശരീരസൌസ്ഥതയുമുള്ള അവസ്ഥക്കും, നമ്മാൽ വേണ്ടും കാൎയ്യത്തിന്നും എഴുതി അയക്കയും വേണം. ഇപ്പടിക്കു നിനവെഴുതിയ ദിവാൻ കേശവപിള്ള (ഒപ്പ്)

969 ഇടവം 8-ാംനു-

നിനവ് (v)

മെസ്ഥർ പൊസ്സ്റ്റർ അറിയേണ്ടും അവസ്ഥ.

കൊടുത്തയച്ച കടുദാസു കൊണ്ടുവന്നു വായിച്ചു കണ്ട് അവസ്ഥയും അറിഞ്ഞു. തന്റെ വകയ്ക്കു ഏതാനും